# കാനഡയിൽ നിന്നൊരു രാജകുമാരി

തിരക്കഥ

കഥ, തിരക്കഥ

ഇ. ഹരികുമാർ

Canadayilninnoru Rajakumari
**കാനഡയിൽ നിന്നൊരു രാജകുമാരി**
Unauthorised use of this script or part thereof is prohibited
Copyright © 2013 reserved

# കാനഡയിൽ നിന്നൊരു രാജകുമാരി

### കഥ, തിരക്കഥ

## ഇ. ഹരികുമാർ

കഥാപാത്രങ്ങൾ

വിജയൻ - 35 (ഒരു പ്രൈവറ്റ് കമ്പനി എക്സിക്യൂട്ടീവ്)
വിമല - 28 (ഭാര്യ)
അജിത്ത് - 8 (മകൻ)
മാധവി - 30 (വിമലയുടെ സ്നേഹിത)
നീലിമ - 16 (കാനഡയിൽനിന്നു വന്ന കുട്ടി)
നീലിമയുടെ അമ്മമ്മ - 58
ബർത്ത്ഡേ ആഘോഷിക്കാൻ വരുന്ന കുട്ടികൾ 4 - 12 വയസ്സ്
ബോണി - 22 (ലീഡ് ഗിത്താറിസ്റ്റ്)
സൈമൺ - 22 (ഡ്രമ്മർ)
മറ്റു രണ്ടു ആർട്ടിസ്റ്റുകൾ
മാത്യ, രവി, സോമൻ, നാണപ്പൻ (വിജയന്റെ ക്ലബ്ബിലെ ചീട്ടുകളി അംഗങ്ങൾ)
മണി - 18 (ക്ലബ്ബിലെ പ്യൂൺ)
ചന്ദ്രൻ - 50 (പെട്ടിക്കട നടത്തുന്നവൻ)
അയാളുടെ അസിസ്റ്റന്റ്
മോളി - 24 (വിജയന്റെ സ്റ്റെനോ)
ബീച്ചിൽ കളിക്കുന്ന കുട്ടി - 6 വയസ്സ്
പോസ്റ്റ്മാൻ
റസ്റ്റോറണ്ടിലെ വെയ്റ്റർമാർ
മൃദംഗക്കാരൻ, വയലിൻകാരൻ
ഗിത്താർ കടക്കാരൻ
ഒരു ഡ്രഗ്ഗ് പെഡ്ലർ
ഡ്രൈവർ
റിസപ്ഷനിസ്റ്റ്
ഡെന്നി - 55 (വിജയന്റെ കമ്പനിയുടമ)
തോമസ് - 50 (ഗവണ്മന്റ് ഉദ്യോഗസ്ഥൻ)
നീലിമയുടെ ചെറിയച്ഛൻ - 48

# കാനഡയിൽ നിന്നൊരു രാജകുമാരി
## തിരക്കഥ

Title Shot:

കാമറ ലോങ്ഷോട്ടായി കാണിക്കുന്നത് ഒരു ഇടത്തരം വീടാണ്. മുമ്പിൽ മുറ്റം. മുറ്റത്തിന്നരുകിലായി വളരെ ലളിതമായ ഒരു പൂന്തോട്ടം. തോട്ടം അത്ര ശ്രദ്ധാപൂർവ്വമല്ല നോക്കുന്നതെന്ന് ചെടികൾക്കിടയിൽ മുളച്ച കളകളും ഇടതൂർന്നു വളർന്ന പുല്ലുകളും കാണിക്കുന്നു. കാമറ പാൻ ചെയ്യുന്നത് പറമ്പിന്നതിരിൽ അരമതിലിന്നപ്പുറത്തും ഇപ്പുറത്തുമായി നിന്ന് സംസാരിക്കുന്ന രണ്ടു സ്ത്രീകളിലേക്കാണ്. ഏകദേശം മുപ്പതു വയസ്സു പ്രായം രണ്ടുപേർക്കും. കാമറ സാവധാനത്തിൽ അടുക്കുമ്പോൾ രണ്ടു സ്ത്രീകളുടേയും മുഖഭാവം വ്യക്തമാവുന്നു. ഇപ്പുറത്തു നിൽക്കുന്ന സ്ത്രീ സാരിയാണുടുത്തിരിക്കുന്നത്. അപ്പുറത്തുള്ള സ്ത്രീ ഒരു ഗൌണും. അവരുടെ അരയ്ക്കു മുകളിലെ കാണു. വളരെ രസകരമായ ഒരു അപവാദമാണ് വിഷയമെന്നു വ്യക്തം. സംസാരം അധികവും ഗൌണിട്ട സ്ത്രീയാണ് ഇപ്പുറത്തുനിൽക്കുന്ന വിമല ശ്രോതാവാണ്. ഇടയ്ക്ക് ചെറുചോദ്യങ്ങൾ മാത്രം തൊടുത്തുവിടുന്നു.

വിലങ്ങനെ വരുന്ന മഞ്ഞ രശ്മികൾ അവരുടെ മുഖം തുടുപ്പിക്കുന്നു. സാവധാനത്തിൽ (ടൈറ്റിലുകൾ കഴിയുമ്പോഴേക്കും) വെളിച്ചം മങ്ങിവന്ന്, അസ്തമയമാവുന്നു. കൊതുകിന്റെ ശല്യം. അതിനിടയിലും സംസാരം രസകരമായി നടക്കുന്നു.

സീൻ -1:

ഗെയ്റ്റു കടന്ന് ഒരു മുപ്പത്തഞ്ചുകാരൻ വരുന്നു. പാന്റും ഷർട്ടും വേഷം. കനത്ത മീശ. ക്ഷീണിച്ച മുഖം. കയ്യിൽ ബ്രീഫ് കേയ്സ്. ഗെയ്റ്റ് കടന്നുള്ള നടപ്പാതയിലൂടെ അയാൾ നടക്കുന്നു. മുറ്റം മുറിച്ചു കടക്കുമ്പോൾ മതിലിന്നരികിൽ അയൽക്കാരിയുമായി സംസാരിച്ചു നിൽക്കുന്ന ഭാര്യയെ നോക്കുന്നു. മുഖത്ത് സ്പഷ്ടമായ ഭാവങ്ങളൊന്നുമില്ല. വിരസതയോട് ചേർന്ന ഒരു തരം അവഗണന. ഉമ്മറത്തേക്ക് കയറുന്നു.

വിമല ഭർത്താവ് വരുന്നതു കാണുന്നു. അവരുടെ മുഖത്തും ഭാവഭേദമൊന്നുമില്ല.

വിമല: ചേട്ടൻ വന്നു. ഞാൻ ചായയുണ്ടാക്കി കൊടുത്തിട്ട് വരാം.

സീൻ-2

വീട്ടിനകം - തീരെ ആഡംബരമില്ലാത്ത സജ്ജീകരണങ്ങൾ. ഒരു എളിയ സോഫാസെറ്റ്. സെന്റർ ടേബ്ൾ. ഒരു അരുകിൽ വലിപ്പമുള്ള സാധാരണ മേശ, മുമ്പിൽ കസേര. മേശമേൽ ടേബ്ൾ ലാമ്പ്, കുറച്ച് പുസ്തകങ്ങൾ, ഒരു ചെറിയ ടേപ്പ് റെക്കോർഡർ. ചുവരിൽ ഒരു കലണ്ടർ. നാൽപതു വാട്ടിന്റെ വെളിച്ചത്തിൽ വിജയൻ സോഫയിലിരുന്ന് പതുക്കെ ഷൂസ് ഊരുന്നു. വിമല വാതിൽ കടന്നുവന്ന് സോഫയിൽ വിജയന്റെ അടുത്തിരിക്കുന്നു. ബ്രീഫ്കേസ് തുറന്ന് പരിശോധിക്കുന്നു. ഒഴിഞ്ഞ ലഞ്ച്ബോക്സെടുത്ത് പുറത്തു വെക്കുന്നു.

വിമല: ഞാൻ എന്നും വിചാരിക്കും ബ്രീഫ്കേസ് തുറന്നാൽ എനിക്കു വേണ്ടി വാങ്ങിയ എന്തെങ്കിലും കാണുമെന്ന്. ഒരു സാരിയോ, എന്തെങ്കിലും.......

ഈ തമാശ വിജയനെ ഉന്മേഷവാനാക്കുന്നില്ല.

വിജയൻ: നീ തമാശ പറയാതെ ചായയുണ്ടാക്കിവരുമോ?

വിമല എഴുന്നേറ്റു കൊണ്ടിരിക്കുമ്പോൾ ചോദിക്കുന്നു.

വിമല: ഇന്നെന്താ ഇത്ര നേർത്തെ? ക്ലബ്ബിൽ പോയില്ലെ?

വിജയൻ: (ഷൂസുമെടുത്ത് എഴുന്നേറ്റുകൊണ്ട്) എന്താ ഇന്നത്തെ പരദൂഷണം കഴിഞ്ഞില്ലെ?

വിജയൻ ഷൂസും കൊണ്ട് അകത്തെ മുറിയിലേക്ക് പോകുന്നു. അതിനു തൊട്ടാണ് അടുക്കള. വിമല ചായയ്ക്കുള്ള വെള്ളം വെക്കുന്നു. ഒപ്പം സംസാരവും.

വിമല: നിങ്ങൾക്കറിയാഞ്ഞിട്ടാ. നമുക്കു ചുറ്റും എന്തൊക്കെ അത്ഭുതങ്ങളാണ് നടക്കുന്നതെന്നറിയ്യോ?

വിജയൻ വാഷ്ബേസിനിൽ മുഖം കഴുകി, തോർത്തെടുത്ത് മുഖം തുടയ്ക്കുന്നു. തോർത്ത് കസേരയുടെ പിന്നിൽ നിവർത്തിയിട്ടു കൊണ്ട് പറയുന്നു.

വിജയൻ: അത്ഭുതങ്ങളുടെ കാലം കഴിഞ്ഞുവെന്നാണ് ഞാൻ കരുതിയത്.

അയാൾ സോഫയിൽ പോയിരിക്കുന്നു. വിമല ചായ കൂട്ടി കൊണ്ടുവരുന്നു. ഒപ്പം സംസാരവും.

വിമല: നമ്മുടെ മാധവീടെ അപ്പുറത്ത് പുതുതായി താമസിക്കാൻ വന്നവരില്ലെ, ആ കപ്പിള്. ആ പെണ്ണ് ഭയങ്കരിയാത്രെ.

വിമല ഒരു പ്ലേയ്റ്റിൽ മിക്സ്ചർ എടുക്കാൻ പോയ തക്കത്തിൽ വിജയൻ മേശവലിപ്പിൽ നിന്ന് അല്പം

പഞ്ഞിയെടുത്ത് രണ്ടു ചെവിയിലും നിറയ്ക്കുന്നു. വിമല ചതി അറിയുന്നില്ല. പ്ലേയ്റ്റ് വിജയനു മുമ്പിൽ ടീപോയിൽ വെച്ച് വിമല തുടരുന്നു.

വിമല: രാവിലെ ഭർത്താവ് ഓഫീസിൽ പോയാൽ അവൾ എന്താണ് ചെയ്യാന്നറിയ്യോ? കർട്ടനൊക്കെ ഇട്ടുവെക്കും. ഒരു പതിനൊന്നുമണിയായാൽ എന്നും അവിടെ ഒരാള് വരാറ്ണ്ടത്രെ. പന്ത്രണ്ടുമണിവരെ അവിടെയുണ്ടാവും. ആ സമയത്ത് അവളെ പുറത്ത് കാണ്വേല്ല്യാന്ന്.

വിജയൻ അക്ഷ്യോഭ്യനായി ചായ കുടിക്കുന്നു. മിക്സ്ചർ വാരിത്തിന്നുന്നു.

വിമല: എന്നിട്ട് ഒരു ദിവസം എന്തുണ്ടായീന്ന് കേൾക്കണോ?

വിജയനിൽ നിന്ന് പ്രതികരണമൊന്നുമില്ല.

വിമല: നിങ്ങള് കേൾക്ക്ണ്ണ്ടോ ഞാൻ പറേണത്?

പ്രതികരണമില്ല. പെട്ടെന്ന് വിമല എഴുന്നേറ്റ് വിജയന്റെ ചെവിയിൽ തിരുകിയ പഞ്ഞി പുറത്തെടുക്കുന്നു.

വിമല: (പഞ്ഞിയും ഉയർത്തിപ്പിടിച്ച്) കണ്ടില്ലെ കാണിക്കണ പണി. ഇനി ഞാൻ നിങ്ങൾക്ക് ഒരു സാധനം പറഞ്ഞുതന്നെങ്കിലല്ലെ!

വിമലയുടെ ശുണ്ഠി വിജയന്റെ മുഖഭാവത്തിന് അയവുവരുത്തുന്നു. ചിരി.

വിമല: നോക്കൂ, ഞാനിപ്പോ വരാം. മാധവി കാത്തിരിക്കുന്നുണ്ടാവും. മുഴുവൻ പറഞ്ഞു കഴിഞ്ഞിട്ടില്ല.

വിജയൻ ശുണ്ഠി കാണിക്കുന്നു.

വിജയൻ: ഈ ഇരുട്ടത്ത് എന്തിനാണ് പോകുന്നത്? അവിടെ വല്ല ഇഴജന്തുക്കളുമുണ്ടാവും.

വിമല: ഇല്ല ഞാൻ അവിടെയൊക്കെ കൈക്കോട്ടുകൊണ്ട് വൃത്തിയാക്കിയിട്ടുണ്ട്. ഒരഞ്ചു മിനിറ്റു മതി. അതെന്തായിന്നറിയാതെ എനിക്കൊറക്കം വരില്ല.

വിമല പോകുന്നു.

വിജയൻ ചായഗ്ലാസ്  ടീപോയ്മേൽ വെക്കുന്നു. ചുറ്റും നോക്കുന്നു. മങ്ങിയ വെളിച്ചം, വിരസമായ വീട്ടുസാമാനങ്ങൾ. അയാൾ സോഫയിലിരുന്ന് കൈയുയർത്തി കോട്ടുവായിടുന്നു. പെട്ടെന്നാണ് മേശമേൽ ഒരു സാധനം കാണുന്നത്. മോന്റെ വീഡിയോ ഗെയിം. (ചെറിയ, കയ്യിൽ കൊണ്ടുനടക്കാവുന്ന തരത്തിലുള്ളതാണ്) വിജയൻ അതെടുത്ത് തിരുപ്പിടിക്കുന്നു.

(ഇവിടെ വീഡിയോ ഗെയിമിന്റെ സ്ക്രീൻ വലുതായി കാട്ടണം.)

തള്ളഗൊറില്ല പുഴക്കക്കരെ (സ്ക്രീനിന്റെ ഇടതുഭാഗത്ത് മുകൾവശത്ത്) ഒരു വലിയ അഴിക്കൂട്ടിൽ തടങ്കലിലാണ്. കൂട്ടിനു പുറത്ത് ഒരാൾ കാവലിരിക്കുന്നു. പുഴയിലാകട്ടെ നിറയെ ചീങ്കണ്ണികളും, ആകാശത്ത് പറന്നു കൊത്തുന്ന കഴുകന്മാരും. ഇവയ്ക്കിടയിലാണ് കുട്ടിഗെറില്ലയ്ക്ക് അമ്മയെ രക്ഷിക്കാൻ പോകേണ്ടത്. പുഴയിലൂടെയാണ് ആദ്യം പോകേണ്ടത്. ചീങ്കണ്ണി പിടിക്കാൻ വരുമ്പോൾ ഒരു ചുവന്ന ബട്ടനമർത്തി ഗൊറില്ലക്കുട്ടിയെ ചാടിയ്ക്കണം.

പിന്നെ കുറച്ചുദൂരം മരക്കൊമ്പുകളിലൂടെയാണ് യാത്ര. അപ്പോഴേയ്ക്ക് കഴുകന്മാർ വരുന്നു. ഉടനെ അവനെ നിലത്തിറക്കണം. ഇങ്ങിനെ ചെയ്യാൻ പറ്റിയില്ലെങ്കിൽ അവനെ ഒന്നുകിൽ ചീങ്കണ്ണിയോ അല്ലെങ്കിൽ കഴുകനോ പിടിക്കും. അപ്പോൾ അവന്റെ കരച്ചിൽ കേൾക്കാം. വീണ്ടും കളി ആദ്യം തൊട്ടു തുടങ്ങണം. സാമർത്ഥ്യമുണ്ടെങ്കിൽ അവനെ ചാടിക്കുകയും ഇറക്കുകയും ചെയ്തു കൊണ്ട് പുഴയുടെ അവസാനം വരെ എത്തിക്കാം. അതിനുശേഷം മരക്കൊമ്പുകളിൽ കൂടി മാത്രമുള്ള യാത്രയാണ് അവിടെ കഴുകന്മാർ മാത്രമേയുള്ളു. അവസാനത്തിൽ ഒരു മരത്തിനു മുകളിൽ തൂക്കിയിട്ട താക്കോൽ ചാടിപ്പിടിച്ച് അതുകൊണ്ട് അഴിക്കൂട്ടിന്റെ വാതിൽ തുറക്കണം. തുറന്നാൽ അമ്മയുടെ ചിരി കേൾക്കാം. ചാട്ടം പിഴച്ചാൽ അവൻ മൂക്കുകുത്തി വീണതുതന്നെ.

വിജയൻ കളിക്കുമ്പോൾ നാലു സ്റ്റെപ്പു കഴിയുമ്പോഴേയ്ക്കും ഗൊറില്ലക്കുട്ടിയെ ഒരു ചീങ്കണ്ണിയോ കഴുകനോ പിടിക്കുന്നു. ഗൊറില്ലക്കുട്ടിയുടെ ചീ ചീ എന്ന കരച്ചിലും. സ്കോർ കിട്ടുന്നില്ല.ക്രമേണ വീഡിയോ ഗെയിം കൊണ്ടുള്ള കളി ഒരു ജീവൻ മരണ സമരമായി മാറുന്നു. അയാളുടെ മുഖത്തെ പേശികൾ ടെൻഷൻ കാരണം വലിയുന്നു.

ആ സമയത്ത് മകൻ അജിത്, എട്ടുവയസ്സ്, പുറത്തെ വാതിൽ കടന്ന് വരുന്നു. അവൻ സ്ക്കൂൾ യൂനിഫോമിൽ തന്നെയാണ്. ബ്രൌൺ ട്രൌസറും വെള്ളഷർട്ടുമാവാം. ടൈ ഇല്ല. ഷർട്ടിൽ നിറയെ മണ്ണായിരിക്കുന്നു. (ചളിയായിരിക്കുന്നു) കയ്യിൽ പിടിച്ചിരുന്ന ക്രിക്കറ്റ് ബാറ്റ് ഒരു സോഫയിൽ വലിച്ചെറിഞ്ഞ് അവൻ അച്ഛന്റെ പിന്നിൽ നിൽക്കുന്നു, ഉടനെത്തന്നെ കമന്ററിയും തുടങ്ങുന്നു.

മകൻ: ചാടിക്കു അച്ഛാ,.......... അതാ കഴുകന്മാര് വരുന്നു. നിലത്തിറക്കു അല്ലെങ്കില് കഴുകന്മാര് പിടിക്കും...... ആ ബട്ടനല്ല, മറ്റേത്. ജംബ്, ജംബ്.

അവന്റെ നിർദ്ദേശങ്ങളൊന്നും ഗൊറില്ലക്കുട്ടിയെ രക്ഷിക്കുന്നതായി കാണുന്നില്ല. അവനെ ചീങ്കണ്ണിയും കഴുകനും പിടിക്കുമ്പോഴത്തെ കരച്ചിൽ ഇടക്കിടെ കേൾക്കാം. അജിതിന് സഹിക്കുന്നില്ല. അവൻ വീഡിയോ ഗെയിം അച്ഛന്റെ കയ്യിൽ നിന്നും തട്ടിപ്പറിച്ചു വാങ്ങാൻ ശ്രമിക്കുന്നു. അയാൾ കൊടുക്കുന്നില്ല. പക്ഷെ ക്രമേണ അയാൾ കീഴടങ്ങുന്നു. വീഡിയോ ഗെയിം മകന്റെ കയ്യിലെത്തുന്നു. അവൻ പെട്ടെന്ന് ബട്ടണുകൾ അമർത്തുന്നു. ഗൊറില്ലക്കുട്ടിയെ രക്ഷിക്കുന്നു. ഇനിതൊട്ട് ഗൊറില്ലക്കുട്ടി നടക്കുമ്പോഴുണ്ടാകുന്ന ബീപ് ബീപ് ശബ്ദം മാത്രം. കുറച്ചുകഴിഞ്ഞാൽ തള്ളഗൊറില്ലയുടെ ചിരിയും. സ്കോർ കുതിച്ചുകയറുന്നു.

(ഇപ്പോൾ വീഡിയോ ഗെയ്മിന്റെ  സ്ക്രീൻ ഒരിക്കൽകൂടി വലുതാക്കി കാണിക്കണം.)

അജിത് ഗെയിം കളിച്ചുകൊണ്ട് അവന്റെ മുറിയിലേക്ക് പോകുന്നു. അതും തളത്തിന് തൊട്ടുള്ള മുറിയാണ്.

അവിടെ നിന്ന് നോക്കിയാൽ അവന്റെ കട്ടിലും പഠിക്കുന്ന മേശയും കാണാം.

കാമറ വിജയനിലേക്ക് തിരിയുന്നു.

മുഖത്ത് വിരസത. അയാൾ ജനലിലൂടെ പുറത്തേക്കു നോക്കുന്നു. മങ്ങിയ വെളിച്ചത്തിൽ സംസാരത്തിൽ മുഴുകിയ രണ്ടു സ്ത്രീകളുടെ ലോങ്ങ്ഷോട്ട്. വിജയൻ എഴുന്നേറ്റ് മേശവലിപ്പിൽനിന്ന് ഒരു കാസറ്റ് തപ്പിയെടുത്ത് ടേപ്പ്റിക്കാർഡിൽ ഇടുന്നു. റഫിയുടെ "സുഹാനി രാത്ത്" എന്ന പാട്ട് ഒഴുകി വരുന്നു.

അയാൾ തിരിച്ച് സോഫയിൽ ഇരുന്ന് കണ്ണടയ്ക്കുന്നു. fade out.

സീൻ – 3:

രാവിലെ, സീൻ ഒന്നിലെ മുറി തന്നെയാണ്. വിജയൻ ഓഫീസിൽ പോകാനുള്ള തിരക്കിലാണ്. കാമറ വിജയന്റെ ചലനങ്ങൾ ഒപ്പിയെടുക്കുന്നു. വിജയൻ തിരക്കിൽ മോന്റെ മുറിയുടെ വാതിലിലൂടെ നോക്കുന്നു. കാമറ തിരിയുമ്പോൾ കാണുന്നത് മോൻ സ്ക്കൂൾ യൂനിഫോമിട്ട് അവന്റെ മുറിയിൽ മേശയ്ക്കു മുമ്പിലിരുന്ന് ധൃതിയിൽ ഹോംവർക്ക് ചെയ്യുന്നതാണ്.

വിജയൻ: വൈകുന്നേരം മുഴുവൻ കളിച്ചു നടക്കും. എന്നിട്ട് ഹോംവർക്ക് ചെയ്യാൻ കണ്ട നേരം!

സീൻ – 4:

ഭക്ഷണമേശക്കു മേൽ വിമല പ്രാതൽ കൊണ്ടുവന്നു വെക്കുന്നു. ഇഡ്ഡലി, ചട്ട്ണി, കാപ്പി തുടങ്ങിയവ. വിജയൻ വന്ന് കസേരയിലിരിക്കുന്നു. പ്ലേയ്റ്റ് നീക്കി വെച്ച് രണ്ടിഡ്ഡലിയും ചട്ട്ണിയും വിളമ്പിക്കഴിക്കാൻ തുടങ്ങുന്നു. കുറച്ചു ധൃതിയിലാണ്.

വിമല: (നിന്നു കൊണ്ടുതന്നെ) മോന്റെ പ്രോഗ്രസ് കാർഡ് കിട്ടിയിട്ടുണ്ട്.

വിജയൻ: ഞാൻ കണ്ടു.

വിമല: അതൊന്ന് ഒപ്പിട്ട് പൊയ്ക്കോളു.

വിജയൻ: (ആക്ഷേപസ്വരത്തിൽ) എന്താണ് തന്റെ അഭിപ്രായം?

വിമല: പ്രോഗ്രസ് കാർഡിനെപ്പറ്റിയോ?

വിജയൻ: അതെ.

വിമല അടുക്കളയിൽ പോയി തോർത്തെടുത്ത് കൈ തുടച്ച് വിജയന്നെതിരെ വന്നിരിക്കുന്നു.

വിമല: (ചിരിയോടെ) ആദ്യമായി നല്ല വശം പറയാം. ഇംഗ്ലീഷിൽ തൊണ്ണൂറ്റിരണ്ടു ശതമാനമുണ്ട്. സയൻസിൽ എൺപത്തിയെട്ട്. ഹിന്ദിയിൽ എഴുപത്. കണക്കിലാണ് കുറച്ച് മോശം. സംസ്കൃതത്തിലും.

വിജയൻ: (അക്ഷമനായി) എത്രയാണെന്നു പറയൂ.

വിമല: കണക്കിൽ അയ്മ്പത്തിരണ്ടും സംസ്കൃതത്തിൽ അറുപതും.

വിജയൻ: ഞാൻ ആദ്യമേ പറയാറുണ്ട് അവന് കണക്കിൽ ട്യൂഷൻ കൊടുക്കുകയാണ് നല്ലതെന്ന്.

വിമല: (കുറച്ചുകൂടി കാപ്പി ഒഴിച്ചു കൊടുക്കുന്നതിനിടയിൽ) അതിന് പറ്റിയ ഒരു ടീച്ചറെ കിട്ടണ്ടെ? സുനിക്ക് ട്യൂഷൻ കൊടുക്കന്ന ടീച്ചറെ അവന് ബോദ്ധ്യമായില്ല. ഭംഗി പോരാത്രെ. (കള്ളച്ചിരിയോടെ) അച്ഛന്റെ മോൻ തന്നെ.

വിജയൻ: (എഴുന്നേറ്റ് വാഷ് ബേസിനിൽ കൈ കഴുകുമ്പോൾ) അവൻ പറയണത് ശര്യാണ്. ഒന്നുരണ്ടു മണിക്കൂർ ഒരാളുടെ ഒപ്പം ഇരിക്കണമെങ്കിൽ അവർക്ക് കുറച്ച് സൌന്ദര്യവും ഉണ്ടായാൽ ഒട്ടും മുഷിയില്ല.

വിജയൻ സിറ്റിംഗ് റൂമിലേക്ക് വരുന്നു. മേശപ്പുറത്തു നിന്ന് ബ്രീഫ് കേസെടുത്ത് സോഫയിൽ വന്നിരിക്കുന്നു. ഷൂസിടുന്നു.

വിമല: (മുഖത്ത് കുസൃതി) ങ്ങാ ഒരു കാര്യം പറയാൻ വിട്ടുപോയി. ഒരു ട്യൂഷൻ ടീച്ചറെ കിട്ടിയിട്ടുണ്ട്.

വിജയൻ: അതെയോ?

വിമല: ങ്ങാ. ഇന്നു മുതൽ വരും. വൈകുന്നേരം അഞ്ചു മുതൽ ആറു വരെ ട്യൂഷനെടുക്കാംന്ന് സമ്മതിച്ചിട്ടുണ്ട്.

വിജയൻ: അത്യോ? (പിന്നെ സംശയിച്ചുകൊണ്ട് ചോദിക്കുന്നു) കാണാൻ ഭംഗീള്ള സ്ത്രീയാണോ?

വിമല: (കുസൃതിയോടെ) ഈ ഭംഗീന്നൊക്കെ പറയണതുണ്ടല്ലൊ അതു കാണുന്ന ആളുടെ ദൃഷ്ടിയിലാണ്. ആത്മീയസൌന്ദര്യമാണ് പ്രധാനം.

വിജയൻ ആലോചിക്കുന്നു. മനസ്സിൽ വരുന്ന ചിത്രം ഒരുഗ്രാഫിക്കായി കൊടുക്കണം. കവിളൊട്ടി കണ്ണുകൾ കുണ്ടിൽ ചാടി കോന്ത്രമ്പല്ലുള്ള ഒരു രൂപം. ആ സ്ത്രീയിൽ നിന്ന് ആത്മീയസൌന്ദര്യം വഴിഞ്ഞൊഴുകുന്നു.

അയാൾ ബ്രീഫ്കേസെടുത്ത് പോകാൻ നിൽക്കുമ്പോൾ അപ്പോഴും ഹോംവർക്കുമായി മല്ലിടുന്ന മകനെ നോക്കി പറയുന്നു.

വിജയൻ: പാവം.(പിന്നെ തിരിഞ്ഞ് വിമലയോട്) അവൻ ഈ ട്യൂഷൻ ടീച്ചറുടെ മുമ്പിൽ ഇരിയ്ക്കുമോന്ന് കണ്ടറിയണം.

അയാൾ പോകുന്നു. വിമല വാതിൽക്കൽ ചിരിച്ചുകൊണ്ട് നിൽക്കുന്നു.

ഹോംവർക്ക് ചെയ്തിരുന്ന അജിത് തലയുയർത്തി നോക്കി വിളിച്ചു ചോദിക്കുന്നു.

അജിത്ത്: എന്താ അമ്മേ?

വിമല: (ചിരിച്ചുകൊണ്ടുതന്നെ) ഒന്നുംല്ല്യ മോനെ.

fade out

സീൻ– 5 ഉപയോഗശൂന്യമായ ഒരു ഫൌണ്ടനാണ് കാണുന്നത്. ഒരു കാലത്ത് അത് നല്ലൊരു ജലധാരയായിരിക്കണം. അതിനുചുറ്റുമുള്ള താമരക്കുളവും ഇന്ന് വറ്റി വരണ്ടിരിക്കുകയാണ്. പുല്ലുകൊണ്ട് നിറഞ്ഞിട്ടുണ്ട്. കുളത്തിനു ചുറ്റുമുള്ള അരമതിലും പൊട്ടിപ്പൊളിഞ്ഞു തുടങ്ങിയിരിക്കുന്നു. പിന്നിൽ കാണുന്നത് ഒരു പഴയ

മാളികയാണ്. എട്ടുകെട്ടു മാതിരിയുള്ളതല്ല. മറിച്ച് ബ്രിട്ടീഷുകാരുടെ ഔദ്യോഗികവസതി പോലുള്ള ഒരു പടുകൂറ്റൻ വീട്. അതും മോശം നിലയിലാണ്. പുറത്ത് വെള്ള വലിച്ചിട്ടൊന്നുമില്ല. വാതിലുകളും ജനലുകളും പെയിന്റ് അടർന്നിരിക്കയാണ്. ഒരു കാലത്ത് നല്ല പ്രൌഡിയിൽ കഴിഞ്ഞിരുന്ന കുടുംബ മായിരുന്നു അതെന്ന് വിളിച്ചു പറയുന്നുണ്ട്. ഇന്ന് അത് ശാന്തമാണ്.

സീൻ – 6:

ആ വീടിന്റെ ഉൾഭാഗം. വിശാലമായ ഒരു സ്വീകരണമുറിയാണ് കാണുന്നത്. കാമറ ഫോക്കസ് ചെയ്യുന്നത് ഉയരമുള്ള തട്ടിൽ തൂങ്ങുന്ന ഒരു ഷാന്റിലിയർ ആണ്. പൊടിപിടിച്ച് മാറാലയുമായി കിടക്കുന്ന ആ വിളക്ക് ഉപയോഗിക്കാറില്ലെന്ന് വ്യക്തം. കാമറ പാൻ ചെയ്യുമ്പോൾ മുറിയുടെ ഓരോഭാഗങ്ങൾ കാണുന്നു. മങ്ങിയ ചുമരുകളിൽ മൂന്ന് വലിയ ഛായാപടങ്ങൾ. ഒരു സ്ത്രീയുടെയും രാജകീയവേഷത്തിൽ രണ്ടു പുരുഷന്മാരുടെയും. ഒരു ചുവരിൽ വലിയ കലമാൻ കൊമ്പ്. നിലത്ത് പഴഞ്ചൻ സോഫാസെറ്റ്. കടഞ്ഞ കാലുകളുള്ള ഒരു മാർബിൾ വട്ടമേശ.

ഒരു സോഫയിൽ പതിനാറു വയസ്സുള്ള സുന്ദരി ഇരുന്ന് ഒരു ഇംഗ്ലീഷ് പേപ്പർ ബാക്ക് വായിക്കുന്നു. തൊട്ടടുത്തുള്ള സോഫയിൽ സെറ്റുമുണ്ടുടുത്ത ഒരു തറവാടിത്തമുള്ള സ്ത്രീ ഇരിക്കുന്നുണ്ട്. വട്ടമുഖം. ചന്ദനക്കുറി. അവർ പേപ്പർ വായിക്കുകയാണ്.

കാമറ ചെന്നുവീഴുന്നത് ചെറുപ്പക്കാരിയുടെ ഓമനമുഖത്താണ്. അവളുടെ മുഖത്ത് വിരസതയുണ്ട്. അവൾ വായന നിർത്തുന്നു. പുസ്തകം സോഫയിലേക്ക് വലിച്ചെറിയുന്നു. മൂരി നിവർന്ന് ചുറ്റും നോക്കുന്നു. അമ്മമ്മ പേപ്പർ വായിക്കുന്നത് കാണുന്നു. കുസൃതിയോടെ എന്തിവലിഞ്ഞ് പേപ്പർ തട്ടിപ്പറിയ്ക്കുന്നു. അമ്മമ്മ ചിരിയ്ക്കുന്നു.

നീലു: (കൊഞ്ചിക്കൊണ്ട്. മലയാളം അറിയാത്തവർ മലയാളം പറയുമ്പോഴുണ്ടാവുന്ന കൊഞ്ചൽ അവളുടെ ഭാഷയിലുണ്ട്) അമ്മമ്മേ എനിക്കു ബോറടിക്കുന്നു.

അമ്മമ്മ: (വാത്സല്യത്തോടെ) അതിന് ഞാനെന്താ ചെയ്യാ മോളെ? നിനക്ക് കുറച്ചുനേരം പാട്ടുകള് കേട്ടൂടെ? നീ കൊറെ കാസറ്റുകള് കൊണ്ടു വന്നിട്ടുണ്ടല്ലൊ.

നീലു: പാട്ട്, പാട്ട്. എനിക്കു മടുത്തു. ഇവിട്യാണെങ്കില് ഒരു ടെലിഫോണും ഇല്ല. ഇനി ഉണ്ടായിട്ട് കാര്യവുമില്ല. എനിയ്ക്ക് ഫ്രെൻസൊന്നും ഇല്ല. ആർക്ക് ഫോൺ ചെയ്യാനാണ്. ഇങ്ങിന്യാണ്ന്നറിഞ്ഞാൽ ഞാൻ വരില്ല്യായിരുന്നു.

അമ്മമ്മ: ഫ്രെൻസൊക്കെണ്ടാവും കോളേജിൽ ചേർന്നാൽ. അതുവരെ ക്ഷമിക്ക്. അവിടെ അച്ഛനും അമ്മയും ഓഫീസിലേക്കു പോകും. നീ ഒറ്റയ്ക്കിരിക്കണ്ടെ? അങ്ങിനെ ഒറ്റയ്ക്കു വിടാൻ പറ്റിയ പ്രായമൊന്നുമല്ല നിന്റെ.

നീലു: മോൺട്രിയയിൽ ആണെങ്കിൽ എന്തെങ്കിലും ഒക്കെ ചെയ്യാമായിരുന്നു.

അമ്മമ്മ: മോളെ ഈ വലിയ വീട്ടിൽ ഞാൻ ഒറ്റയ്ക്ക് കഴിഞ്ഞിരുന്നത് ഒന്നോർത്തു നോക്ക്. നീ വന്നപ്പോ അമ്മമ്മയ്ക്ക് എന്ത് സന്തോഷായീന്നറിയ്യോ? ഈ ഒരാഴ്ചോണ്ട് എനിക്ക് മോളെ കാണാതിരിക്ക്യാൻ വയ്യാന്നായിരിക്കുന്നു. മോള് ഇവിടെ മടുത്ത് തിരിച്ചു പോവ്വാന്ന് പറയുമ്പോ അമ്മമ്മയ്ക്ക് സങ്കടാവുന്നു.

നീലു: (പെട്ടെന്ന് ഭാവം മാറി, സ്നേഹത്തോടെ, അമ്മമ്മയെ കെട്ടിപ്പിടിക്കുന്നു, കവിളിൽ ഉമ്മ വെക്കുന്നു) ഈ അമ്മമ്മെ വിട്ടിട്ട് ഞാൻ പോവ്വന്നുംല്ല്യ (കൊഞ്ചിക്കുന്നു)

അമ്മമ്മ അവളെ കെട്ടിപ്പിടിക്കുന്നു.പെട്ടെന്ന് നീലു എന്തോ ഓർത്തപോലെ നിൽക്കുന്നു.

നീലു: വെയ്റ്റെ മിനിറ്റ്. എനിക്ക് ഫ്രെൻസൊന്നുമില്ലെന്ന് ആരു പറഞ്ഞു?

അമ്മമ്മയുടെ കയ്യിൽ നിന്നും കുതറി അകത്തേക്കോടുന്നു.

Fade out.

സീൻ – 7:

നീലിമയുടെ മുറി. വിശാലമാണ്. എല്ലാം അലങ്കോലപ്പെട്ടു കിടക്കുകയാണ്. കിടക്കവിരി ചുളിഞ്ഞിരിക്കുന്നു. വാർഡ്റോബ് തുറന്നുകിടക്കുന്നു. അതിൽ നീലിമയുടെ വിലപിടിച്ച വസ്ത്രങ്ങൾ ചിലത് കൂട്ടിയിട്ടിരിക്കുന്നു. മേശമേൽ സ്റ്റീരിയോ, രണ്ടുമൂന്ന് പേപ്പർ ബാക്കുകൾ ചുമരിൽ ജിമ്മിഹെന്റ്രിക്സിന്റെ (Jimmy Hendrix) വലിയ ബ്ലോ അപ്പ് ഒട്ടിച്ചിരിക്കുന്നു. ഹെന്റ്രിക്സ് ഗിത്താർ പിടിച്ചു നിൽക്കുന്ന ഫോട്ടോ. നീലിമ എന്തോ തിരയുകയാണ്. വാർഡ്റോബിലും, അലമാരിയിലും, മേശവലിപ്പിലും ഒക്കെ തപ്പുന്നു. ഇടയ്ക്കിടയ്ക്ക് ‘ഷിറ്റ്.... ഡാമിറ്റ്... .വേർഡിഡൈ കീപ്പിറ്റ്? എന്നെല്ലാമുള്ള ശാപവചനങ്ങളും ഉരുവിടുന്നുണ്ട്. അവസാനം അലമാരിയിൽ നിന്നും അതവൾക്കു കിട്ടുന്നു. ഒരു കൊച്ചു ഡയറി. പെട്ടെന്ന് പേജുകൾ മറിച്ചു നോക്കുന്നു.

നീലു: കിട്ടി.

ഡയറിയും പിടിച്ച് മുറിക്ക് പുറത്തേക്കോടുന്നു.

Cut to

സീൻ – 8:

തളത്തിൽ അമ്മമ്മ പേപ്പർ വായിക്കുകയാണ്. നീലു കടന്നു വരുന്നു. കയ്യിൽ ഡയറിയുണ്ട്.

നീലു: അമ്മമ്മേ കിട്ടി.

അമ്മമ്മ: എന്താ മോളെ

നീലു: ഞാൻ പറയാറില്ലെ മോൺട്രിയലിൽ എന്റെ ഒരു ഫ്രെന്റിനെപ്പറ്റി. ഷെർലി. അവളുടെ കസിൻ ഇവിടെയുണ്ട്. ബോണി. ഒരു വലിയ റോക്ക് സ്റ്റാറാണത്രെ. ഞാൻ പുറത്തുപോയി അയാൾക്ക് ഫോൺ ചെയ്യട്ടെ.
അമ്മമ്മ: വേഗം വരണംട്ടൊ.
നീലു: ഇതാ ഇപ്പൊ വരാം.
പുറത്തേക്കു പോകുന്നു.

Cut to
സീൻ- 9 നീലു ഒരു പബ്ലിക് കാൾ ഓഫീസിൽ നിന്ന് ഫോൺ ചെയ്യുന്നു.
സീൻ- 10 ഒരു ഗുഹ പോലെയുള്ള മുറി. എത്ര disorderly ആക്കാമോ അത്രയും നല്ലത്. ചുമരിൽ നിറയെ റോക്ക് താരങ്ങളുടെ ബ്ലോ അപ്പ്. ചുമരിൽ ഒരു ഗിത്താർ തൂക്കിയിട്ടുണ്ട്. നാലുചെറുപ്പക്കാർ (എല്ലാവരും ജീൻസും കുർത്തയും ഇട്ടിരിക്കുന്നു. തലമുടി വളർത്തിയിട്ടുണ്ട്) റിഹേഴ്സലിലാണ്.
ബോണി-(തലവൻ. നീണ്ടു മെലിഞ്ഞ പ്രകൃതം. തലമുടി നീണ്ട് ചുമൽ വരെ എത്തിയിരിക്കുന്നു.)
സൈമൺ-(ജാസ് ഡ്രമ്മിനു മുമ്പിൽ. തടിച്ച് ഉയരം കുറഞ്ഞാണ്. തലമുടി പറ്റെ വെട്ടിയിട്ടാണ്.)
ഗോപൻ-(ഗിത്താറിസ്റ്റ്. നാലുപേരിൽ ഏറ്റവും ചെറുപ്പം. മീശയില്ല. തലമുടി നീണ്ടിട്ടാണ്.)
രാജൻ-(ഇലക്ട്രോണിക് സിന്തസൈസറിനു മുമ്പിൽ നിൽക്കുന്നു. തലമുടിയുണ്ട്. അല്പം നീണ്ടതാണെങ്കിലും വെട്ടി ഭംഗിയാക്കിയ താടി.
ബോണി: (മറ്റുള്ളവരെ നോക്കി) ഓക്കെ, റെഡി? വൺ, ടു, ത്രീ, ഫോർ.
കയ്യിലുള്ള ലീഡ് ഗിത്താർ ശബ്ദിക്കുന്നു. മറ്റു ഉപകരണങ്ങളും ഒപ്പം ചേരുന്നു.
പാട്ടു തുടങ്ങുമ്പോഴേക്കും മുറിയുടെ ഒരു മൂലയിൽ കെട്ടിതൂക്കിയ ഫോൺ ശബ്ദിക്കുന്നു. ഫോൺ ഉറിയിൽ നിന്നും തൂക്കിയപോലെ ചരടിൽ തൂക്കിയിട്ടിരിക്കയാണ്. അതുവെക്കാൻ വേറെ സ്ഥലമൊന്നുമില്ല. ബോണി പാട്ടുനിർത്തുന്നു. ഒപ്പം തന്നെ കൂട്ടുകാരോട് തുടരാൻ ആംഗ്യം കാണിക്കുന്നു. ബഹളത്തിനിടയിൽ ബോണി ഫോണെടുക്കുന്നു.
ബോണി: ഹലോ

Cut to Neelima holding the reciever.
നീലിമ: ഹലോ.
ബോണി: ഹലോ.
ബോണി ഹിയർ തിരിഞ്ഞ് കൂട്ടുകാരോട് നിർത്താൻ ആവശ്യപ്പെടുന്നു. റിസീവർ മൌത്ത് പീസ് കൈകൊണ്ട് പൊത്തിപ്പിടിച്ച് പറയുന്നു
ബോണി: ഹേ ബോയ്സ് ഇറ്റ്സെ ചിക്.
ഇടതുകൈകൊണ്ട് പക്ഷി പറക്കുന്നതായി ആംഗ്യംകാട്ടുന്നു. കൂട്ടുകാർക്കു താൽപര്യം. സംഗീതം തുടരാൻ ആംഗ്യം കാണിക്കുന്നു. ഉച്ചത്തിൽ മ്യൂസിക്.
ബോണി: ഹലോ.
നീലിമ: ഞാൻ നീലിമ. ഷർലിയുടെ ഫ്രെണ്ടാണ്.
ബോണി: ഓ, ദാറ്റ് ബം. അവൾക്കെന്താണ് വേണ്ടത്?....ലൌഡർ ഐ കാന്റ് ഹിയർ യു.
നീലിമ: ഓകെ. ഐ ഗോട്ട് ദ മെസ്സേജ്. യുവാർ വെരി ബിസി നൌ കോണ്ട്യു സ്റ്റോപ് ദാറ്റ് റാക്കറ്റ് ?
ബോണി: ആൾ റൈറ്റ്. ഓകെ. യു വിൻ.
കൂട്ടുകാരോട് നിർത്താൻ ആംഗ്യം കാണിക്കുന്നു.
ബോണി: ദ ബേർഡി വാണ്ട്സ് സൈലൻസ്.
നീലിമ: ഷർലി എന്നോട് നിങ്ങളെ കാണാൻ പറഞ്ഞിരിക്കുന്നു..
ബോണി: ദാറ്റ്സ് വെരി കൈന്റോഫ് ഹേർ.
നീലിമ: എപ്പോഴാണ് സൌകര്യം?
ബോണി: നിങ്ങളുടെ ഫോൺ നമ്പർ തരു. ഐ വിൽ ഗിവ്യു എ ടിങ്ക്ൾ.
നീലിമ: എനിക്ക് ഫോൺ ഒന്നുമില്ല. ഇതെന്താ കാനഡയാണെന്നാണോ വിചാരം. അഡ്രസ്സ് ഉണ്ടെങ്കിൽ തരു. ഞാൻ വരാം.
ബോണി: ഞങ്ങളെന്താ അഡ്രസ്സില്ലാത്തവരാന്നാണോ വിചാരം. ഹോട്ടൽ ബ്രീസിന്റെ സൈഡിൽകൂടി പോകുന്ന വഴിയിലാണ് ഞങ്ങൾ താമസം. ഹോട്ടലിന്റെ മുമ്പിൽ ഒരു പെട്ടിക്കടയുണ്ട് . അവിടെ ചോദിച്ചാൽ മതി. കേവ്മെൻ എവിടെയാണെന്ന്.
നീലിമ: കേവ് മെൻ?
ബോണി: അതെ റോക്ക് ട്രൂപ്പിന്റെ പേരാണത്.
നീലിമ: എപ്പോഴാണ് സൌകര്യം?
ബോണി: എനി ടൈം ഇൻ ദ മോർണിംഗ്. വൈകുന്നേരം ഞങ്ങൾ ബിസിയായിരിക്കും.
നീലിമ: ശരി ഞാൻ വരാം. ബൈ.
ഫോൺ വെച്ച് തിരിച്ച് ഗിത്താറെടുക്കുന്നു.
ബോണി: ഓകെ. ഹിയർ വിഗോ. വൺ, ടു, ത്രീ

ബോണി മാത്രം ഗിത്താർ മീട്ടുന്നു. മറ്റുള്ളവർ അനങ്ങുന്നില്ല. ബോണി നിർത്തി അവരെ നോക്കുന്നു.
ബോണി: വാട്ട്സ് ദ മാറ്റർ വിഥ് യു?
മൂന്നു പേരും ഒരേ സമയത്ത് കൈ കൊണ്ട് പറക്കുന്ന മാതിരി കാണിക്കുന്നു.
ബോണി: ഓ ദാറ്റ്. ദാറ്റ്സെ മൈഗ്രേറ്ററി ബേർഡ് ഫ്രം കാനഡ. ഷെർലിയുടെ ഫ്രണ്ടാണ്. സോ യു കാൻ ഇമാജിൻ.
ബോണി: (ഗിത്താർ ശരിയാക്കിക്കൊണ്ട് ) ഓകെ ഹിയർ വി ഗോ..... വൺ, ടു, ത്രീ, ഫോർ.
സംഗീതം ആദ്യം ഉച്ചത്തിലായി പിന്നീട് കുറഞ്ഞു വരുന്നു. അതോടൊപ്പം fade out.
സീൻ – 11:
വിജയന്റെ ഓഫീസ് – ഒരു ഇടത്തരം ഓഫീസ്. ആഡംബരമില്ലാത്ത ഒരു ചേമ്പറിൽ വിജയൻ ഇരിക്കുന്നു. മേശമേൽ വെച്ച കടലാസിൽ എന്തോ എഴുതുകയാണ്. ഫോൺ അടിക്കുന്നു. വിജയൻ എടുക്കുന്നു.
വിജയൻ: (ഫോണിൽ) അതെയതെ...പറയു.....ഇന്നലെ എന്തു പറ്റിയെന്നോ, വയ്യാതായി അത്രതന്നെ. ഒന്നു രണ്ടു പാർട്ടികളെ അന്വേഷിച്ച് പകൽ മുഴുവൻ ഓഫീസിനു പുറത്തായിരുന്നു ..... എന്താ?.....ഇന്നും പറ്റുമെന്നു തോന്നുന്നില്ല. മോന് പറ്റിയ ഒരു ട്യൂഷൻ ടീച്ചറെ കിട്ടിയിട്ടുണ്ട്. ഇന്നു തൊട്ട് തുടങ്ങാമെന്നാണ് പറഞ്ഞിട്ടുള്ളത്. ഒന്നു പരിചയപ്പെടണം. അജിതിന്റെ ചില പ്രശ്നങ്ങളെപ്പറ്റി സംസാരിക്ക്യം വേണം...ഹേയ് ഞാൻ കണ്ടില്ല ഇതുവരെ. വിമല പറയുന്നത് ആത്മീയസൌന്ദര്യം നല്ലപോലെയുണ്ടെന്നാണ് (ചിരി) നിങ്ങൾ ആറുപേരുണ്ടല്ലൊ. റമ്മിക്ക് തികയുമല്ലൊ..... സ്മാളോ...എനിയ്ക്കു വലിയ താൽപര്യമില്ല്യാന്നറിഞ്ഞുകൂടെ.... ശരി......
വിജയൻ ഫോൺ വെക്കുന്നു. കണ്ണാടിഗ്ലാസ്സിൽ പെന്നുകൊണ്ട് തട്ടി പുറത്തിരിക്കുന്ന സ്റ്റെനോയെ വിളിക്കുന്നു. അവൾ അകത്തേക്കു വരുന്നു. മിഡിയാണ് വേഷം. തലമുടി കഴുത്തിനൊപ്പം വെട്ടിയിട്ടുണ്ട്.
വിജയൻ: മോളി, കത്തുകൾ ഒപ്പിടാനുണ്ടെങ്കിൽ വേഗം കൊണ്ടുവരു. ഇന്നെനിയ്ക്ക് നാലരയ്ക്കു പോണം.
മോളി: ശരി സർ.
Cut to
സീൻ – 12:
വീട്ടുമുറ്റത്ത് അജിത് വേറെ രണ്ടു കുട്ടികളുമായി ക്രിക്കറ്റ് കളിക്കുന്നു. ഗെയ്റ്റിന്നടുത്ത് നടപ്പാതയിൽ വിമല നീലുവുമായി സംസാരിച്ചു നിൽക്കുന്നു. നീലുവിന്റെ വേഷം മിഡിയും ടോപ്പുമാണ്. തലമുടി രണ്ടായി പിന്നി ഒരു വാൽ മുമ്പിലിട്ടിരിക്കയാണ്. ടോപ്പിൽ മാറിൽ എഴുതിയിട്ടുണ്ട്. I'm Carnivorous താഴെ ഡ്രാഗണെപ്പോലെ തോന്നിക്കുന്ന ഒരു ഭീകരജീവിയുടെ ചിത്രവും.
കാമറ പാൻ ചെയ്ത് ഗേറ്റ് തുറക്കുന്ന വിജയനിലേക്കെത്തുന്നു (ലോങ്ങ് ഷോട്ടായി തുടങ്ങി ക്രമേണ zoom ചെയ്ത് close up കാണിക്കണം.) ഓഫീസിൽ നിന്നു വരുന്ന വേഷമാണ്. കയ്യിൽ ബ്രീഫ്കേസ്. നടന്ന് നീലുവിന്റെയും വിമലയുടെയും അടുത്ത് വരുന്നു. വിജയൻ ചോദ്യഭാവത്തിൽ നീലുവിനെ നോക്കുന്നു.
വിമല: (നീലുവിനെ അടുപ്പിച്ച്) ഇതാണ് നീലിമ. നീലു എന്നു വിളിക്കും. നമ്മുടെ വടക്കേലെ അമ്മയുടെ പേരക്കുട്ടിയാണ്. കാനഡയിലുണ്ടെന്ന് പറയാറില്ലെ, ആ കുട്ടി. ഇനി നാട്ടിലാണ് പഠിക്കാൻ പോകുന്നത്.
വിജയൻ കൌതുകത്തോടെ അവളുടെ ഓമനമുഖം നോക്കുന്നു. പിന്നെ അവളുടെ ടോപ്പിൽ കണ്ണും നട്ടുകൊണ്ട് ചോദിക്കുന്നു.
വിജയൻ: ആർ യു റിയലി കാർണിവറസ്?
നീലുവിന്റെ തുടുക്കുന്ന മുഖം ക്ലോസപ്പിൽ. അവൾ തല താഴ്ത്തി, പിന്നിൽ നിന്ന് തലമുടിയുടെ മറ്റെ വാലും മുമ്പിലാക്കി ചുവന്ന ഡ്രാഗണെ മറയ്ക്കുന്നു. വിജയൻ വാച്ചിൽ നോക്കുന്നു.
വിജയൻ: (അക്ഷമനായി) അഞ്ചരമണിയായി. എന്താണ് ട്യൂഷൻ ടീച്ചർ വരാത്തത്. ആദ്യത്തെ ദിവസം തന്നെ മുടങ്ങിയാൽ എന്താണ് സ്ഥിതി? വിമലയും നീലിമയും പെട്ടെന്ന് ചിരിക്കാൻ തുടങ്ങുന്നു. വിമല നീലുവിന്റെ തോളിൽ തലവെച്ച് ചിരിക്കുന്നു. വിജയന്റെ മുഖത്തെ ശുണ്ഠി, വിമലയുടെയും നീലുവിന്റെയും ചിരി – contrast കാണിക്കണം.
പെട്ടെന്ന് വിജയന് കാര്യം പിടികിട്ടുന്നു. ശുണ്ഠി മായുന്നു, പകരം ഒരു മന്ദഹാസം, അതു തുടർന്ന് ഒരു പൊട്ടിച്ചിരിയിൽ കലാശിക്കുന്നു.
തന്നെ കളിപ്പിച്ചതിന് പ്രതികാരം ചെയ്യണമെന്ന് തീർച്ചയാക്കിയ വിജയൻ ആ കുട്ടിയുടെ ചുറ്റും നടന്ന് പരിശോധിക്കുന്നു. പ്രത്യേകിച്ചും തോളുകൾക്ക് പിന്നിൽ. വിമലയും പ്രത്യേകിച്ച് നീലിമയും ഒരു പരുങ്ങലോടെ നിൽക്കുകയാണ്. എന്താണ് കാര്യമെന്ന് അവർക്ക് മനസ്സിലാവുന്നില്ല.
വിജയൻ ഒരു പ്രാവശ്യം നീലിമയെ ചുറ്റിവന്ന് ഒരു ആലോചനയോടെ നിൽക്കുന്നു. പിന്നീട് പറയുന്നു.
വിജയൻ: ഇല്ലല്ലൊ.
രണ്ടുപേരും ചോദ്യഭാവത്തോടെ വിജയനെ നോക്കുന്നു. വിമല ചോദിക്കുന്നു.
വിമല: എന്ത്?
വിജയൻ: ചിറകുകൾ! വടക്കേലെ അമ്മ ഈ കുട്ടിയെപ്പറ്റി പറയുന്നത് കേട്ടപ്പോ ഇവളൊരു മാലാഖയായിരിക്കുംന്നേ കരുതീത്. മാലാഖയാണെങ്കിൽ ചിറകു കാണുമല്ലൊ.
പെട്ടെന്ന് മൂന്നുപേർകൂടി ഉറക്കെ ചിരിക്കുന്നു. ചിരിയുടെ അവസാനത്തിൽ വിമല നീലുവിനെ കെട്ടിപ്പിടിച്ച് പറയുന്നു.
വിമല: ഇത് ചിറകില്ലാത്ത മാലാഖയാണ്.

വിജയൻ: ചിറകില്ലാത്തതു നന്നായി. പെട്ടെന്ന് പറന്നു പോവില്ലല്ലൊ.
വീണ്ടും ചിരി.
Fade out.

സീൻ – 13:

രാത്രി – വിജയന്റെ വീട്ടിലെ സ്വീകരണമുറി – വിജയൻ സോഫയിലിരുന്ന് പുസ്തകം വായിക്കുന്നു. പശ്ചാത്തലത്തിൽ ടേപ്റെക്കോർഡറിൽ നിന്നു വരുന്ന പഴയ ഹിന്ദി ഗാനം, നേരിയ ശബ്ദത്തിൽ കേൾക്കുന്നു. ലതാ മങ്കേഷ്ക്കറുടെ ‘‘രാത് ഔർ ദിൻ ദിയാ ജലെ’’ എന്ന പാട്ട് മതി. പാട്ട് തുടർന്നുകൊണ്ടിരിക്കെ അടുത്ത മുറിയിൽ നിന്ന് വരുന്ന ഒരു കീകീ ശബ്ദം അയാളെ അലോസരപ്പെടുത്തുന്നു. വിജയൻ തലയുയർത്തി നോക്കുമ്പോൾ അജിത് അവന്റെ മുറിയിൽനിന്ന് വീഡിയോ ഗെയിം കളിക്കുകയാണ്.

ലോങ്ങ്ഷോട്ടിൽ തുടങ്ങിയ കാമറ zoom ചെയ്യുമ്പോൾ കാണുന്നത് അതീവ ശ്രദ്ധയോടെ വീഡിയോ ഗെയിം കളിക്കുന്ന അജിതിന്റെ മുഖമാണ്.

വിജയൻ: അജിത്.

അജിത് ഞെട്ടി തിരിഞ്ഞു നോക്കുന്നു. സോഫയിൽ തന്റെ നേരെ ദ്വേഷ്യത്തോടെ നോക്കുന്ന അച്ഛനെ കാണുന്നു.

വിജയൻ: ഇവിടെ വരു.

അജിത് സ്വീകരണമുറിയിലേക്ക് വരുന്നു. കയ്യിൽ വീഡിയോ ഗെയിമും ഉണ്ട്.

വിജയൻ: നിന്നോട് ഞാൻ പറഞ്ഞിട്ടില്ലെ, അതെപ്പോഴുമെടുത്ത് കളിക്കരുതെന്ന്.

അജിത് കുറ്റബോധത്തോടെ തലതാഴ്ത്തി നിൽക്കുന്നു.

വിജയൻ: ആട്ടെ ഹോംവർക്ക് കഴിഞ്ഞുവോ?

അജിത്: കഴിഞ്ഞു.

വിജയൻ: എന്നാൽ പോയി വല്ലതും പഠിക്കു. ഇങ്ങിനെ എപ്പോഴും വീഡിയോ ഗെയിം കളിച്ചാൽ കണ്ണിനു കേടാണ്.

അജിത് പോകുന്നു. വിജയൻ വീണ്ടും പുസ്തകത്തിലേക്ക് തിരിയുന്നു. പശ്ചാത്തലത്തിൽ ലതയുടെ പാട്ട്.
ഒരു നിമിഷത്തിനുള്ളിൽ അജിത് ഒരു പുസ്തകവുമായി വരുന്നു.

അജിത്: അച്ഛാ ഈ പുസ്തകത്തില് പറയണത് എന്താന്നറിയ്യോ അൻഡ്രോമേഡാ ഗാലക്സിയും നമ്മുടെ മിൽക്കിവേ ഗാലക്സിയും തമ്മിൽ അടുത്തടുത്ത് വരാണ്ന്ന്. ഒരു ദിവസം രണ്ടും കൂടി കൂട്ടിയിടിക്കുംന്ന്. അപ്പൊ നമ്മളൊക്കെ നശിക്കില്ല്യെ?

വിജയൻ ആലോചിക്കുന്നു. പിന്നെ സാവധാനത്തിൽ പറഞ്ഞുകൊടുക്കുന്നു.

വിജയൻ: മോനെ ഈ ഗാലക്സികളുടെയെല്ലാം വലിപ്പവും അതു തമ്മിലുള്ള അകലവും നമുക്ക് വിഭാവനം ചെയ്യാൻ പറ്റുന്നതിലും വളരെ വലുതാണ്. കോടാനു കോടി പ്രകാശവർഷങ്ങൾക്കകലെയാണ് അവ. ഒരു പ്രകാശ വർഷം എന്നുവെച്ചാൽ വെളിച്ചം ഒരു കൊല്ലം കൊണ്ട് യാത്ര ചെയ്യുന്ന ദൂരം. വെളിച്ചത്തിന്റെ വേഗം എത്രയാണെന്ന് നിനക്കറിയില്ലെ. അപ്പോൾ ഊഹിച്ചാൽ മതി. അങ്ങിനെ വെളിച്ചം കോടാനുകോടി വർഷങ്ങൾ സഞ്ചരിക്കുന്ന ദൂരമുണ്ട് ഒരു ഗാലക്സിയും വേറൊരു ഗാലക്സിയും തമ്മിൽ. അപ്പോൾ ആ ഗാലക്സികൾ വെളിച്ചത്തിന്റെ വേഗത്തിൽ സഞ്ചരിച്ചാൽ തന്നെ ഇനിയും കോടിക്കണക്കിന് വർഷങ്ങൾ വേണം രണ്ടും അടുത്തു വരാനും കൂട്ടിമുട്ടാനും.

അജിത്: അച്ഛാ അപ്പൊ എന്താണ് രണ്ടു ഗാലക്സികളും ഇങ്ങിനെ അടുത്തു വരാൻ കാരണം?

വിജയൻ: (ആലോചിക്കുന്നു.) നമുക്കറിയില്ല. സാധാരണ ഗതിയിൽ അതു സംഭവിക്കാൻ പാടില്ല. നിറയെ കുത്തുകളുള്ള ഒരു ബലൂൺ വീർപ്പിക്കുമ്പോൾ എന്താണ് സംഭവിക്കുക. എല്ലാ കുത്തുകളും ഓരോന്നിൽ നിന്ന് അകന്നു പോകും. ഒരിക്കലും മുട്ടില്ല. അതുപോലെയാണ് നക്ഷത്രങ്ങളും ഗാലക്സികളും. എല്ലാം അന്യോന്യം അകലുകയാണ്. ഈ രണ്ടു ഗാലക്സികളും അടുത്തുവരാൻ എന്തെങ്കിലും കാരണം കാണും. പ്രപഞ്ചത്തിന്റെ ഈ ഭാഗത്തു സംഭവിച്ച എന്തെങ്കിലും അപകടമോ, ഗുരുത്വാകർഷണമോ അല്ലെങ്കിൽ ഈ രണ്ടു ഗാലക്സികളുടെയും നടുവിൽ ഉണ്ടെന്ന് കരുതുന്ന ബ്ലാക്ഹോളോ.

അജിത്: അച്ഛാ എന്താണ് ബ്ലാക്ക് ഹോൾ?

വിജയൻ: ബ്ലാക്ക് ഹോളോ

അടുക്കളയുടെ ഭാഗത്തുനിന്ന് ഒരു പൊട്ടിച്ചിരി അജിത്തിന്റെ ശ്രദ്ധ ആകർഷിക്കുന്നു. അവൻ എഴുന്നേൽക്കുന്നു. വിജയനും ശ്രദ്ധിക്കുന്നു. ചോദിക്കുന്നു.

വിജയൻ: ആരാണത്?

അജിത്: നീലിമയാണ്. അമ്മയ്ക്കും ആ കുട്ടിയ്ക്കും ഇതു തന്ന്യാണ് പണി. എപ്പോഴും എന്തെങ്കിലും പറയും. എന്നിട്ട് കീകീന്ന് ചിരിക്ക്യം ചെയ്യും.

വിജയൻ എഴുന്നേറ്റ് അടുക്കളയിലേക്ക് നടക്കുന്നു.

സീൻ – 14:

അടുക്കളയിൽ വിജയൻ വാതിൽ കടന്നപ്പോൾ കാണുന്നത് നീലിമ ഒരു പാത്രം തലയിൽ വെച്ച് ബാലൻസ് ചെയ്ത് ഡാൻസ് ചെയ്യുകയാണ്. വിമല ചിരിക്കുന്നു. വിജയനെ കണ്ടതോടുകൂടി നീലിമ പാത്രം തലയിൽ നിന്നെടുത്ത് പ്ലാറ്റ്ഫോമിൽ വെച്ച് ഒന്നും സംഭവിക്കാത്ത മട്ടിൽ നിൽക്കുന്നു. അത് വിമലയെ കൂടുതൽ

ചിരിപ്പിക്കുന്നു.
വിജയൻ (പ്രകടമായ അസഹ്യതയോടെ) എന്തു ബഹളമാണിത്?
നീലിമ ചിരിക്കുന്നില്ല. മുഖം ഗൌരവം.
വിജയൻ: ചുറ്റുവട്ടത്തും ആൾക്കാരുണ്ടെന്ന് ഓർക്കണം.
വിമല ചിരിച്ചുകൊണ്ട് നിൽക്കുകയാണ്. നീലിമ പതുക്കെ നടന്ന് വിജയന് അരികിലൂടെ അടുക്കളക്കു പുറത്തു കടക്കുന്നു. മുഖത്തെ ഗൗരവം കപടമാണ്. വാതിൽ കടന്ന് തളത്തിലെത്തിയപ്പോൾ തിരിഞ്ഞുനോക്കുന്നു. തന്നെ നോക്കി നിൽക്കുന്ന വിജയനു നേരെ കോക്രി കാട്ടുന്നു. വിജയൻ ഇതു പ്രതീക്ഷിച്ചില്ല. വിജയന്റെ ദ്വേഷ്യത്തിന് ഒരു ആന്റിക്ലൈമാക്സ് ആയിത്തീരുന്നു ആ കോക്രി. അയാളുടെ മുഖത്ത് ഒരു ചിരി വിടരുന്നു.
സീൻ – 15:
പടിക്കലേക്ക് ഓടിപ്പോകുന്ന നീലിമയുടെ ഷോട്ട്.
സീൻ – 16:
അജിത്തിന്റെ മുറി – നീലു അജിത്തിനെ പഠിപ്പിക്കുന്ന രംഗങ്ങൾ. കണക്കാണ് വിഷയം. ആദ്യമെല്ലാം വളരെ ഗൗരവമായി കാര്യങ്ങൾ നടക്കുന്നു. ക്രമേണ തമാശയായി വരുന്നു. കാരണക്കാരി നീലു തന്നെയാണ്. അവൾ ഒരു കണക്ക് ചെയ്യാനായി ഇട്ടുകൊടുത്ത ശേഷം വലിയ ഭാവത്തിൽ നടക്കുന്നു. പെട്ടെന്നു തോന്നിയതാണ്. അവൾ ഒരു കടലാസ്സ് എടുത്ത് ചുരുട്ടി അജിത് അറിയാതെ അവന്റെ പിന്നിൽ പോകുന്നു. കണക്കിൽ മുഴുകിയിരിക്കുന്ന അവന്റെ ഷർട്ടിന്റെ കോളറിനുള്ളിൽ ഇടുന്നു. പെട്ടെന്ന് ഞെട്ടിത്തെറിക്കുന്ന അജിത്. കടലാസ്സാണെന്നു മനസ്സിലായപ്പോൾ അവൻ നീലുവുമായി യുദ്ധത്തിനൊരുമ്പെടുന്നു.

സീൻ – 17: വിജയൻ ഓഫീസിൽ നിന്നു വരുന്നു. വിമല ചായ കൊണ്ടുവന്നു കൊടുത്ത് അകത്തേക്കു പോകുന്നു. അജിത് അടുത്തു വന്നു നിൽക്കുന്നു.
അജിത്: അച്ഛാ ഞാൻ ഒരു കടംകഥ ചോദിക്കട്ടെ.
വിജയൻ: ഉം
അജിത്: ആനകൾ ഓടിവരുമ്പോൾ ടാർസൻ എന്താണ് പറഞ്ഞത്?
വിജയൻ: (കൈ മലർത്തുന്നു) അറിയില്ല.
അജിത്: ആനകൾ വരുന്നു, ആനകൾ വരുന്നൂന്ന് . ഇനി ആനകൾ കൂളിംഗ്ഗ്ലാസ്സുകൾ ഇട്ടു വന്നപ്പോൾ ടാർസൻ എന്താണ് പറഞ്ഞത്?
വിജയൻ: എന്താണ് പറഞ്ഞത്?
അജിത്: ഒന്നും പറഞ്ഞില്ല. ടാർസന് അവ ആനകളാണെന്നു തന്നെ മനസ്സിലായില്ല.
രണ്ടു പേരും ചിരിക്കുന്നു.
വിജയൻ: ഇതെവിടുന്നു കിട്ടി?
അജിത്: നീലു പഠിപ്പിച്ചതാണ്. അവൾക്ക് ഇങ്ങനെ കൊറെ കടംകഥകള് അറിയാം.
വിജയന് മുഴുവൻ ഇഷ്ടമാകുന്നില്ല. അയാൾ ഒഴിഞ്ഞ ഗ്ലാസുമെടുത്ത് എഴുന്നേൽക്കുന്നു.

cut to

സീൻ – 18: അടുക്കള – അടുക്കളയിൽ വിമല ഭക്ഷണം പാകം ചെയ്യുന്ന തിരക്കിലാണ്. വിജയൻ വന്ന് ഒഴിഞ്ഞ ഗ്ലാസ് തിണ്ണമേൽ വെക്കുന്നു.
വിജയൻ: നീ അപ്പോയിന്റ് ചെയ്ത പുതിയ ട്യൂഷൻ ടീച്ചറില്ലെ? അവളെന്താണ് അജിത്തിനെ പഠിപ്പിക്കുന്നത്? കണക്കോ കടംകഥകളോ?
വിമല ചിരിക്കുന്നു.
വിജയൻ: മുമ്പൊക്കെ അവൻ ചോദിച്ചിരുന്നത് വളരെ ലളിതമായ കാര്യങ്ങളായിരുന്നു. ഗാലക്സികളെപ്പറ്റി യെല്ലാം. ഇപ്പോൾ ചോദിക്കുന്നത് ആനകൾ വരുമ്പോൾ ടാർസൻ പറഞ്ഞതെന്താണ് തുടങ്ങിയ വളരെ ഗഹനമായ കാര്യങ്ങളാണ്.
വിമല: അതെല്ലാം കടംകഥകളാണ്.
വിജയൻ: (ഗൌരവം നടിച്ച്) അതെ അല്ലെ.
വിമല: (വിജയന്റെ പരിഹാസം മനസ്സിലാവുന്നില്ല) അതെ, അവൾ എന്നോടും ചോദിക്കാറുണ്ട്.
വിജയൻ: എന്നാൽ ഒരു കാര്യം ചെയ്യ്യാ. ഇന്നു മുതൽ അവന് കണക്കു പഠിക്കാൻ ആവശ്യമുള്ളതു മാത്രം പറഞ്ഞുകൊടുത്താൽ മതീന്ന് പറയ്യാ.
വിമല: (വിജയന് ഇതൊന്നും ഇഷ്ടമായിട്ടില്ല എന്ന് ഇപ്പോൾ മനസ്സിലാവുന്നു) നീലു പറയണത് നമ്മുടെ മന്തൻ കുട്ടിക്ക് എല്ലാം അറിയാമെന്നാണ്. അശ്രദ്ധകാരണം കണക്കുകൾ തെറ്റിക്കുകയാണത്രെ.
വിജയൻ: അതിനുള്ള മരുന്നായിരിക്കും കടംകഥകൾ.
വിമല: (അനുനയസ്വരത്തിൽ) നോക്കു അവള് നന്നായി പഠിപ്പിക്ക്ണ്ണ്ട് ട്ടോ. പിന്നെ അവരുടെ ട്യൂഷൻ സമയത്ത് ഒന്നു ശ്രദ്ധിച്ചുനോക്കു കേട്ടോ. നല്ല രസമാണ്. അവൾ എന്തൊക്കെ കുളൂസാണ് പറയുക എന്നോ. നമ്മുടെ പൊട്ടൻകുട്ടി പാവം അതൊക്കെ വിശ്വസിക്കിം ചെയ്യും. (അകലെ നിന്ന് നീലുവിന്റെ ബഹളം കേൾക്കാം.)

വിമല: നീലു വരണ്ണ്ട്.
വിജയൻ നോക്കുന്നു.
സീൻ - 19:
ഗേയ്റ്റു കടന്ന് ഡാൻസ് ചെയ്തു വരുന്ന നീലു. ഒപ്പം ഓരോന്നു പറഞ്ഞ് ബഹളമുണ്ടാക്കുന്നുണ്ട്. ഉമ്മറത്തു നിൽക്കുന്ന അജിതിനോടാണ് ബഹളം. പറമ്പിൽ മേഞ്ഞിരുന്ന ഒരു പശു, നാലഞ്ചു കോഴികൾ, ഒരു പൂച്ച മുതലായ മൃഗങ്ങൾ നീലുവിന്റെ വരവിനെ സ്വാഗതം ചെയ്യുന്നു. അവയുടെ ശബ്ദങ്ങളും പശ്ചാത്തല സംഗീതത്തിൽ ചേർക്കണം. അന്തരീക്ഷം പെട്ടെന്ന് ആഹ്ലാദഭരിതമാകുന്നു. പൂക്കൾ വിടരുകയും പക്ഷികൾ പാടുകയും ചെയ്യുന്നു.
നീലു ഉമ്മറത്തെത്തുമ്പോഴേക്കും വിജയനും വിമലയും എത്തുന്നു. ഡാൻസ് ചെയ്തു വരുന്ന നീലു വിജയന്റെ മുമ്പിൽ പെട്ടെന്നു നിൽക്കുന്നു. സംഗീതം നിലയ്ക്കുന്നു.
വിജയൻ: ടീച്ചറെ ഒരു കാര്യം പറയാനുണ്ട് (നീലു വിജയനെ അമ്പരപ്പോടെ നോക്കുന്നു)
വിജയൻ: അജിത്തിനെ കണക്കു പഠിപ്പിക്കാനാണ് നിങ്ങളെ വെച്ചത്. അല്ലാതെ കടംകഥകൾ പഠിപ്പിക്കാനല്ല.
നീലു: അത്രയേഉള്ളു എന്ന മട്ടിൽ ആംഗ്യം കാണിക്കുന്നു.) ആട്ടെ, ഞാൻ ഒരു റിഡിൽസ് ചോദിക്കട്ടെ.
വിജയന്റെ സമ്മതത്തിന് കാത്തു നിൽക്കുന്നില്ല
നീലു: നെയിം ദ കെറ്റിൽ ദാറ്റ് വാക്ക്സ് ഓൺ ടു ഫീറ്റ് ആന്റ് ബോയിൽഡ് വിത്തൌട്ട് പുട്ടിംഗ് ഓൺ ദ സ്റ്റൌ?
വിജയൻ: എന്താണ് എന്താണ്?
നീലു: രണ്ടു കാലില് നടക്കുന്നതും സ്റ്റൌവിനു മേലെ വെക്കാതെ തിളക്കുന്നതുമായ കെറ്റിലിന്റെ പേര് പറയാമോ?
വിജയൻ: (ആലോചിച്ചുകൊണ്ട്) രണ്ടു കാലിൽ നടക്കുന്നതും....
നീലു: (സ്വന്തം തലയിൽ ചൂണ്ടി) യൂ നീഡ് ബ്രെയിൻസ് മാൻ.
വിജയൻ: രണ്ടു കാലിൽ നടക്കുന്നതും സ്റ്റൌവിനു മേലെ വെക്കാതെ തിളയ്ക്കുന്നതുമായ കെറ്റ്ൽ...?
നീലു: ഞാൻ പറയട്ടെ.
വിജയൻ: (തടയുന്നു) വരട്ടെ ഒരു മിനിറ്റ്. (ആലോചിക്കുന്നു.) രണ്ടു കാലിൽ...
നീലു: ഞാൻ പറയാം. അതു വിജയേട്ടൻ തന്നെ.
വിജയൻ പെട്ടെന്ന് അടിക്കാൻ ഓങ്ങുന്നു. നീലു ഓടുന്നു.
നീലു: (അജിതിനോട്) റൺ ഫോർ യുവർ ലൈഫ് മാൻ.

cut to
സീൻ - 20:
നീലു അജിതിനെ പഠിപ്പിക്കുന്ന സീൻ. ഒരു കണക്ക് ചെയ്യാൻ ഇട്ടുകൊടുത്ത് നീലു ഒരു പുസ്തകം തുറക്കുന്നു. പെട്ടെന്ന് അതിൽ കാണുന്ന ചിത്രം അവളുടെ കുസൃതി ഭാവനയെ ഉണർത്തുന്നു. (പുസ്തകം ആൻഡേഴ്സന്റെ യക്ഷിക്കഥകൾ ആണ്) നീലു അജിതിനെ തോണ്ടി ചിത്രം കാണിക്കുന്നു.
നീലു: ഈ ചിത്രം കണ്ടോ?
അജിത്: (നോക്കുന്നു) അത് ഉറങ്ങുന്ന രാജകുമാരീടെ കോട്ടയല്ലെ?
സീൻ - 21:
അടുത്ത മുറിയിൽ നിന്ന് ജനലിലൂടെ വിമല അജിതിനേയും നീലുവിനേയും വിജയന് കാണിച്ചു കൊടുക്കുന്നു. അജിതും നീലുവും അവർക്ക് പുറം തിരിഞ്ഞാണ് ഇരിക്കുന്നുത്.
അജിത്: ആ കഥ എനിക്കറിയാം.
നീലു: ഈ കാസില് കണ്ടോ? ഇതു പോലത്തെ ഒരു കാസിലിലാണ് കാനഡയിൽ ഞങ്ങൾ താമസിക്കുന്നത്.
അജിതിന്റെ കണ്ണുകളിൽ അത്ഭുതം.
നീലു: കാസിലിനു ചുറ്റും ഡീപ്പ്മോട്ടാണ്.
അജിത്: മോട്ടെന്നു പറഞ്ഞാൽ?
നീലു: ഈ കാസിലുകൾക്കു ചുറ്റും കാണില്ലെ ഡീപ്പായിട്ട് വെള്ളം എനിമീസൊന്നും വരാതിരിക്കാൻ.
അജിത്: കിടങ്ങോ?
നീലു: ആ, അതു തന്നെ.

Cut to

സീൻ - 22:
വിമലയും വിജയനും ജനലിലൂടെ അവർ സംസാരിക്കുന്നത് ശ്രദ്ധിച്ച്, നോക്കുന്നു

Cut to
സീൻ - 23:
അജിതിന്റെ മുഖം ക്ലോസപ്പിൽ കാണിക്കണം. അവിടെ അത്ഭുതം, ആദരം എല്ലാം ഉണ്ട്.
നീലു: (തുടരുകയാണ്) കാസിലിന് ഒരു ഡോറേ ഉള്ളു.
ഇവിടെ അജിത് ഒരു മായാലോകത്തെത്തിയതായി കാണിക്കണം. അജിതിനെ ഫോക്കസ് ചെയ്ത കാമറ diffuse

ചെയ്യണം. തെളിഞ്ഞു വരുമ്പോൾ കാണുന്നത് മഞ്ഞിന്നിടയിലൂടെ കാണുന്ന ഗോപുരങ്ങൾ നിറഞ്ഞ ഒരു കോട്ടയാണ്. പശ്ചാത്തലത്തിൽ നീലുവിന്റെ ശബ്ദം കേൾക്കാം.

നീലു: ആ ഡോറ് തുറക്കാൻ ഒരു പാസ്‌വേഡുണ്ട്. അതു പറഞ്ഞാൽ ഡോർ തുറന്ന് ഒരു പാലം താഴ്ന്നു വരും. അകത്തു കടന്നാൽ അത് തന്നെ അടയും.

ഒരു രാജകുമാരിയുടെ വേഷം ഇട്ട നീലു ഒരു കുതിരപ്പുറത്തുനിന്നിറങ്ങി പാസ്‌വേർഡ് പറയുന്നതും, കോട്ടയുടെ വാതിൽ തുറന്ന് പാലം ഇറങ്ങി വരുന്നതും, നീലു അകത്തേക്കു നടന്നു പോകുന്നതും കാണുന്നു. പശ്ചാത്തലത്തിൽ നീലുവിന്റെ ശബ്ദം.

നീലു: ആ ഡോറു തുറക്കാനുള്ള പാസ്‌വേർഡ് എനിയ്ക്കും അമ്മയ്ക്കും അച്ഛനും മാത്രെ അറിയു.

കോട്ട fade out ചെയ്ത് അജിതിന്റെ മുഖം തെളിഞ്ഞു വരുന്നു.

അജിത്: അപ്പൊ നിങ്ങൾ മൂന്നു പേരും മരിക്ക്യാണെങ്കിലോ?

നീലു: ഇഡിയറ്റ്, ഞങ്ങൾ അങ്ങനെ മരിക്കൊന്നുംല്ല്യ. ഞങ്ങളുടെ അരയിൽ ഒരു താലീസ്മൻ കെട്ടിയിട്ടുണ്ട്.

അജിത്: ന്ന് വെച്ചാൽ.

ൻീലു: ഈ മന്ത്രൊക്കെ ജപിച്ചിട്ട് അരയില് ഒരു നൂല് കെട്ടില്ലെ, അത് തന്നെ.

അജിത്: അതെവിടെ നിന്നു കിട്ടിയതാണ്?

നീലു: അത് മുത്തച്ഛന്റെ കാലം തൊട്ടേ ഉള്ളതാണ്.

അജിത്: നീലുവിന്റെ മുത്തച്ഛൻ എവിടെയായിരുന്നു?

നീലു: തൃപ്പൂണിത്തുറയിൽ. അവിടെ ഒരു വലിയ കൊട്ടാരത്തിലായിരുന്നു. മുത്തച്ഛനാണ് ഇവിടെയൊക്കെ റൂൾ ചെയ്തിരുന്നത്. മുത്തച്ഛൻ മരിച്ചപ്പൊ അമ്മമ്മ ആ കൊട്ടാരൊക്കെ ഗവർമ്മേണ്ടിന് ഡൊണേറ്റ് ചെയ്തിട്ട് ഇവിടെ വന്ന് താമസിക്ക്യാണ്. ഇവിടെ ഉള്ളതും കൊട്ടാരം തന്നെ, പക്ഷെ ചെറുതാന്ന് മാത്രം. നീ വീട്ടിൽ വന്നാൽ മുത്തച്ഛന്റെ സിംഹാസനൊക്കെ കാട്ടിത്തരാം.

അജിത്: ( excited ) ശരിക്കും?

നീലു: ആ ശരിക്കും. അതെല്ലാം മുകളിൽ തട്ടിൻ പുറത്ത് വെച്ചിരിക്ക്യാണ്. നിനക്കു ധൈര്യണ്ടെങ്കിൽ പോയി കാണാം. കാരണം മുത്തച്ഛന്റെ പ്രേതം എന്നും വന്ന് തട്ടിൻ പുറത്ത് സിംഹാസനത്തിലിരിക്കാറുണ്ട്. അമ്മമ്മ ഒരിക്കൽ തട്ടിൻ പുറത്ത് എന്തോ എടുക്കാൻ കയറിയപ്പോൾ എല്ലാ ഫർണീച്ചറും പൊടിയും മാറാലയും പിടിച്ച് കെടക്കായിരുന്നു. ഈ സിഹാംസനം മാത്രം പൊടിയൊന്നും പിടിക്കാതെ ഷൈൻ ചെയ്തു കിടക്കുന്നു. ഒരു അസ്‌ട്രോളജറാണ് പറഞ്ഞത്, മുത്തച്ഛന്റെ പ്രേതം വരാറുണ്ടെന്ന്. അവര് കള്ളികൾ വരച്ച് ഷെല്ലൊക്കെ നിരത്തി വെച്ച് നോക്കില്ലെ? അങ്ങിനെ കണ്ടുപിടിച്ചതാണ്.

അജിത്: (അത്ഭുതപരതന്ത്രനായി) നീലുവിന് പേടിയില്ലെ?

നീലു: എനിയ്ക്കു പേടിയാണെന്നോ? ഞാൻ ഓടും.

cut to

വിമലയും വിജയനും ചിരിക്കുന്നതു കാണിക്കുന്നു.

Fade out.

സീൻ – 24:

തിരക്കു പിടിച്ച ഒരു തെരുവാണ് കാണിക്കുന്നത്. രാവിലെ പത്തുമണി സമയം. ഹോട്ടൽ ബ്രീസ് എന്നെഴുതിയ കെട്ടിടത്തിനുമുമ്പിൽ ഒരു ഓട്ടോ വന്നു നിൽക്കുന്നു. വാടക കൊടുത്ത് നീലിമ ഇറങ്ങുന്നു. ചുറ്റും നോക്കുമ്പോൾ പെട്ടിപ്പീടിക കാണുന്നു. അവിടെ അന്വേഷിക്കുന്നു.

നീലു: കേവ്മാൻ എന്നു പേരുള്ള ഒരു റോക് ഗ്രൂപ്പ് എവിടെയാണ് താമസിക്കുന്നത്?

കടക്കാരൻ: (അർത്ഥംവെച്ച് അവളെ നോക്കുന്നു) ബോണിയല്ലെ?

നീലു: തലയാട്ടുന്നു.

കടക്കാരൻ: ഇതാ നേരെ പോയി ആദ്യത്തെ തിരിവിൽ വലത്തോട്ട് പോവുക. മൂന്നാമത്തെ വീടാണ് വലത്തു ഭാഗത്ത്.

നീലു: താങ്ക്സ് (നടക്കുന്നു)

കടക്കാരൻ: ശ്ശ്.....

നീലു തിരിഞ്ഞു നോക്കുന്നു.

കടക്കാരൻ: വല്ലതും വേണോ കുട്ടി?

നീലു: (അത്ഭുതത്തോടെ) വേണ്ട. എന്തേ?

കടക്കാരൻ: അല്ലാ സാധാരണ അങ്ങോട്ടു പോകുന്ന കുട്ടികള് ഇവിടന്ന് വാങ്ങിക്കൊണ്ടു പോകാറുണ്ട്

നീലു: എന്ത്?

കടക്കാരൻ: കുട്ടി പൊയ്ക്കോളു. പിന്നീട് സ്വന്തം ചോദിച്ച് വാങ്ങിക്കോളും.

നീലു ചുമൽ കുലുക്കുന്നു. ഒന്നും മനസ്സിലാവുന്നില്ലെന്ന മട്ടിൽ. നടക്കുന്നു. വളവു തിരിഞ്ഞ് മൂന്നാമത്തെ വീടിനു മുമ്പിൽ നിൽക്കുന്നു. അവിടെ ഒരു പഴയ വീടിനു മുമ്പിൽ The cave എന്നെഴുതിവെച്ചിട്ടുണ്ട്. നീലു ഗെയ്റ്റു കടന്ന് ചെല്ലുന്നു. അകത്തു നിന്ന് Western Music ന്റെ ശബ്ദം പതിഞ്ഞു കേൾക്കാം. ചിത്രപ്പണികളുള്ള വാതിലിനു തൊട്ടടുത്ത ചുമരിൽ എഴുതിവെച്ചിട്ടുണ്ട്. ``**RING BELL TO INVOKE THE CAVEMEN**'' ബെല്ലിന്റെ സ്വിച്ചൊന്നുമില്ല. ഒരു ചരട് തൂങ്ങിക്കിടക്കുന്നുണ്ടെന്നു മാത്രം. അതിനു തൊട്ടടുത്ത് ഒരു കൊളുത്തിൽ ഒരു മാറാലത്തട്ടി ചാരിവെച്ചിട്ടുണ്ട്. നീലു സംശയിച്ച് ആ ചരടു വലിക്കുന്നു. അകത്ത് ഒരു

മണിയടിക്കുന്ന ശബ്ദം. പെട്ടെന്ന് സംഗീതം നിലയ്ക്കുന്നു.
വാതിൽ തുറക്കുന്നത് ബോണി.
നീലു: ഞാൻ നീലിമ.
ബോണി: (കൈ നീട്ടുന്നു) ഐയാം ബോണി.
നീലു കൈ കൊടുക്കുന്നു.
ബോണി: യൂസ് ദ ബ്രൂം.
നീലു: ബ്രൂം?
ബോണി: (മാറാലത്തട്ടി ചൂണ്ടിക്കാട്ടി) അതെ മാറാല തട്ടാൻ.
നീലുവിന് പെട്ടെന്ന് അതിലെ അതിഭാവുകത്വം മനസ്സിലാവുന്നു. അവൾ മാറാലത്തട്ടി എടുക്കുന്നതായി ഭാവിക്കുന്നു. (എടുക്കുന്നില്ല) എന്നിട്ട് അതുകൊണ്ട് വാതിൽക്കലുള്ള അദൃശ്യമായ മാറാല തട്ടുന്നതായി ഭാവിക്കുന്നു.
ബോണി: (impresed) ഹേ യൂവാർ ദ റൈറ്റ് ഗേൾ ഫോർ മീ, കമിൻ.
സീൻ – 25:
അകത്ത് മറ്റു മൂന്നു പേരും അവരവരുടെ ഉപകരണങ്ങളുമായി നിൽക്കുന്നു. ബോണി നീലിമയെ പരിചയപ്പെടുത്തുന്നു.
ബോണി: ദിസീസ് നീലിമ ഫ്രം കാനഡ. ഷർലിയുടെ ഫ്രണ്ടാണ്. ആന്റ് ദാറ്റ്സ് ദ ഓൺലി നെഗറ്റീവ് പോയിന്റ്.
ഓരോരുത്തരായി വന്ന് പേരു പറഞ്ഞുകൊണ്ട് നീലിമക്ക് കൈകൊടുക്കുന്നു.
നീലിമ ചുറ്റും നോക്കുന്നു. അലങ്കോലപ്പെട്ടു കിടക്കുന്ന മുറി. സംഗീതോപകരണങ്ങൾ, ചുമരിലെ ബ്ലോ അപ്പുകൾ. അവൾക്ക് എല്ലാം ഇഷ്ടപ്പെടുന്നു.
നീലിമ: നിങ്ങൾ ശരിക്കും കേവ്മെന്നെപ്പോലെ തോന്നിക്കുന്നു.
ബോണി: ഞങ്ങൾ ശരിക്കും കേവ്മെന്നാണ്. പതിനായിരം കൊല്ലം മുമ്പുണ്ടായിരുന്നവർ. ഒരു ടൈം വാർപ്പ് വന്നപ്പോൾ ഞങ്ങൾ മോഡേൺ ടൈംസിലേക്ക് എടുത്തെറിയപ്പെട്ടതാണ്.
നീലു: അസിമോവ് ഞാനും വായിച്ചിട്ടുണ്ട്.
ബോണി: നൌ ഇൻ ഓണർ ഓഫ് മിസ് നീലിമ...... (നീലിമയോട് തിരിഞ്ഞ്) യുവർ ഫുൾ നെയിം?
നീലു: നീലിമ മേനോൻ.
ബോണി: ഇൻ ഓണർ ഓഫ് മിസ് നീലിമ മേനോൻ (ഗിത്താർ മീട്ടുന്നു. മറ്റുള്ളവരും ചേരുന്നു. സംഗീതം.)
നീലു ഡാൻസിന്റെ ചെറിയ ചുവടുകൾ വെക്കുന്നു. പെട്ടെന്ന് വാച്ചുനോക്കിക്കൊണ്ട്.
നീലു: ഓ സമയം കുറെയായി. ഞാൻ അമ്മമ്മയോട് ഇപ്പൊ വരാംന്ന് പറഞ്ഞ് പോന്നതാണ്. ഞാൻ പോട്ടെ.
സംഗീതം നിർത്തി എല്ലാവരും അവളെ അനുഗമിക്കുന്നു. വാതിൽക്കൽ എത്തിയപ്പോൾ ബോണി വാതിൽ തുറന്നു പിടിക്കുന്നു. ആദ്യം നീലു പുറത്തുകടക്കുന്നു. പിന്നെ മറ്റുള്ളവർ പുറത്തു കടക്കാൻ നോക്കുമ്പോൾ ബോണി രൂക്ഷമായി നോക്കി. അവരെ കടന്ന് പുറത്തു കടന്ന് വാതിലടക്കുന്നു. ഗെയ്റ്റു വരെ നടന്ന് നീലിമക്ക് കൈ കൊടുത്ത് പിരിയുന്നു.
സീൻ – 26:
ഗുഹക്കുള്ളിൽ മൂന്നുപേരും ഇരിക്കുന്നു. മുഖം പ്രസാദമല്ല. വാതിൽ തുറന്ന് ബോണി പ്രവേശിക്കുന്നു. വാതിലടച്ച് സൈമനു നേരെ ഭീഷണിപ്പെടുത്തുന്ന വിധം നടക്കുന്നു. സൈമന്റെ അടുത്തെത്തിയപ്പോൾ അയാളുടെ കോളർ പിടിച്ച് എഴുന്നേൽപ്പിക്കുന്നു.
സൈമൺ: ആൾ റൈറ്റ് ഭീഷണിപ്പെടുത്തേണ്ട ആവശ്യമൊന്നുമില്ല.
ബോണി മറ്റുള്ളവരേയും ഭീഷണിപ്പെടുത്തുന്നവിധം നോക്കുന്നു. ബോണി കോളർ വിടുന്നു.
സൈമൺ: ദിസീസ് നോട്ട് ഫേയർ. ഭംഗിയുള്ള പെൺകുട്ടികൾ വരുമ്പോൾ ഉടനെ നിന്റേതാക്കുന്നു. ഞങ്ങൾക്കും ചാൻസു കിട്ടണം.
ബോണി: ഇവിടെ എന്റെ ഡിക്റ്റേറ്റർഷിപ്പാണ്.
ഗിത്താറെടുക്കുന്നു. മറ്റുള്ളവരും വൈമനസ്യത്തോടെ അവരവരുടെ സ്ഥാനങ്ങളിൽ നിലയുറപ്പിക്കുന്നു.
Fade out.
സീൻ – 27:
ക്ലബ്ബ് – ഇടത്തരം ക്ലബ്ബ്. ഒരു കാരം ബോർഡിനു ചുറ്റും നാലുപേർ കളിക്കുന്നു. കുറച്ചു വിട്ട് ഒരു വലിയ മേശക്കു ചുറ്റും വിജയനും സ്നേഹിതന്മാരും റമ്മി കളിക്കുന്നു. യൂണിഫോമിട്ട പയ്യൻ മണി (18 വയസ്സ്) ഓരോരുത്തർക്കു വേണ്ടത് കൊണ്ടുപോയി കൊടുക്കുന്നു.
വാതിൽ തുറന്ന് മാത്യു പ്രവേശിക്കുന്നു. ഒരു മെലിഞ്ഞ മനുഷ്യനാണ്. പത്തമ്പതു വയസ്സുപ്രായം. നടന്നുവന്ന് ശീട്ടു കളിക്കുന്ന മേശയ്ക്കരുകിൽ നിൽക്കുന്നു.
മാത്യു: അതാ എന്റെ സ്ഥാനം പോയോ? ശീട്ടുകളിയിൽ മുഴുകിയ എല്ലാവരും തലയുയർത്തി നോക്കുന്നു. വിജയൻ ഒഴികെ എല്ലാവരും ചിരിക്കുന്നു. വിജയന് മനസ്സിലാവുന്നില്ല.
മാത്യു: (വിജയനെ നോക്കി) മാഷെ എണീക്ക്. വിജയൻ മറ്റുള്ളവരുടെ മുഖത്ത് നോക്കുന്നു.
കളിച്ചിരുന്നവരിൽ ഒരാൾ രവി പറയുന്നു.
രവി: മാത്യു സാറെ ഇന്ന് വിജയൻ കളിച്ചോട്ടെ.
മാത്യു: അതു പറ്റില്ല. ഞാൻ പറഞ്ഞിട്ടുണ്ട് ടെമ്പററി അറേയ്ഞ്ച്മെന്റിനൊന്നും മാത്യുവിനെ കിട്ടില്ലെന്ന്. പെർമനന്റ് മെമ്പർഷിപ്പ് മാത്രം.

മറ്റൊരാൾ (രവിയുടെ അടുത്തിരിക്കുന്ന ആൾ) പേര് സോമൻ.
സോമൻ: വിജയൻ കഴിഞ്ഞ നാലുദിവസം വന്നില്ലല്ലൊ. അപ്പൊ വിജയന്റെ സബ്സ്റ്റിറ്റ്യൂട്ട് ആയി എടുത്തതാണ്. മഹാമോശം കളിക്കാരനാ.
മാത്യു: ആരാടോ മോശം കളിക്കാരൻ? (സ്വരം താഴ്ത്തി)
സോമൻ: അല്ല ഇവിടെ പറഞ്ഞതാ.
മാത്യു: ഞാൻ മോശമായി കളിച്ചാ ഞാനല്ലെ തോൽക്കുന്നത്. അതിനുതനിക്കെന്താ.
വിജയൻ: (ശീട്ട് മേശപ്പുറത്തിട്ട് എഴുന്നേൽക്കുന്നു) മാത്യുസാറ് ഇരിക്ക്, എനിക്കേതായാലും നേർത്തെ പോണം. ഇപ്പൊത്തന്നെ സമയം വൈകി.
വേറൊരാൾ (പേര് നാണപ്പൻ)
നാണപ്പൻ: വിജയന് ഇപ്പോൾ ഒരു പക്ഷിയെ കിട്ടിയിട്ടുണ്ട്. (എല്ലാവരും അയാളെ നോക്കുന്നു.) ഒരു പുതിയ ട്യൂഷൻ ടീച്ചർ. അതാണിപ്പൊ ഇങ്ങോട്ടൊന്നും കാണാത്തത്.
വിജയൻ നാണപ്പനെ ദേഷ്യത്തോടെ നോക്കുന്നു.
രാജു: അതു തന്ന്യാ കാര്യം അല്ലെ? ഞാനും വിചാരിച്ചു വിജയന് എന്തോ തടഞ്ഞിട്ടുണ്ടെന്ന്.
വിജയൻ: ചെറിയ കുട്ട്യാണ് അവള്.
നാണപ്പൻ: സ്വീറ്റ് സിക്സ്റ്റീൻ ആണ്.
വിജയൻ: (ദേഷ്യം) നാണപ്പൻ തന്റെ മൂത്തമകൾക്ക് എന്താണ് പ്രായം?
നാണപ്പൻ പരുങ്ങുന്നു. പ്യൂൺ വല്ലായ്മയോടെ രണ്ടുപേരെയും നോക്കുന്നുണ്ട്.
വിജയൻ: പറയടോ.
നാണപ്പൻ: പതിനേഴ്.
വിജയൻ: എന്നിട്ടല്ലെ താൻ ഇതൊക്കെ പറയുന്നത്. തന്റെ മോളെ ഞങ്ങളാരെങ്കിലും പറഞ്ഞാൽ തനിക്കിഷ്ടമാവ്വോ?
നാണപ്പൻ പരുങ്ങുന്നു.
രാജു: വിജയൻ, അയാള് തമാശ പറഞ്ഞതല്ലെ?
വിജയൻ: മറ്റുള്ളവരുടെ മക്കളെപ്പറ്റി നാറിയത് പറയരുത്. (ശീട്ടുകൾ മേശമേൽ നിന്നെടുത്ത് വീണ്ടും ഒരു ശബ്ദത്തോടെ മേശമേൽ അടിച്ചുവെച്ച് മാറിനിൽക്കുന്നു. മാത്യുവിനോട്) ഇതാ സബ്സ്റ്റിറ്റ്യൂട്ടിനിരിക്കാം.
(ദ്ദേഷ്യത്തോടെ പുറത്തേക്കു കടക്കുന്നു) പ്യൂൺ പയ്യൻ മണി പുറത്തു നിൽക്കുകയാണ്. അവൻ സംശയിച്ചുകൊണ്ട് വിജയനെ വിളിക്കുന്നു.)
മണി: വിജയൻ സാറെ...
വിജയൻ: (തിരിഞ്ഞു നോക്കുന്നു) എന്താ മണി?
മണി: സാറ് പോവ്വാണോ?
വിജയൻ: അതെ കുറച്ചു നേർത്തെ വീട്ടിലെത്തണം. എന്തേ?
മണി: എന്നാ സാറ് പൊയ്ക്കോളു.
വിജയൻ: എന്താ കാര്യം പറ.
മണി: ഹോട്ടലുകാര് ഒരു മാസത്തെ ശമ്പളം തന്നു.
വിജയൻ: എന്തു തന്നു?
മണി: ഇരുന്നൂറ്റമ്പതുറുപ്പിക.
വിജയൻ: തരക്കേടില്ലല്ലൊ. നീ അവിടെ നാലുമണിവരെയല്ലെ ജോലിയെടുക്കുന്നുള്ളു. ഇപ്പൊ ക്ലബ്ബിൽനിന്നു കിട്ടുന്ന ഇരുന്നൂറ്റയ്മ്പതും കൂടി അഞ്ഞൂറായില്ലെ? നീ അച്ഛനു പണം അയച്ചു കൊടുത്തുവോ?
മണി: ഇല്ല സാർ. സാറിനു തരാനുള്ള പണം തരാംന്നുവെച്ചു.
വിജയൻ: (വാത്സല്യത്തോടെ അവന്റെ പുറം തട്ടുന്നു) എടോ തന്നോട് ആരും പണമൊന്നും ചോദിച്ചില്ലല്ലൊ. എനിക്ക് ആവശ്യം വരുമ്പോൾ ചോദിക്കാം. നീ നാളെത്തന്നെ ആ പണം അച്ഛന് അയച്ചുകൊടുക്ക്. അവര് നിന്നെ ആശ്രയിച്ചാണ് ഇരിക്കുന്നത്. നിനക്ക് ജോലി വേണംന്ന് പറഞ്ഞു. ജോലിയാക്കിത്തന്നു. നിനക്ക് നല്ല ഉടുപ്പുകൾ ഒന്നും ഇല്ല്യാന്ന് കണ്ടപ്പോൾ ഉടുപ്പുകൾ തയ്ച്ചുതന്നു. ഒരു മാസം ഭക്ഷണവും ഏർപ്പാടാക്കി. അത്രയല്ലെ ഉള്ളു. ഇതൊക്കെ എല്ലാവരും ചെയ്യാൻ ബാദ്ധ്യസ്ഥരാണ്.
മണി: പിന്നെ ഫുൾഡേ അവിടെ നിൽക്കാൻ പറ്റ്വോന്ന് ജോസഫ് സാറ് ചോദിച്ചു.
വിജയൻ: എന്തു ശമ്പളം കിട്ടും?
മണി: എഴുന്നൂറു രൂപകിട്ടും. പിന്നെ ടിപ്പ് ധാരാളം കിട്ടുംത്രെ. വൈകുന്നേരാണ് റഷ്ണ്ടാവ്വാ.
വിജയൻ: എന്നാ, നാളെത്തന്നെ അവിടെ ഫുൾടൈം ചേർന്നോ...ജോസഫ്കുട്ടി നല്ലവനാ.
മണി: അപ്പൊ ഇവിട്ത്യോ സാറെ. സാറ് ആക്കിത്തന്ന ജോലിയല്ലെ?
വിജയൻ: അതു സാരല്ല്യ. നീ നാളെത്തന്നെ അവിടെ ചേർന്നോ. ഞാൻ ജോസഫ്കുട്ടിക്ക് ഫോൺ ചെയ്തുപറയാം.
മണി: ശരി സാർ.
വിജയൻ ഒരിക്കൽകൂടി അവന്റെ പുറത്തു തട്ടി പോകുന്നു. മണി നോക്കി നിൽക്കുന്നു. അവന്റെ കണ്ണിൽ വെള്ളം നിറയുന്നുണ്ട്.
സീൻ – 28:
വിമല അടുക്കളയിൽ ജോലി എടുക്കുന്നു. അജിത് വരുന്നു. പഠിക്കുന്നിടത്തുനിന്ന് വരികയാണ്. ഒരു നിമിഷം

അമ്മ കഷ്ണം നുറുക്കുന്നത് നോക്കി നിൽക്കുന്നു.
അജിത്: അമ്മേ, നീലു പറയ്യാണ്, അവള് ഒരു രാജകുമാര്യാണ്ന്ന്.
വിമല: (അത്ഭുതം അഭിനയിച്ച്) അത്യോ
അജിത്: ങ്ങാ, അവിടെ കാനഡയില് അവര് ഒരു കോട്ടയിലാണ് താമസിക്ക്ണ്ത്ത്രെ.
വിമല: ഉം?
അജിത്: ങ്ങാ. അവള് പറയണത് കാനഡയില് നമ്മള് പോയാൽ അവളുടെ അടുത്ത് ഇരിക്കാനൊന്നും പറ്റില്ലാത്രെ. നമുക്ക് സ്വാതന്ത്ര്യം കിട്ടീല്ലെ. അതോണ്ടാണ് ഇവിടെ നമുക്ക് അവള്ടെ അടുത്ത് ഇരിയ്ക്കാനൊക്കെ പറ്റുന്നത്. വിമല മുറിച്ചെടുത്ത കഷ്ണങ്ങൾ കഴുകി അടുപ്പത്ത് പാത്രത്തിലിടുന്നു. ജോലിയ്ക്കിടയിൽ ഇടയ്ക്ക് മകനെ നോക്കുന്നുണ്ട്, ചിരിക്കുന്നുണ്ട്.
അജിത്: അവള് ശരിക്കും രാജകുമാര്യാണ്ന്ന് തോന്ന്ണ്ണ്ട്ട്ടൊ. അവളടെ കൈവിരലൊക്കെ എന്ത് ഭംഗ്യാണ്. ഈ മാസികേലൊക്കെ നെയിൽപോളിഷിന്റെ പരസ്യത്തിൽ കാണ്ണില്ല്യെ, അതുപോലെത്തെ വിരലുകളാണ്. (അവൻ സ്വന്തം വിരലുകൾ നോക്കുന്നു) എന്റെ വിരലൊന്നും അത്ര ഭംഗീല്ല്യ.
വിമല: നീ ഹോംവർക്കൊക്കെ ചെയ്തു കഴിഞ്ഞോ?
അജിത്: ഇല്ല കുറച്ചു കൂടീണ്ട്.
വിമല: അച്ഛൻ വരുമ്പോഴേയ്ക്ക് അതും ചെയ്തുവെച്ചുകൂടെ?
അജിത്: ങ്ങാ, ഞാൻ പോവ്വാണ്.
Fade out.
സീൻ – 28:
അജിതിന്റെ മുറി – കാമറ കാണിക്കുന്നത് അവന്റെ മുഖത്താണ് അവൻ പെൻസിലും പിടിച്ച് എന്തോ ആലോചിച്ചു കൊണ്ടിരിക്കയാണ്. ചുറ്റും നടക്കുന്നതൊന്നും അറിയുന്നില്ല.
Camera cuts to Vijayan entering the room. . വിജയൻ കടന്നു വന്ന് അവൻ എന്താണ് ചെയ്യുന്നതെന്ന് നോക്കുന്നു. ഓഫീസിൽ നിന്നു വന്ന വേഷമാണ്. അടുത്തെത്തിയിട്ടും അജിത് അറിയുന്നില്ല. ആലോചനയിൽത്തന്നെയാണ്. വിജയൻ ഒരു നിമിഷം അവനെ വിളിക്കാനൊരുങ്ങുന്നു. പിന്നെ അതു വേണ്ടെന്നു വെച്ച് തിരിച്ച് സ്വീകരണമുറിയിൽപോയി ഇരിക്കുന്നു. ഷൂസ് അഴിക്കുന്നു. ചായയുമായി വരുന്ന വിമലയോട്.
വിജയൻ: ഒരു കാര്യം ശ്രദ്ധിച്ചുവോ?
വിമല ചോദ്യഭാവത്തിൽ നോക്കുന്നു.
വിജയൻ: അജിത് ഇപ്പോൾ വീഡിയോ ഗെയിം തൊടുന്നില്ല. ആ സമയം അവൻ പഠിക്കുകയൊന്നുമല്ല. മനോരാജ്യം കാണുകയാണ്. എന്തായാലും വീഡിയോ ഗെയിം കളിച്ച് കണ്ണ് കേടുവരുത്തില്ലല്ലൊ.
വിജയൻ ചായ കയ്യിൽ വെച്ചുകൊണ്ട് മേശവലിപ്പ് തുറന്ന് ഒരു കാസറ്റെടുത്ത് ടേപ്പ് റെക്കോർഡിൽ ഇടുന്നു. ഒരു പഴയ ഹിന്ദിപാട്ട് വോള്യം കുറച്ച് വെക്കുന്നു.
Fade out
സീൻ – 29:
ഹോട്ടൽ ബ്രീസിന്റെ റെസ്റ്റോറണ്ട്. സമയം വൈകുന്നേരം എട്ടുമണി. റെസ്റ്റോറണ്ടിന്റെ ഒരു മൂലയിൽ ഒരു ചെറിയ പ്ലാറ്റ്ഫോമിൽ ബോണി ആന്റ് പാർട്ടിയുടെ പാട്ടു തകർക്കുന്നു. ‘We did’nt start the fire’ എന്ന പാട്ടാണ്. സൈക്കഡെലിക് ലൈറ്റുകൾ വേണം. എല്ലാ മേശകളും ഒരു മാതിരി നിറഞ്ഞിട്ടുണ്ട്. മണി വെയ്റ്ററുടെ യൂണിഫോമിൽ സർവ് ചെയ്യുന്നു. ക്ലോസപ്പിൽ കാണിക്കുന്ന മണിയുടെ മുഖം പ്രസന്നമാണ്.

cut to
സീൻ – 30:
അതേ രംഗം തന്നെ. പാട്ടു നിന്നിരിക്കുന്നു. സ്റ്റേജിൽ സംഗീതോപകരണങ്ങൾ അനാഥമായി കിടക്കുന്നു. ഇപ്പോൾ ബോണിയും കൂട്ടരും ഒരു മേശയ്ക്കു ചുറ്റും ഇരുന്ന് ഭക്ഷണം കഴിക്കുന്നു. മണിയാണ് സർവ് ചെയ്യുന്നുത്.
ബോണി: (സൈമനു നേരെ തിരിഞ്ഞ്) നമ്മുടെ സപ്ലൈ മുഴുവൻ കഴിഞ്ഞല്ലൊ.
സൈമൺ: ഇന്നേക്ക് ഇല്ലെ?
ബോണി: ഇല്ലെന്നു തലയാട്ടുന്നു.
സൈമൺ: ജോസഫേട്ടനോട് ചോദിച്ചാലോ?
ബോണി: നോ ചാൻസ്. ഇപ്പോൾ തന്നെ നാലുമാസത്തെ ശമ്പളം അഡ്വാൻസ് വാങ്ങിക്കഴിഞ്ഞു.
മറ്റു രണ്ടുപേരും ഇവരുടെ സംസാരത്തിൽ താൽപര്യമെടുക്കുന്നില്ല.
സൈമൺ: പെട്ടിക്കടയിൽ ഒന്നു ശ്രമിച്ചാലോ?
ബോണി: പതിനഞ്ചു രൂപ എണ്ണിക്കൊടുത്താലല്ലാതെ ചന്ദ്രൻ പൊതി പുറത്തെടുക്കില്ല.
സൈമൺ: പതിനഞ്ചുരൂപ എവിടെനിന്നുണ്ടാക്കും?
ബോണി: നമുക്കൊന്നുകൂടി ശ്രമിച്ചു നോക്കാം.
ഗ്ലാസ്സിലെ വെള്ളം മോന്തിക്കുടിച്ച് ഭക്ഷണം നിർത്തി എഴുന്നേൽക്കുന്നു. ബോണിയും സൈമണും റസ്റ്റോറണ്ടിനു പുറത്തു കടക്കുന്നു.
സീൻ – 31:

ഹോട്ടലിനു പുറത്തുള്ള പെട്ടിക്കട. വളരെ തിരക്കു പിടിച്ച് കച്ചവടം നടക്കുന്നു. മണി (ഹോട്ടൽ ബോയ്) ഒരു കസ്റ്റമർക്കു വേണ്ടി സിഗരറ്റ് വാങ്ങാൻ വന്നിരിക്കുന്നു. സിഗരറ്റു വാങ്ങി തിരിഞ്ഞപ്പോഴാണ് ബോണിയും സൈമണും വരുന്നത് കണ്ടത്. അവൻ ഒരു നിമിഷം നിൽക്കുന്നു.

ബോണി: ചന്ദ്രൻ ഒരു പൊതിയെടുക്ക്.

ചന്ദ്രൻ: ആദ്യം പണമെടുക്ക്.

ബോണി: പണമില്ല.

ചന്ദ്രൻ: എങ്കിൽ പൊതിയുമില്ല.

ബോണി: ചന്ദ്രൻ ഡിയർ, നമ്മൾ ഇത്ര പഴയ കസ്റ്റമേഴ്സ് ആയിട്ട് ക്രെഡിറ്റ് ഫെസിലിറ്റി തരേണ്ടതാണ്. ചന്ദ്രൻ കടയ്ക്കു മുമ്പിൽ തൂക്കിയിട്ട ഒരു പലക ചൂണ്ടിക്കാട്ടുന്നു. അതിൽ ഇന്നു റൊക്കം നാളെ കടം എന്നെഴുതിയിട്ടുണ്ട്.

ബോണി: ഇളിഞ്ഞ ചിരിയോടെ) അതൊക്കെ മറ്റുള്ളവർക്കു വേണ്ടി എഴുതിവെച്ചിട്ടുള്ളതല്ലെ?

ചന്ദ്രൻ (മറ്റൊരാൾക്ക് സിഗരറ്റ് എടുത്തുകൊടുത്ത് പണം വാങ്ങുന്നു പിന്നെ തിരിഞ്ഞ് ബോണിയോട്) അല്ല എല്ലാവർക്കും വേണ്ടിയുള്ളതാണ്.

ബോണി: ചന്ദ്രൻ, നമ്മളൊക്കെ പണ്ടും......

ചന്ദ്രൻ: സമയം കളയാതെ പോ മാഷെ.

ബോണി: (അടവു മാറ്റുന്നു. ഭീഷണിപ്പെടുത്തുന്ന സ്വരത്തിൽ) തന്നോട് നല്ലതു പറഞ്ഞാൽ ശരിയാവില്ല. തരാൻ ഭാവമുണ്ടോ?

ചന്ദ്രൻ: (ഉറപ്പിച്ച് ) ഇല്ല.

ബോണി ചന്ദ്രനെ അടിക്കാനോങ്ങുന്നു. ചന്ദ്രൻ കടക്കുള്ളിൽ നിന്ന് ഒരു കത്തിയുമായി പുറത്തു ചാടുന്നു.

ചന്ദ്രൻ: വാടാ ധൈര്യമുണ്ടെങ്കിൽ

ബോണി: (പെട്ടെന്ന് തണുത്ത് അനുരഞ്ജനത്തിൽ) ഞാൻ തമാശ പറഞ്ഞതല്ലെ അളിയാ നമ്മള് തമ്മില്.....പണ്ടും.....

ചന്ദ്രൻ: അതാ നല്ലത്. എന്റടുത്ത് കളിക്കാൻ വന്നോരൊന്നും ജീവനോടെ തിരിച്ചു പോയിട്ടില്ല. മനസ്സിലാക്കിക്കോ. (തിരിച്ച് കടയിൽ കയറുന്നു)

ബോണി: (സൈമനോട്) സ്ഥലം വിട്ടോടാ. (രണ്ടുപേരും പോകുന്നു.)

അതുവരെ നോക്കിനിൽക്കുകയായിരുന്ന മണി പെട്ടെന്ന് സ്വന്തം കയ്യിലുള്ള സിഗരറ്റ് പാക്കറ്റ് കാണുന്നു. പെട്ടെന്ന് ധൃതിയിൽ ഓടുന്നു.

സീൻ - 32:

വീടിന്റെ ഉമ്മറം. വിമലയും നീലിമയും സംസാരിച്ചുകൊണ്ടിരിക്കുന്നു. ചൂരൽ കസേരകളാണ് ഉമ്മറത്തുള്ളത്. അജിത് ഗെയ്റ്റ് കടന്നു വരുന്നു. കയ്യിൽ വെച്ചെഴുതാനുള്ള ഒരു ബോർഡിൽ ക്ലിപ്പിന്നടിയിൽ ചോദ്യ ക്കടലാസ്. കയ്യിൽ പെൻ. അജിതിനെ കാണുമ്പോൾ നീലു എഴുന്നേൽക്കുന്നു, അവന്റെ കയ്യിൽ നിന്ന് ചോദ്യക്കടലാസ് തട്ടിപ്പറിക്കാൻ ശ്രമിക്കുന്നു. അജിത് കൊടുക്കുന്നില്ല. അവസാനം ബലം പ്രയോഗിച്ച് അവന്റെ കയ്യിൽ നിന്ന് ചോദ്യക്കടലാസ് വാങ്ങിനോക്കുന്നു. ഓരോ കണക്കും പരിശോധിക്കുന്നു. ഒരു കണക്ക് തെറ്റിച്ചതായി മനസ്സിലാക്കുന്നു.

നീലു: (കയർക്കുന്നു) മാത്രം ഒന്ന് തെറ്റിച്ചു. വെറും കെയർലെസ് ആയിട്ടാണ്. ഞാൻ ഇന്നലെ പറഞ്ഞുതന്ന സം അല്ലെ. സെന്റ് പേർസന്റ് മാർക്കു കിട്ടുമായിരുന്നു. ഇപ്പോൾ നൈന്റി ഫൈവ് കിട്ടിയാലായി.

അജിത്: അമ്മേ വിശക്കുന്നു. ദോശ തരു.

വിമല: എഴുന്നേൽക്കുന്നു.

നീലു: നോക്കു ചേച്ചി ഈ മന്തൻ കാണിച്ചിരിക്കുന്നത്. സെന്റ് പേർസന്റ് കിട്ടേണ്ടതാണ്.

വിമല: (അവളുടെ തോളിൽ സ്നേഹപൂർവ്വം കൈ വെക്കുന്നു) മോളെ ഇത്രയെങ്കിലും ആയില്ലെ. നിന്റെ കഴിവുകൊണ്ട് മാത്രമാണ്. അവന് മാത്ത്സില് എത്ര കൊറച്ച് മാർക്കേണ്ടായിരുന്നുള്ളു.

cut to

സീൻ - 33:

നീലിമ അജിതിന് ട്യൂഷൻ കൊടുക്കുകയാണ്. അജിത് ട്യൂഷനുള്ള മൂഡിലല്ല. അവൻ ഓരോ വികൃതി കാണിക്കുന്നു. നീലു ദ്വേഷ്യം പിടിച്ച് എഴുന്നേൽക്കുന്നു.

സീൻ - 34:

വിമല അടുക്കളയിൽ ജോലിയെടുക്കുന്നു. നീലു കടന്നുവരുന്നു.

നീലു: നോക്കു ചേച്ചി ഈ അജിത് ഞാൻ പറയുന്നതൊന്നും കേൾക്കുന്നില്ല. വെറുതെ ഉപദ്രവി ചെയ്തു കൊണ്ടിരിക്ക്യാണ്.

വിമല ചിരിക്കുന്നു.

നീലു: എന്താണ് ചേച്ചി ചിരിക്കുന്നത്?

വിമല: ഒന്നുമില്ല മോളെ. നിന്റെ വർത്തമാനം കേട്ടിട്ടു തന്നെ.

നീലു: അമ്മമ്മേം അതെ, ഞാൻ സംസാരിച്ചാൽ ചിരിയ്ക്കാൻ തുടങ്ങും. ഞാനെന്താ ചെയ്യാ എനിയ്ക്ക് മലയാളം അത്രെ അറിയു.

cut to

സീൻ - 35:
വിജയന്റെ ഓഫീസ് -
വിജയൻ ചേമ്പറിൽ സ്റ്റെനോ പെൺകുട്ടിയ്ക്ക് ഡിക്ടേറ്റു ചെയ്യുകയാണ്. പശ്ചാത്തലത്തിൽ ചുവരിലെ ക്ലോക്കിൽ 4.30 ആയി.
``We are in receipt of your letter No: so and so dated 15th instant and are glad to note that our offer is under your active consideration..."
ഫോൺ ബെല്ലടിക്കുന്നു. വിജയൻ ഡിക്റ്റേഷൻ നിർത്തി ഫോണെടുക്കുന്നു.
ഹല്ലോ, വിജയൻ ഹിയർ...അതെയതെ പോവ്വായി. കുറച്ചു കൂടി ജോലിയുണ്ട്......ഇന്ന് വീട്ടിലേക്കാണ്.....അയ്യോ ഇന്ന് വരാൻ പറ്റില്ല....ഭാര്യയോട് പറഞ്ഞിട്ടുള്ളതാണ്.....ഒരാഴ്ചയോ? നാലു ദിവസം മുമ്പ് വന്നതല്ലെ?...... മാത്യുസാറിനെ വെച്ചുകൂടെ.... തൽക്കാലം മാനേജ് ചെയ്യു. നാളെ, അല്ലെങ്കിൽ മറ്റന്നാൾ...ശരി വെക്കട്ടെ.
ഫോൺ വെക്കുന്നു.
വിജയൻ: (തിരിഞ്ഞ് മോളിയോട്) നമ്മൾ എവിടെയാണ് എത്തിയത്?
മോളി: under your active consideration.
വിജയൻ (ഡിക്റ്റേഷൻ തുടരുന്നു) As regards the clarfication for the various points raised by you....

Fade out.
സീൻ - 36:
ബീച്ചാണ് രംഗം. വിജയൻ, വിമല, നീലു, അജിത്. നടക്കുകയാണ്. വേലിയേറ്റം. വലിയ തിരകൾ മണലിലേക്ക് നാവുകൾ നീട്ടുന്നു.
വിമല: ഞങ്ങൾ ഈ ബീച്ചിൽ ആകെ രണ്ടു പ്രാവശ്യമേ വന്നിട്ടുള്ളു.
നീലു: (അത്ഭുതത്തോടെ) അതെന്താണ് കാരണം. ഇതു നല്ല ബീച്ചാണല്ലൊ.
വിമല: ബീച്ചൊക്കെ നല്ലതു തന്നെ. പക്ഷെ വരാനുള്ള മൂഡൊന്നും ഉണ്ടാവില്ല.
നീലു: നമുക്കിനി എല്ലാ ആഴ്ചയും ഇവിടെ വരണം.
വിജയൻ ഒന്നും പറയുന്നില്ല. പക്ഷെ അയാൾ സന്തുഷ്ടനാണ്. ഇടയ്ക്ക് നോക്കുമ്പോൾ അസ്തമയസൂര്യന്റെ വെളിച്ചം നീലുവിന്റെ മുഖം അരുണാഭമാക്കുന്നത് കാണുന്നു. ക്ലോസപ്പ് ഷോട്ടാണ് വേണ്ടത്. അവളെ ഏറ്റവും സുന്ദരിയായി കാണിക്കാവുന്ന ഷോട്ടാണത്. കാറ്റിൽ സിൽക്കുപോലുള്ള തലമുടി പാറുന്നു. കാതിലിട്ട വലിയ റിംഗ് ചാഞ്ചാടുന്നു. വിജയൻ ഒരു നിമിഷം ആ കാഴ്ച നിർന്നിമേഷനായി നോക്കുന്നു.
നീലു: (പെട്ടെന്ന് നിൽക്കുന്നു.) ചേട്ടാ നമുക്ക് ഇവിടെ ഇരിക്കാം.
വിജയൻ: ഇവിടെയോ?ഇവിടെ നനവല്ലെ?
നീലു: ഞങ്ങൾക്ക് ഇവിടെ ഒരു കാസിലുണ്ടാക്കണം.
വിമല: (വിജയനോട്) നമുക്ക് മുകളിൽ പോകാം. അവർ ഇവിടെ കളിച്ചോട്ടെ.
അവർ രണ്ടുപേരും മുകളിൽ ഉണങ്ങിയ മണലിലേക്കു നടക്കുന്നു. അവിടെ കടലിന്നഭിമുഖമായി ഇരിക്കുമ്പോൾ കാണുന്നത് നീലുവും അജിതും മണ്ണുമാന്തുന്നതാണ്.
കാമറ പാൻ ചെയ്യുമ്പോൾ കാണുന്നത് മറ്റു കുട്ടികൾ ഓടിക്കളിക്കുന്നതും മറ്റുമാണ്. കാമറ നീലുവിന്റെയും അജിതിന്റെയും അടുത്തെത്തി നിൽക്കുന്നു.
മീഡിയം ക്ലോസ് ഷോട്ട്.
നീലു ചുറ്റും നോക്കുന്നു. നാലഞ്ചുവാര അകലെ ഒറ്റയ്ക്ക് മണലിൽ കളിക്കുന്ന ഒരു ആറു വയസ്സുകാരനെ നോക്കുന്നു. അവന്റെ കയ്യിൽ മണ്ണു കുഴയ്ക്കാനുള്ള പ്ലാസ്റ്റിക് കൈക്കോട്ട് (കളിപ്പാട്ടം) ഒരു ചെറിയ പ്ലാസ്റ്റിക് ബക്കറ്റ് എന്നിവയുണ്ട്.
നീലു അജിതിനേയും കൂട്ടി അവന്റെ അടുത്ത് ചെല്ലുന്നു.
നീലു: നല്ല ഷോവെൽ, നല്ല ബക്കറ്റ്.
ആറു വയസ്സുകാരൻ മുഖമുയർത്തി നോക്കുന്നു.
നീലു: നിന്റെ കയ്യിൽ എല്ലാ സാധനങ്ങളുമുണ്ടല്ലൊ.
അവൻ തന്റെ കളിപ്പാട്ടങ്ങൾ ഓരോന്നായി അവൾക്കു കാണിച്ചു കൊടുക്കുന്നു. ചിലതിന്റെ പ്രയോഗങ്ങളും.
നീലു: ഇയ്യാള് ആള് ഒരു പ്രൊഫഷനലാണ്.
പയ്യൻ, അർത്ഥം മനസ്സിലായില്ലെങ്കിലും സന്തുഷ്ടനാവുന്നു.
നീലു: ഈ ഷോവെൽ ഞങ്ങൾ ബോറോ ചെയ്യട്ടെ?
പയ്യൻ സംശയിക്കുന്നു.
നീലു: ഞങ്ങൾ കുറച്ചു കഴിഞ്ഞിട്ട് തിരിച്ചു തരാം.
പയ്യൻ സംശയിക്കുന്നു. നീലു അടവു മാറ്റുന്നു.
നീലു: ഞങ്ങൾ ഇതാ ഇത്ര വലിയ ഒരു കാസില് ഉണ്ടാക്കാൻ പോവ്വാണ്. നിന്നെ അതിൽ പാർട്ടണറാക്കാം.
പയ്യൻ: എന്നീം കൂട്ട്വോ?
നീലു: പിന്നല്ലാതെ. പാർട്ടണറാക്കാംന്ന് പറഞ്ഞാൽ അതാണർത്ഥം.
അവൻ വേഗം അവന്റെ കളിസാമാനങ്ങളുമായി നീലുവിന്റെയും അജിതിന്റെയും ഒപ്പം പോകുന്നു. കാസിലിന്റെ പണി തുടങ്ങുന്നു.

shots കാണിക്കുമ്പോൾ കാസിലിന്റെ പണി പുരോഗമിക്കുന്നു.
കോട്ട നല്ല ഭംഗിയുള്ളതാണ്. പീരങ്കിഗോപുരങ്ങൾ, ചുറ്റും കിടങ്ങ്.
നീലു: (വിട്ടു നിന്നുകൊണ്ട്) ഇതാ ഇതു പോലത്തെ കാസിലാണ് ഞങ്ങടെ. ഈ മോട്ടില്ലെ, അതിലൊക്കെ വെള്ളംണ്ടാവും.
അജിതിന്റെ കണ്ണുകളിൽ അത്ഭുതം.
നീലു: (കാസിൽ ചൂണ്ടി) ഇതാ ഇതാണ് മെയിൻ ഹാൾ. റിസപ്ഷനും പാർട്ടിയും ഒക്കെ ഇവിടെയാണ് നടത്തുക. എന്റെ ബർത്ത്ഡേയും ഈ ഹാളിലാണ് സെലിബ്രേറ്റ് ചെയ്യുക.
അജിത്: അത്യോ.
നീലു: (ഉത്സാഹത്തോടെ) ങ്ങാ, എന്റെ ബർത്ത്ഡേയ്ക്ക് എത്ര പേരാണ് വര്വാന്നറിയ്യോ?
അജിത്: കൊറേ പേര് വര്വോ?
നീലു: ഉം. എല്ലാവരും റോയൽ ഫാമിലിയിൽ നിന്നായിരിക്കും റോയൽ ഫാമിലീന്ന് മാത്രെ ക്ഷണിക്കു. രാജകുമാരൻമാർ വലിയ എയർകണ്ടീഷൻ ചെയ്ത ലിമോസിനുള്ളിൽ വരും. മിക്കവാറും റോൾസ് റോയ്സ് കാറിലായിരുക്കും വരിക.
അജിത്: റോൾസ്റോയ്സ് നല്ല കാറാണോ?
നീലു: നല്ല കാറാണെന്നോ? അസ്സല് ചോദ്യം. ലോകത്ത് ഏറ്റവും കോസ്റ്റിലിയായ കാറാണത്. ടൂ ഹൺട്രഡ് തൌസന്റ് ഡോളറാണ് വില. അറിയ്യോ?
അജിത്: എന്നു വെച്ചാൽ?
നീലു: ഒരു ഡോളർന്ന് വെച്ചാൽ ടൊന്റി റുപ്പീസ്. ടു ഹൺ ട്രഡ് തൌസന്റ് ന്ന് വെച്ചാൽ ഫോർട്ടി ലാക്സ് റുപ്പീസ്.
ആറുവയസ്സുകാരൻ പയ്യൻ സംഭാഷണത്തിൽ വലിയ താൽപര്യമെടുക്കുന്നില്ല. അവൻ കാസിലിന്റെ ചുറ്റും ഇരുന്ന് അതിന്റെ ശില്പഭംഗി ആസ്വദിക്കുകയാണ്.
അജിത് ശരിക്കും അത്ഭുതപരതന്ത്രനായി നിൽക്കുകയാണ്.
അജിത്: നാൽപതു ലക്ഷം ഉറുപ്പിക ഒരു കാറിന്.
നീലു: ങ്ങാ, ഞങ്ങളുടെ വീട്ടിൽ രണ്ട് റോൾസ്റോയ്സുണ്ട്. ഒന്ന് ഡാഡിക്കും ഒന്ന് മമ്മിക്കും. എനിക്ക് ഒരു സിത്രിയോൺ കാറാണുള്ളത്.
അജിത്: നീലുവിന് കാറോടിക്ക്യാനൊക്കെ അറിയ്യോ?
നീലു: അറിയാം. പക്ഷെ അതിന്റെ ആവശ്യമൊന്നുമില്ല. ഞങ്ങൾക്ക് ഷോഫറെല്ലാമുണ്ട്.
അജിത്: ഷോഫറെന്നു വെച്ചാൽ?
നീലു: (അക്ഷമയോടെ) ഡ്രൈവർ, യു ഇഡിയറ്റ്. വല്യകാറുകളാവുമ്പൊ ഷോഫർ എന്നാ പറയ്വാ.
അജിത്: പക്ഷെ രാജാക്കന്മാരൊക്കെ കുതിരപ്പുറത്തല്ലെ യാത്ര ചെയ്യുക?
നീലു: അതൊക്കെ പണ്ട്. എന്റെ മുത്തച്ഛൻ രാജാവായിരുന്ന കാലത്ത്. മുത്തച്ഛൻ ഫൈറ്റിംഗിനൊക്കെ പോയിരുന്നത് കുതിരപ്പുറത്താണ്.
അജിത്: നീലുവിന്റെ മുത്തച്ഛൻ ഫൈറ്റിംഗിനൊക്കെ പോവാറുണ്ടൊ?
നീലു: മുത്തച്ഛൻ വലിയ ഫൈറ്ററായിരുന്നു. കുറെ കൺട്രീസ് കോൺകർ ചെയ്തിട്ടുണ്ട്. ബ്രിട്ടീഷ് കാരോടൊക്കെ എത്ര പ്രാവശ്യം ഫൈറ്റ് ചെയ്തിട്ടുണ്ടെന്നോ. മുത്തച്ഛന്റെ ഷീൽഡും സ്വോഡും ഇപ്പോഴും വീട്ടിലുണ്ട്. ഷീൽഡിന്മേലും, സ്വോഡിന്റെ പിടിയിലും ഒക്കെ ഡയമൺസ് പതിച്ചിട്ടുണ്ട്.
അജിത്: അത് കാണാൻ പറ്റ്വോ?
നീലു: ഉം. നിനക്ക് ധൈര്യമുണ്ടെങ്കിൽ പോയി നോക്ക്. എല്ലാം തട്ടിൻ പുറത്താണ് വെച്ചിരിക്കുന്നത്.
സൂര്യാസ്തമയം കാണിക്കണം. കാമറ പാൻ ചെയ്യുമ്പോൾ വിജയനും വിമലയും എഴുന്നേറ്റ് വസ്ത്രങ്ങളിലെ മണൽ തട്ടിക്കളഞ്ഞ് എഴുന്നേറ്റ് വരുന്നു. കോട്ട കണ്ട് അത്ഭുതപ്പെടുന്നു. രണ്ടു പേരും ഒപ്പം പറയുന്നു.
രണ്ടുപേരും: ഹായ് എന്തു ഭംഗിയുള്ള കോട്ട.
അജിത്: അമ്മേ, നീലു ഇതുപോലത്തെ ഒരു കോട്ടയിലാത്രെ കാനഡയില് താമസിക്കുന്നത്.
നീലു: (സൂത്രത്തിൽ വിഷയം മാറ്റുന്നു) ചേച്ചി അജിതിന്റെ ബർത്ത്ഡേ എന്നാണ്?
വിമല: ഇരുപതാന്തി. എന്തേ?
നീലു: നമുക്ക് നന്നായി സെലിബ്രേറ്റ് ചെയ്യണം.
വിജയൻ: (വാച്ചു നോക്കി) നമുക്ക് പോകാം. അവർ പോകാൻ തിരിയുന്നു. നീലു കളിപ്പാട്ടം പയ്യന്റെ കയ്യിൽ ഏൽപിച്ച് താങ്ക്സ് പറയുന്നു. അവർ നടന്നകലുന്ന ഷോട്ട്. അതു നോക്കി നിൽക്കുന്ന പയ്യന്റെ നേരെ കാമറ തിരിയുന്നു. അവർ നടന്നുനീങ്ങിക്കഴിയുമ്പോൾ അവൻ കോട്ടയുടെ അടുത്ത് നിൽക്കുന്നു. ഇപ്പോൾ അതിന്റെ സർവ്വാധികാരവും തനിക്കാണെന്ന മട്ടിൽ.
Fade out
സീൻ – 37:
ഗുഹയിൽ. നാലുപേരും റിഹേഴ്സലിനു തയ്യാറെടുക്കുകയാണ്. ഗിത്താർ ട്യൂൺ ചെയ്യുന്നു. പരിശോധിക്കുന്നു. ഡോർബെൽ അടിക്കുന്നു. പള്ളിമണിയുടേതുപോലുള്ള ശബ്ദമാണ്. നാലുപേരും മുഖമുയർത്തുന്നു.
സീൻ – 37എ:
വാതിലിനു പുറത്ത് നീലിമ കാത്തു നിൽക്കുന്ന ഷോട്ട്.
സീൻ – 37ബി:

ഉള്ളിൽ
ബോണി: ഫ്രന്റ് ഓർ ഫോ? (സൈമനോട്.) ഗിമ്മി എ കോയിൻ.
സൈമൺ: ഞാൻ തരില്ല. ടോസ് ചെയ്യാൻ വാങ്ങിയ കണക്കിൽ നീ എനിക്ക് പത്തുരൂപയിലധികം തരാനുണ്ട്.
ബോണി: ബീ നൈസ്. ഞാൻ ഈ മാസം എല്ലാം വീട്ടാം. ഹോട്ടൽ ബ്രീസിലെ പണം കിട്ടിയാൽ ആദ്യം നിന്റെ കടം വീടും. സൈമൺ മനസ്സില്ലാമനസ്സോടെ ഒരു ഇരുപത്തഞ്ചു പൈസ നാണ്യം കൊടുക്കുന്നു. ബോണി അതു വാങ്ങി പരിശോധിക്കുന്നു. തീരെ തൃപ്തികരമല്ലെന്ന മട്ടിൽ സൈമനെ നോക്കുന്നു.
ബോണി: ഇത്ര ചെറിയ കോയ്ൻ കൊണ്ട് ടോസ് ചെയ്താൽ മനസ്സിലാവില്ല. ചുരുങ്ങിയത് ഒരു രൂപയെങ്കിലും വേണം.
ബെൽ വീണ്ടും അടിക്കുന്നു.
ബോണി: ഓൾ റൈറ്റ്.
ടോസ് ചെയ്യുന്നു
ബോണി: ഫ്രെന്റാണ്. നാണ്യം സൈമനെ നോക്കിക്കൊണ്ട് സ്വന്തം കീശയിൽ നിക്ഷേപിക്കുന്നു.
വാതിൽ തുറക്കുന്നു.
നീലിമ: (അകത്തു കടന്ന്) ഹായ് എവരിബഡി. ഹിയർ ഐയാം.
ബോണി ഒഴികെ ആരും താൽപര്യം കാണിക്കുന്നില്ല.
ബോണി: (നിരാശ അഭിനയിച്ചുകൊണ്ട്) ഓ, ഇറ്റ്സ് യു?
നീലിമ: Were you expecting Madonna?
സൈമൺ: ഞാൻ പറയാറില്ലെ, തന്റെ ടോസ്സിംഗ് ഒന്നും ശരിക്കുള്ള റിസൽട്ടല്ല തരിക എന്ന്.
നീലിമ: എന്തിനാണ് ടോസ്സിംഗ്?
ബോണി: യു. സി. ബെല്ലടിച്ചാൽ പുറത്തുള്ള ആൾ ഫ്രന്റാണോ എനിമിയാണോ എന്നു നോക്കാൻ ഞങ്ങൾ ഒരു കോയ്ൻ ടോസ്സ് ചെയ്യാറുണ്ട്.
സൈമൺ: ബോണിയുടെ ഒരു പ്രധാനപ്പെട്ട വരുമാനമാർഗ്ഗവും അതാണ്.
നീലിമക്ക് മനസ്സിലാവുന്നില്ല. ബോണി വിഷയം മാറ്റുന്നു.
ബോണി: ഞങ്ങൾ ഒരു പുതിയ പാട്ട് റിഹേഴ്സ് ചെയ്യുകയാണ്.
നീലിമ: ഏതു പാട്ട്?
ബോണി: ബാഡ് ലവ്.
നീലിമ: എറിക് ക്ലാപ്റ്റൻ? ഓ ഇക്കൊല്ലത്തെ ഗ്രാമിയിലുള്ളതാണ്. ഞാൻ കണ്ട ഗ്രാമിയാണ്.
ബോണി: വീഡിയോവിലല്ലെ?
നീലിമ: അല്ല. ലൈവ്.
ബോണി അത്ഭുതപ്പെടുന്നുണ്ട്. കണ്ണുകളിൽ നീലിമയോട് ആദരവ്.
നീലിമ: ഇവരുടെയൊക്കെ ആട്ടോഗ്രാഫ് എന്റെ കയ്യിലുണ്ട്.
ബോണി: റിയലി?
നീലിമ: എസ്. മൈക്കൽ ബോൾട്ടൻ, ലൈസ മിനെല്ലി, മഡോണ, ബില്ലി ജോയ്ൽ എല്ലാം.
ബോണി: ഞങ്ങളെ കാണിക്കുമോ?
നീലിമ: എല്ലാം കാനഡയിലെ വീട്ടിലാണ്. ഞാൻ ഇങ്ങോട്ടു കൊണ്ടുവന്നിട്ടില്ല.
ബോണി: (നീലിമ പറയുന്നത് വിശ്വസിച്ചിരിക്കുന്നു. എങ്കിലും ഒന്നുറപ്പിക്കാനായി ചോദിക്കുന്നു) ആർ യു പുള്ളിംഗ് ദ റഗ്?
നീലിമ: സേർട്ടൻലി നോട്ട്. ഇറ്റ്സ് മച്ച് ഈസിയർ ദേർ ടു മീറ്റ് ദെം (വിഷയം മാറ്റാനായി) വെൽ വൈനോട്ട് യു സിംഗ് ‘ബാഡ് ലവ്.’
ബോണി: ഹിയർ വിയാർ. വൺ, ടു, ത്രീ....... (വാദ്യങ്ങൾ ശബ്ദിക്കുന്നു.)
ബോണി: പാട്ടു തുടങ്ങുന്നു. നീലിമ പാട്ടിനനുസരിച്ച് ഡാൻസ് ചെയ്യുന്നുണ്ട്. പാട്ടു പകുതിയാവുമ്പോൾ ബോണി നിർത്തുന്നു.
ബോണി: എനിക്കൊരു ഐഡിയ.
എല്ലാവരും അയാളെ നോക്കുന്നു.
ബോണി: നമ്മുടെ ഈ ആഴ്ചത്തെ വീക്കെന്റ് പ്രോഗ്രാം ഒരു പിക്നിക് ആക്കിയാലോ? നമുക്ക് ഷീലയേയും മെഴ്സിയേയും വിളിക്കാം. വേണമെങ്കിൽ കമലയെയും. (നീലിമയോട്) വിൽ യു ജോയ്നസ്.
നീലിമ: പിക്നിക്കാണോ, ഓ ഷുവർ. എവിടെയാണ്.
ബോണി: വാഴച്ചാൽ എന്ന സ്ഥലം. ഒരു വെള്ളച്ചാട്ടമുണ്ട്. നല്ല സിനിക് ബ്യൂട്ടിയാണ് പിക്നിക്കിനു പറ്റിയ സ്ഥലം.
നീലിമ: ശരി വരാം.
ബോണി (സന്തോഷത്തോടെ ചാടുന്നു) So here we go.........

സീൻ – 38:
ഒരു വെള്ളച്ചാട്ടമാണ് പെട്ടെന്ന് കാണുക. ക്യാമറ പാൻ ചെയ്യുമ്പോൾ പിക്നിക് ചെയ്യുന്ന ചെറുപ്പക്കാരെ കാണുന്നു. എല്ലാവരുടെ കയ്യിലും ഓരോ സംഗീതോപകരണങ്ങൾ ഉണ്ട്. നാലു പെൺകുട്ടികളുമുണ്ട്. ഒന്ന്

നീലിമ.

അവർ ഒരു കളിക്കൊരുങ്ങുകയാണ് കളിയുടെ ഐഡിയ പെൺകുട്ടികളാണ് കൊടുക്കുന്നത്. കടലാസു കഷ്ണങ്ങൾ ഒരു ടിന്നിലാക്കി കുലുക്കി ഓരോരുത്തരും എടുക്കുന്നു. ഓരോരുത്തരായിട്ട് എടുക്കുകയാണ് വേണ്ടത്. എടുത്ത കടലാസിൽ എന്താണെഴുതിയത് എന്നു വെച്ചാൽ അതു പോലെ ചെയ്യണം. അതാണ് കളി. കളി തുടങ്ങുന്നു.

മെഴ്സി എന്ന പെൺകുട്ടിയാണ് compere ചെയ്യുന്നത്. ആദ്യം നറുക്കെടുക്കുന്നത് ബോണിയാണ്. മേഴ്സി അതു വാങ്ങിവായിക്കുന്നു.

കിസ് ദ ക്യൂട്ടസ്റ്റ് പേർസൺ.

ബോണി നാലു പെൺകുട്ടികളെയും അടുത്തു പോയി പരിശോധിക്കുന്നു. ഓരോരുത്തരും താൻ തെരഞ്ഞെടുക്കപ്പെടും എന്ന പ്രത്യാശയോടെ ഉമ്മ കിട്ടാൻ തയ്യാറായി നിൽക്കുന്നതായി കാണിക്കുന്നു. അവസാനം ബോണി നീലിമയുടെ കവിളിൽ ഉമ്മവെക്കാൻ ശ്രമിക്കുന്നു. നീലിമ മാറി കൈ കാണിച്ചു കൊടുക്കുന്നു.

നീലിമ: കയ്യിൽ കിസ് ചെയ്താൽ മതി.

മറ്റു പെൺകുട്ടികൾക്ക് ബോണി നീലിമയെ തെരഞ്ഞെടുത്തത് ഇഷ്ടപ്പെട്ടില്ല. പ്രത്യേകിച്ചും ഷീലക്ക്. അടുത്തത് അവളുടെ ഊഴമാണ്. അവൾ നറുക്കെടുക്കുന്നു. മേഴ്സി വാങ്ങി വായിക്കുന്നു.

ഏറ്റവും ഭംഗി കുറഞ്ഞ ആളെ തല്ലണം.

ഷീല പിന്നീട് ഒന്നും ആലോചിക്കാതെ ബോണിയെ പോയി തല്ലുന്നു. ബോണി പ്രതിഷേധിക്കുന്നു.

ബോണി: ഞാനാണോ ഏറ്റവും ഭംഗി കുറഞ്ഞത്

ഷീല: ആ, നീലിമ ക്യൂട്ടെസ്റ്റാണെങ്കിൽ താൻ അഗ്ലിയസ്റ്റുമാണ്.

ബോണി: വഴക്കിടുന്നു. എല്ലാവരും കൂടി അതു ഒത്തു തീർപ്പാക്കുന്നു. അടുത്ത ഊഴം നീലിമയുടെതാണ്. അവൾ നറുക്കെടുത്ത് മേഴ്സി വാങ്ങി വായിക്കുന്നു.

ആക്ട് ലൈക് എ മങ്കി.

എല്ലാവരും ചിരിക്കുന്നു. നീലിമ കൂസുന്നില്ല. അവൾ എല്ലാവർക്കും നടുവിൽ വന്നിരുന്ന് ഒരു കുരങ്ങ് കാണിക്കുന്നപോലെയെല്ലാം കാണിക്കാൻ തുടങ്ങുന്നു.

ബോണി ഗിത്താറെടുത്തു മീട്ടുന്നു. സൈമൺ ഡ്രമ്മും മറ്റുള്ളവർ അവരവരുടെ ഉപകരണങ്ങളും വായിക്കുന്നു. ഒരു പാട്ടിനു തുടക്കം. നീലിമയുടെ കുരങ്ങുകളി ഒരു നൃത്തമായി മാറുന്നു. അതിൽ എല്ലാവരും പങ്കു ചേരുന്നു. പാട്ട് അവസാനിക്കുന്നതോടെ...

Fade out

സീൻ – 38 :

വീടിന്റെ ഗെയ്റ്റ് കടന്ന് വിമലയും നീലിമയും വരുന്നു. പുറത്തു നിന്ന് എന്തോ ഷോപ്പിംഗ് കഴിഞ്ഞ് വരികയാണ്. രണ്ടുപേരുടെ കയ്യിലും ഓരോ ഷോപ്പിംഗ് ബാഗുണ്ട്. സംസാരിച്ചുകൊണ്ടാണ് വരവ്.

കാമറ പാൻ ചെയ്യുമ്പോൾ മതിലരികിൽ അയൽവീട്ടിലെ സ്ത്രീ അല്പം അസൂയയോടെ നോക്കി നിൽക്കുന്നതാണ് കാണുന്നത്. വിമല ആ സ്ത്രീയെ കാണുന്നില്ല. അവർ ശബ്ദമുണ്ടാക്കി വിമലയുടെ ശ്രദ്ധ ആകർഷിക്കുന്നു. വിമല തലയുയർത്തി നോക്കുമ്പോൾ ആ സ്ത്രീ വിളിക്കുന്നു.

ആ സ്ത്രീ (മാധവി): ഇപ്പോൾ കാണാറെയില്ലല്ലൊ. വളരെ ബിസിയാണെന്നു തോന്നുന്നു. വിമല ബാഗ് നീലുവിനെ ഏല്പിച്ച് അരമതിലിന്നടുത്തേക്ക് പോകുന്നു. നീലു രണ്ടു ബാഗും പിടിച്ച് വീട്ടിലേക്ക് നടക്കുകയാണ്.

വിമല: ഏയ് തിരക്കൊന്നുമില്ല.

മാധവി: അല്ല, ഇപ്പൊ കാണാറേ ഇല്ല.

വിമല: നീലു ഇടക്ക് വരും. അപ്പോൾ അവളോട് സംസാരിച്ച് സമയം പോകും.

മാധവി: ഷോപ്പിംഗ് ആയിരുന്നല്ലെ. എന്തൊക്കെയാ വാങ്ങിയ്?

വിമല: ഏയ് ഒന്നംല്ല്യ. നാളെ മോന്റെ പിറന്നാളാണ്. കുട്ടികൾക്കുവേണ്ടി ഒരു പാർട്ടി നടത്ത്ണ്ണ്ട്. നീലു നിർബ്ബന്ധിക്കണോണ്ടാണ്. മക്കളെ പറഞ്ഞയക്കണംട്ടോ. നാളെ വൈകുന്നേരം അഞ്ചുമണിക്കാണ്.

മാധവി: (സ്വരം താഴ്ത്തി) ഇന്നലെ നമ്മുടെ അയൽവക്കത്ത് ഒരൂട്ടം ഒക്കെണ്ടായി.

വിമല: എവിടെ?

മാധവി വിരൽകൊണ്ട് ചൂണ്ടിക്കാട്ടുന്നു.

വിമല: (താൽപര്യമെടുക്കുന്നില്ല) ഞാൻ പോട്ടെ. നീലു കാത്തിരിക്കുന്നുണ്ടാവും. താക്കോല് എന്റെ കൈയ്യിലാ.

മാധവി: ഇന്നലെയും അയാൾ വന്നിരുന്നു. എന്നിട്ട് എന്തുണ്ടായീന്ന് കേൾക്കണോ?

വിമല: ഞാൻ കുറച്ചു കഴിഞ്ഞിട്ട് വരാം.

മാധവി: ഇല്ല ഞാൻ ഇപ്പൊത്തന്നെ പറയാം.

അപ്പോഴേക്കും നീലു ഉറക്കെ വിളിക്കുന്നു. വിമലചേച്ചീ.......

വിമല:(ആശ്വാസപൂർവ്വം) ഞാൻ വൈകുന്നേരം വരാം. (ധൃതി പിടിച്ച് പോവുന്നു. പോവുമ്പോൾ വിളിച്ചു പറയുന്നു.) നാളെ മക്കളെ പറഞ്ഞയക്കണം കേട്ടോ....

cut to

സീൻ – 39:

വീട്ടിന്റെ ഹാളിൽ പിറന്നാൾ ആഘോഷത്തിന്റെ തയ്യാറെടുപ്പ്. ക്രേപ്പ് പേപ്പർ കെട്ടി മുറി അലങ്കരിക്കുന്നു. ബലൂണുകൾ തൂക്കുന്നു. കൊച്ചു പാക്കറ്റുകളിൽ മിട്ടായി, ബലൂൺ, പ്ലാസ്റ്റിക് വിസിൽ മുതലായവ നിറയ്ക്കുന്നു.

അജിത്: ഈ പാക്കറ്റൊക്കെ എന്തിനാ?

നീലു: ഇതെല്ലാം പാർട്ടികഴിഞ്ഞ് പോവുമ്പോൾ ഓരോ കുട്ടിക്കും കൊടുക്കാനാണ്. (അവൾ ഒരു പാക്കറ്റ് തൂക്കിപ്പിടിച്ച് കാണിക്കുന്നു. പാക്കറ്റുകൾക്ക് തൂക്കിപ്പിടിക്കാനുള്ള കാതുണ്ട്.)

അജിത്: (വളരെ ഇഷ്ടമാവാതെ) നമ്മളെന്തിനാ ഇതൊക്കെ കൊടുക്കുന്നത്?

നീലു: പാർട്ടിക്ക് വരുമ്പോൾ അവർ അജിതിന് പ്രസന്റ് കൊണ്ടുവരില്ലെ? അപ്പോൾ അവർക്ക് എന്തെങ്കിലും പകരം കൊടുക്കേണ്ടെ.

അജിത്: അവർ വരുമ്പോൾ എനിക്ക് പ്രസന്റ് കൊണ്ടുവരോ?

നീലു: പിന്നെ ഇല്ലാതെ. ആരെങ്കിലും എംറ്റിഹാൻഡഡ് ആയി വരോ?

അജിതിനു സന്തോഷം. അവൻ കൂടുതൽ ആക്റ്റീവ് ആകുന്നു.

നീലു: നീ എന്റെ വീട്ടിൽ പോയി എന്റെ മുറീല് മേശപ്പുറത്ത് നാല് കാസറ്റ് വെച്ചിട്ടുണ്ട്. അതെടുത്തു കൊണ്ടുവാ. ഇംഗ്ലീഷ് കാസറ്റാണ്.

അജിത് ഓടുന്നു. നീലു നടുവിലെ ടീപ്പോയ്മേലുള്ള സാധനങ്ങളെല്ലാം മാറ്റി വൃത്തിയുള്ള മേശവിരി വിരിക്കുന്നു. അജിത് തിരിച്ചുവന്ന് നാല് ഇംഗ്ലീഷ് കാസറ്റുകൾ നീലുവിനെ ഏൽപ്പിക്കുന്നു. ഒരു കാസറ്റ് ടേപ് റിക്കാർഡറിൽ ഇട്ട് ഉറക്കെ പാട്ടു വെക്കുന്നു. കേക്ക് കടലാസുപെട്ടിയിൽ നിന്നെടുത്ത് മേശമേൽ വെക്കുന്നു. നിറങ്ങളുള്ള ചെറിയ എട്ടു മെഴുകുതിരികൾ കേക്കിന്മേൽ കത്തി നിർത്തുന്നു.

കുട്ടികൾ ഒന്നും രണ്ടുമായി വരുന്നു. 3– 4 മുതൽ പത്തുപന്ത്രണ്ടു വയസ്സുവരെയുള്ള കുട്ടികൾ മതി. ചിലർ ചേച്ചിമാരുടെ കൈ പിടിച്ചാണ് വരുന്നത്. ചിലർ ഒറ്റക്ക്. ആദ്യം വന്ന പെൺകുട്ടി ഒരു ചെറിയ സമ്മാനപ്പൊതി അനുജന്റെ കയ്യിലുള്ളത് അജിതിന് കൊടുക്കാൻ പറയുന്നു. അവനതു കൊടുക്കാൻ മടി. ചേച്ചി അവനെ പറഞ്ഞു മനസ്സിലാക്കുന്നു. അവസാനം മനസ്സില്ലാ മനസ്സോടെ അവൻ കൊടുക്കുന്നു. മറ്റു പല കുട്ടികളും വന്ന ഉടനെ അജിത്തിന്റെ കയ്യിൽ സമ്മാനങ്ങൾ കൊടുക്കുന്നുണ്ട്. പിന്നെ പിന്നെ അജിത് വാതിൽക്കൽ തന്നെ നില്പായി. ഓരോ കുട്ടികൾ വരുമ്പോഴും സമ്മാനം അവരുടെ കയ്യിൽ നിന്ന് ഒരു മാതിരി തട്ടിപ്പറിച്ചു തന്നെ വാങ്ങുന്നു. ഒരു കുട്ടി വെറും കയ്യോടെയാണ് വന്നത്. അജിത് കൈ നീട്ടി വിഡ്ഢിയാവുന്നു. അമളി പറ്റിയത് ആരെങ്കിലും കണ്ടോ എന്നു നോക്കി, പതുക്കെ അമ്മയുടെ അടുത്തേക്കു നീങ്ങുന്നു. അവൻ അമ്മയെ തോണ്ടി പതുക്കെ ചെവിയിൽ പറയുന്നു

അജിത്: അമ്മേ, രാജൂ പ്രസന്റേഷൻ ഒന്നും കൊണ്ടുവന്നിട്ടില്ല.

വിമല: സാരമില്ല മോനെ. അതുകൊണ്ടുവരണംന്ന് നിർബ്ബന്ധം ഒന്നുംല്ല്യ.

അജിത്: അപ്പൊ രാജൂന് കേക്ക് കൊടുക്കണ്ട അല്ലെ?

വിമല: അതു പറ്റില്ല. കേക്ക് എല്ലാവർക്കും കൊടുക്കണം. ഞാൻ പറഞ്ഞില്ലെ പ്രസന്റേഷൻ എല്ലാവരും കൊണ്ടു വരണംന്ന് നിർബ്ബന്ധല്ല്യ. മോനെ നീ അങ്ങോട്ടു ചെല്ല്.

സംഗീതം ഉച്ചത്തിലാവുന്നു. കുട്ടികളെ നീലു ഡാൻസ് ചെയ്യിക്കുന്നു. അവൾ ഒരു കോമാളിത്തൊപ്പി അണിഞ്ഞിട്ടുണ്ട്.

തുറന്ന വാതിലിലൂടെ വിജയൻ വരുന്നു. ക്ഷീണിച്ച മുഖം. കാണുന്ന കാഴ്ചകൾ തീരെ രസിക്കുന്നില്ല. ഇതൊന്നും പ്രതീക്ഷിച്ചില്ല എന്ന സ്പഷ്ടം. അയാൾ പോയി ടേപ്പ് റെക്കോർഡറിന്റെ ശബ്ദം കുറക്കുന്നു.

നീലു: (ഉറക്കെ വിളിച്ചു പറയുന്നു.) ചേട്ടൻ വന്നു. ഇനി കേക്ക് മുറിക്കാം.

എല്ലാവരും മേശക്കു മുമ്പിൽ പൊതിഞ്ഞു നിൽക്കുന്നു. വിജയൻ കുട്ടികൾക്ക് സ്ക്വാഷ് കൂട്ടിനിൽക്കുന്ന വിമലയുടെ അടുത്ത് ചെല്ലുന്നു.

വിജയൻ: എന്തൊക്ക്യാണ് ഇവിടെ നടക്കണത്. ക്ഷീണിച്ച് ഒരു ചായയും കുടിച്ച് ഒരു ഭാഗത്തിരിക്കാംന്ന് കരുതി വന്നതാണ്.

വിമല: ഞാൻ ചായ ഇപ്പൊ ഉണ്ടാക്കിക്കൊണ്ടരാം. നോക്കു എല്ലാം നീലു ചെയ്തതാണ്. കുട്ടികൾക്കൊക്കെ എന്തിഷ്ടായിരിക്കുന്നു. അജിതിന്റെ കാര്യം പറയണ്ട. നിങ്ങൾ ഇതിലൊക്കെ കൂടു. ഇഷ്ടാവും.

മേശക്കു ചുറ്റും വട്ടമിട്ടു നിൽക്കുന്ന ചിടുങ്ങൻമാരുടെയും ചിടുങ്ങികളുടെയും മുഖങ്ങൾ ക്ലോസപ്പിൽ കാണിക്കണം. അതിനിടയ്ക്ക് ഒരു മൂന്നു വയസ്സുകാരൻ തന്റെ ചേച്ചിയോട് ചോദിക്കുന്നു. (ഉറക്കെ)

കുട്ടി: ചേച്ചീ ഈ കേക്ക് നമക്ക് തിന്നാൻ കിട്ടില്ല്യെ?

നീലു: (ചുണ്ടിൽ വിരൽ വെച്ച്) ശ്ശ്, ശ്ശ്.

അവൾ പോയി ടേപ്പ് റിക്കാർഡർ ഓഫാക്കുന്നു. വിജയൻ ഇപ്പോഴും അല്പം വെറിയോടെ, അസഹനീയത യോടെ എല്ലാം നിരീക്ഷിക്കുന്നു. വിമല കൊണ്ടുവരുന്ന ചായ മൊത്തിക്കുടിക്കുന്നു.

നീലു: അജിത് ഈ എയ്റ്റ് കാന്റിൽസും ഒറ്റ ശ്വാസത്തിൽ ഊതിക്കെടുത്തണം. എന്നിട്ട് ഈ കത്തിയെടുത്ത് കേക്ക് മുറിക്കണം. ഞാൻ പറഞ്ഞുതരാം. അപ്പോൾ എല്ലാവരുംകൂടി ഹാപ്പി ബർത്ത്ഡേ പാടണം.

അജിത് മെഴുകുതിരികൾ ഊതി കെടുത്തുന്നു. നീലു കാണിച്ചുകൊടുത്ത മാതിരി ഒരു കഷ്ണം മുറിച്ചെടുക്കുന്നു. കുട്ടികളെല്ലാം കൈകൊട്ടി പാടുന്നു. ഹാപ്പിബർത്ത് ഡേ ടു അജിത്..... ക്രമേണ വിജയന്റെ മൌഢ്യം അകലുന്നതു കാണിക്കണം. അവസാനം കേക്ക് മുറിക്കുമ്പോഴേക്ക് കുട്ടികൾക്കൊപ്പം പാടാൻ അയാളും കൂടുന്നു.

Fade out

സീന്‍ – 40:
സ്വീകരണമുറി –
മങ്ങിക്കത്തുന്ന വിളക്ക് . വിജയന്‍ സോഫയിലിരുന്ന് വായിക്കുന്നു. ടേപ്റെക്കാര്‍ഡറില്‍ ഒരു പഴയ പാട്ട് (മുകേഷിന്റെ ഒരു പാട്ട്) പുറത്തു നിന്നും ഒരു വാതിലിലൂടെ നീലു കടന്നു വരുന്നു.
നീലു: ഹായ് എവരിബഡി.
പെട്ടെന്ന് സൈഡ്റൂമില്‍ നിന്ന് അജിത് അടുക്കളയില്‍ നിന്ന് വിമല (കയ്യില്‍ ഒരു കൈയ്പക്കയും കത്തിയും ഉണ്ട്) വരുന്നു.
നീലു: ഹായ് ചേച്ചി ഞാന്‍ വന്നു.
വിജയന്‍: വലിയ കാര്യമായി.
നീലു: (അതവഗണിച്ചുകൊണ്ട്) എന്താ ചേച്ചി കുക്കിംഗ്
വിമല: വാ, രാത്രിക്കുള്ളതാ. ഇവിടെ ഒരാള്‍ക്ക് രാത്രീം എല്ലാം ഫ്രെഷായിട്ട് വേണം.
നീലു: കൈയ്പക്ക കൊണ്ട് ഞാന്‍ ഒരു സാധനം ഉണ്ടാക്കാന്‍ പഠിപ്പിച്ചു തരാം.
വിമല: എന്തു സാധനം.
നീലു: കൈയ്പക്ക സ്റ്റഫ് ചെയ്യാന്‍.
വിജയന്‍: ഇനി വായില് വെക്കാന്‍ കൊള്ളാത്തതൊക്കെണ്ടാക്കും.
നീലു: ചേട്ടന്‍ നോക്കിക്കൊള്ളു. ഒരിക്കല് ടേസ്റ്റ് നോക്കിയാല്‍ പിന്നീം ണ്ടാക്കാന്‍ പറയും.
അവള്‍ ചുറ്റും നോക്കിക്കൊണ്ട് മുഖം ചുളിക്കുന്നു.
നീലു: ഇതെന്താ കാന്റില്‍സ് മാതിരിയുള്ള ബള്‍ബുകള്‍ ഇട്ടിരിക്കണത്? ചേട്ടന് കുറച്ചുകൂടി ബ്രൈറ്റായ ലാംപ്സ് ഇട്ടുകൂടെ?
വിജയന്‍ ഒന്നും പറയാതെ ഒരു പരുങ്ങലോടെ ഇരിക്കയാണ്. വിമല ചിരിക്കുന്നു.
വിമല: എന്താ അറിയ്യോ? ഇന്ന് കറണ്ടിന്റെ അഡിഷനല്‍ ബില്ല് വന്നിട്ടുണ്ട്. കൊറെയായിട്ടുണ്ട്. അപ്പൊ സ്ലാബ് കവിയാതിരിക്കാന്‍ മാറ്റിയതാണ് ബള്‍ബൊക്കെ. അല്ലെങ്കിലേ ഈ വീട്ടില് വെളിച്ചം കൊറവാണ് ഇപ്പോബള്‍ബുകള് മാറ്റും കൂടി ചെയ്തപ്പോ തീരെ മങ്ങിപ്പോയി.
നീലു: സ്ലാബായാലും മാര്‍ബിളായാലും ശരി നാളെ ഞാന്‍ വരുമ്പോഴേക്ക് ഈ ലാംപ്സൊക്കെ മാറ്റണം. അല്ലെങ്കില്‍ പിന്നെ വൈകുന്നേരം ഞാന്‍ ഇവിടെ വരില്ല.
വിജയന്‍: ഇവിടെ വരില്ല്യാന്നൊക്കെ ഞങ്ങളെ സന്തോഷിപ്പിക്കാനായി പറയുന്നതായിരിക്കും.
വിമലയും അജിതും ചിരിക്കുന്നു. നീലുവിന്റെ മുഖത്ത് കൃതിമമായ ഗൌരവം. അവള്‍ ടേപ്പ്റിക്കാര്‍ഡര്‍ വെച്ച മേശപ്പുറം പരിശോധിക്കുന്നു. ഒരു കാസറ്റിന്റെ കവര്‍ എടുത്ത് നോക്കുന്നു.
നീലു: (മുഖം ചുളിച്ചുകൊണ്ട്) ഇതെന്താണ് ഓള്‍ഡ് സോങ്ങ്സൊക്കെ വെച്ചിരിക്കുന്നത്. ഇതൊക്കെ വലിച്ചെറിയു. ഞാന്‍ നാളെ പുതിയ കാസറ്റുകള്‍ കൊണ്ടുവരും.
വിജയന്‍ എഴുന്നേറ്റ് അവളുടെ കയ്യില്‍നിന്ന് മുകേഷ് കാസറ്റിന്റെ കവര്‍ മേടിക്കുന്നു. ഒരു disapproving നോട്ടം കൊടുത്ത് അത് മേശമേല്‍ വെക്കുന്നു.
നീലു ചുമല്‍ കുലുക്കിക്കൊണ്ട് വിമലയുടെ കൂടെ അടുക്കളയിലേക്ക് പോകുന്നു. വാതില്‍ക്കല്‍ നിന്ന് തിരിഞ്ഞ് വിജയനെ നോക്കി കൊഞ്ഞനം കാട്ടുന്നു.
ചിരിക്കുന്ന അജിതിന്റെ മുഖം ക്ലോസപ്പില്‍
Fade out

സീന്‍ – 41:
വൈകുന്നേരം. അതെ സെറ്റിംഗ് ഒരു ഇലക്ട്രീഷ്യന്‍ ഒരു സ്റ്റൂളില്‍ കയറിനിന്ന് ചുമരില്‍ ട്യൂബ്ലൈറ്റ് ഫിറ്റ് ചെയ്യുന്നു. വിജയന്‍ നോക്കിനില്‍ക്കുന്നുണ്ട്. അയാള്‍ സ്റ്റൂളില്‍ നിന്നിറങ്ങി സ്വിച്ചിടുന്നു. പാല്‍ പോലത്തെ വെളിച്ചം. ഇലക്ട്രീഷ്യന്‍ സാധനങ്ങള്‍ (Tools) ഒക്കെ സഞ്ചിയിലാക്കി പണം വാങ്ങി പോകുന്നു. വിജയന്‍ വാതിലടച്ച് സ്റ്റൂള്‍ എടുത്ത് മാറ്റി, അവിടം വൃത്തിയാക്കുന്നു.
ബെല്ലടിക്കുന്നു. അജിത് അവന്റെ മുറിയില്‍നിന്നും വിമല അടുക്കളയില്‍ നിന്നും സിറ്റിംഗ് റൂമിലേക്ക് വരുന്നു. വിജയന്‍ പോയി വാതില്‍ തുറക്കുന്നു. നീലുവാണെന്നറിഞ്ഞപ്പോള്‍ തല കുനിച്ച് അല്പം കുമ്പിട്ടു നില്‍ക്കുന്നു.
നീലു: (വാതില്‍ക്കല്‍ നിന്നുകൊണ്ട്) ഹായ് എവരിബഡി. (പെട്ടെന്ന് വെളിച്ചം ശ്രദ്ധിച്ച്) ഹായ് ബ്രൈറ്റ് ലൈറ്റ്.
വിജയന്‍ കുനിഞ്ഞുതന്നെ നില്‍ക്കുകയാണ്.
വിജയന്‍: യുവര്‍ ഹൈനെസ്സ് രാജകുമാരി, അവിടുത്തെ ആജ്ഞ പാലിച്ചിരിക്കുന്നു. (നിവരാതെത്തന്നെ ഒരു കോമിക് ആക്ഷനോടെ ട്യൂബ്ലൈറ്റിലേക്ക് ചൂണ്ടിക്കാണിക്കുന്നു – എയര്‍ ഇന്ത്യ പരസ്യത്തിലെ മഹാരാജാവിനെപ്പോലെ) ഒക്കെ മാറ്റി.
നീലു പൊട്ടിച്ചിരിക്കുന്നു. തുറന്നു പിടിച്ച വാതിലിലൂടെ രാജകീയമായി നടന്ന് ഓരോ മുറിയും പരിശോധിക്കുന്നു. തൃപ്തിയാവുന്നു. അവളുടെ കയ്യില്‍ നാലഞ്ചു ഇംഗ്ലീഷ് കാസറ്റുകളുണ്ട്. അവ വിജയനെ ഏല്‍പിക്കുന്നു.
നീലു: ഇനി ഇതൊക്കെ വെച്ചാ മതി. ആ ഓള്‍ഡ് സോങ്ങ്സെല്ലാം വലിച്ചെറിയു.

വിജയൻ ഒരു കാസറ്റെടുത്ത് ടേപ്പ്റെക്കോർഡിൽ ഇടുന്നു. പെട്ടെന്ന് vibrate ചെയ്യുന്ന ഒരു ബീറ്റ് മുറിയിൽ നിറയുന്നു.

നീലു: ദിസിസ് മ്യൂസിക്.

ഇനി മുതൽ പശ്ചാത്തലസംഗീതം western ആകണം. ഇതുവരെ കർണാടിക് രാഗങ്ങളോ ഹിന്ദുസ്ഥാനിയോ മതി.

സീൻ – 42:

ഞായറാഴ്ച രാവിലെ പത്തുമണി. വിജയന്റെ വീട്ടിലെ സ്വീകരണമുറി. നീലുവിന്റെ അമ്മമ്മ വരുന്നു. വെളുത്തു തടിച്ച സ്ത്രീ. നെറ്റിമേൽ വലിയ ചന്ദനക്കുറി. മുണ്ടും കരയുള്ള വേഷ്ടിയും വേഷം. വിജയൻ ഷർട്ടിടാതെ മുണ്ടു മാത്രമുടുത്ത് സോഫയിൽ ഇരിക്കുന്നു. വിമല കസേരയിൽ ഇരിക്കുന്നു.

അമ്മമ്മയെ കണ്ടതോടെ വിജയനും വിമലയും എഴുന്നേൽക്കുന്നു.

വിമല: അമ്മ കൊറെക്കാലായി ഇങ്ങോട്ട് വന്നിട്ട് അല്ലെ?

അമ്മ ചിരിക്കുന്നു. ഒരു ഒറ്റ സോഫയിൽ ഇരിക്കുന്നു.

വിജയൻ: (ഇരുന്നുകൊണ്ട്) നീലു എവിടെ?

അമ്മമ്മ: വീട്ടിലുണ്ട് എന്നോട് പിണങ്ങിയിരിക്ക്യാണ്.

വിമല: എന്തേ?

അമ്മമ്മ: എന്നോട് പട്ടു സാരി ഉടുത്ത് വന്നാൽ മതീന്ന് പറഞ്ഞിരിക്ക്യാണ്. ഞാൻ ഇതുവരെ മുണ്ടല്ലെ ഉടുക്കാറ്. ഇനി ഈ വയസ്സുകാലത്ത് പട്ടുസാരിയൊക്കെ ഉടുത്ത് നടക്കാൻ പറ്റ്വോ? അമ്മമ്മ തീരെ ഫാഷ്നബിൾ അല്ലാന്നാണ് അവൾ പറയണത്.

വിമല: അമ്മയ്ക്ക് കേൾക്കണോ. താനൊരു രാജകുമാരിയാണെന്നാണ് അവൾ അജിതിനോട് പറഞ്ഞിരിക്കുന്നത്. അവളുടെ മുത്തച്ഛൻ ഇവിടെ രാജ്യം ഭരിച്ചിരുന്നത്രെ. അജിത് എല്ലാം വിശ്വസിച്ചിരിക്ക്യാണ്.

അമ്മമ്മ ഉറക്കെ ചിരിക്കുന്നു. (ചിരിയ്ക്കിടയിൽ)

അമ്മമ്മ: അത് തന്ന്യാണ് അവൾ എന്നോട് പട്ടുസാരിയുടുത്ത് നടക്കണമെന്ന് പറയുന്നത്. ഞാൻ കഴിഞ്ഞകൊല്ലം കാനഡയിൽ പോയിരുന്നു. അപ്പോഴും അവൾ എന്നെ കൊറെ നിർബ്ബന്ധിച്ചു. അവിടെ പിന്നെ നമ്മുടെ നാടൊന്നുമല്ലല്ലൊ. ഞാൻ രാഗിണീടെ സാരിയൊക്കെ ഉടുത്തു. നീലു അവളുടെ ഫ്രെൻസിനോടൊക്കെ പറഞ്ഞിട്ടുള്ളത് അവൾ രാജകുമാരിയാണെന്നാണ്. ഇവിടെ ഇന്ത്യയിൽ അവളുടെ മുത്തച്ഛനും അമ്മമ്മയും ഒരു വലിയ കോട്ടയിലാണ് താമസിക്കുന്നത് എന്നൊക്കെ. ഞാനവിടെ ചെന്നപ്പോൾ നീലുവിന്റെ ഫ്രെൻസിന് എല്ലാം അറിയണം. കോട്ടയുടെ വലുപ്പം, അതിനു ചുറ്റുമുള്ള കിടങ്ങിന് എത്രആഴംണ്ട്, അതിൽ പിരാഹ എന്ന മത്സ്യങ്ങളെ വളർത്തുന്നുണ്ടോ എന്നൊക്കെ. പിരാഹന്ന് പറയണ മത്സ്യങ്ങളില്ലെ, അത് ഒരാളെ ഏതാനും നിമിഷങ്ങൾകൊണ്ട് കാർന്നു തിന്ന് അസ്ഥിമാത്രാക്കും ത്രെ. അപ്പോൾ ആർക്കും കിടങ്ങ് നീന്തിക്കടക്കാൻ പറ്റില്ലല്ലൊ. ഞാനൊരു മഹാറാണിയാണെന്നാണ് അവൾ പറഞ്ഞു ധരിപ്പിച്ചിരുന്നത്. അപ്പോൾ ഞാൻ അതുമാതിരി ഉടുത്തൊരുങ്ങുകയും വേണമല്ലൊ.

വിജയൻ: നിങ്ങൾക്ക് രാജകുടുംബവുമായി വല്ല ബന്ധവുമുണ്ടൊ?

അമ്മമ്മ: ഏയ് ഒന്നംല്ല്യ. എന്റെ അച്ഛൻ കൊച്ചി രാജാവിന്റെ വേണ്ടപ്പെട്ട ഒരാളായിരുന്നു. അന്ന് മഹാരാജാവ് ചാർത്തിത്തന്നതാണ് ഈ വീടും പറമ്പുമൊക്കെ. അതൊക്കെ പഴയകഥകൾ. നീലുവിന്റെ മുത്തച്ഛൻ മരിച്ചിട്ട് തന്നെ ഇപ്പൊ ഇരുപതു കൊല്ലമായി.

നീലു വാതിൽ കടന്നു വരുന്നു. മുഖം വീർപ്പിച്ചിട്ടുണ്ട്. വന്ന ഉടനെ ഒരു സോഫയിൽ ഇരിക്കുന്നു. ആരുടെയും മുഖത്തു നോക്കുന്നില്ല. എല്ലാവരും ചിരിക്കുന്നു.

അമ്മമ്മ: (ചിരിച്ചുകൊണ്ട്) മോളടെ പിണക്കം മാറിയിട്ടില്ലെ?

നീലു: അമ്മമ്മ എന്നോട് മിണ്ടണ്ട.

അമ്മമ്മ: മോളെ വിമലച്ചേച്ചീം വിജയേട്ടനും എന്നെ കാണാൻ തുടങ്ങീട്ട് പത്തുകൊല്ലായി. ഞാനെന്തിനാ മോളെ അവരുടെ മുമ്പില് വേഷം കെട്ടണത്?

പെട്ടെന്ന് കാര്യങ്ങളെല്ലാം അമ്മമ്മ അവരോട് പറഞ്ഞുവെന്ന് നീലു മനസ്സിലാക്കുന്നു. ഇനിയൊന്നും മിണ്ടിപ്പോവരുതെന്ന് ആംഗ്യം കാട്ടുന്നു.

നീലു: (വിമലയോട് കയ്യിലുള്ള പുസ്തകം ഉയർത്തിക്കാട്ടി) നോക്കു ചേച്ചി എന്റെ റസിപ്പി ബുക്ക് കിട്ടിയിട്ടുണ്ട്. ഇന്ന് എന്റെ വകയാണ് കുക്കിംഗ്.

വിജയൻ: (അമ്മമ്മയോട്) ഇവളെ കുറച്ച് ക്ലാസ്സിക്കൽ സംഗീതം പഠിപ്പിച്ചുകൂടെ. എപ്പോഴും ഈ ഇംഗ്ലീഷു പാട്ടുമായി നടക്കാണ്. നമുക്കും ഇല്ലെ സംഗീതത്തില് നല്ല ഒരു പാരമ്പര്യം.

അമ്മമ്മ: ഞാനും ആലോചിക്കണ്ണ്ട്. പതുക്കെ തുടങ്ങാമെന്ന് വിചാരിച്ചിരിക്ക്യാണ്, സാരിയുടുത്ത് ചന്ദനക്കുറീംതൊട്ട് സന്ധ്യാനേരത്ത് ഏതെങ്കിലും കീർത്തനങ്ങളും പാടി ഭഗവാന്റെ മുമ്പിലിരിക്കുന്ന ഒരു കുട്ട്യാണ് എന്റെ മനസ്സിൽ. ഇവളെ കുറച്ച് മോഹിനിയാട്ടവും പഠിപ്പിക്കണംന്ന്ണ്ട്. തൃപ്പൂണിത്തുറയില് കല്യാണിക്കുട്ടിയമ്മേടെ സ്കൂളുണ്ട്. അവിടെ ചേർക്കാം.

വിജയൻ: (തമാശയിൽ) അത്ര വേണോ?

നീലിമ: എന്താ എനിക്ക് ഡാൻസ് ചെയ്യാൻ പറ്റില്ലാന്നാണോ വിചാരിക്കണത്? ഞാൻ കാണിച്ചുതരാം.

നീലിമ എഴുന്നേറ്റ് മോഹിനിയാട്ടത്തിന്റെ സ്റ്റെപ്പുകൾ കാണിച്ചുകൊടുക്കുന്നു. എല്ലാവരും അമ്മമ്മയടക്കം അത്ഭുതപ്പെടുന്നു.

അമ്മമ്മ: നീ ഇതെല്ലാം എവിടുന്നു പഠിച്ചുമോളെ?

നീലിമ: അതൊന്നും പറയില്ല്യ. ഒരു സീക്രട്ടാണ്. (പെട്ടെന്ന് അമ്മമ്മയോട് പിണക്കത്തിലായിരുന്നു എന്നോർത്ത് മുഖം വീർപ്പിച്ചുകൊണ്ട്) അമ്മമ്മ എന്നോട് മിണ്ടണ്ട. (എല്ലാവരും ചിരിക്കുന്നു.)
നീലിമ: അപ്പോൾ ചേച്ചി കൃത്യം പന്ത്രണ്ടുമണിക്ക് ഞാൻ വരും.
വിമല: ശരി.
വിജയൻ: എന്തിനാണ്?
വിമല: ഇന്ന് അവളുടെ വകയാണ് കുക്കിംഗ്. (റസിപ്പി പുസ്തകം ചൂണ്ടിക്കാട്ടുന്നു.) അവൾ കൊണ്ടുവന്നതാണിത്.
വിജയൻ: (ഭയം അഭിനയിക്കുന്നു) കാര്യമായി പറഞ്ഞതാണോ.
നീലിമ: (വിജയനെ നോക്കി കൊഞ്ഞനം കാട്ടിക്കൊണ്ട്) അതെ കാര്യമായി പറഞ്ഞതു തന്നെയാണ് (പോകുന്നു.)
എല്ലാവരും ചിരിക്കുന്നു.
അമ്മമ്മ: വാത്സല്യത്തോടെ) കുട്ടികളി മാറിയിട്ടില്ല.
സീൻ – 43:
അടുക്കളയിൽ ഫ്രിഡ്ജിനു മുകളിൽ റസിപ്പി പുസ്തകം തുറന്നു വെച്ചിട്ടുണ്ട്. അതിൽ ഇടയ്ക്കിടയ്ക്ക് നോക്കി അടുപ്പിന്മേൽ വെച്ച പാത്രത്തിലേക്ക് നീലു ഓരോ സാധനങ്ങൾ ഇട്ട് ഇളക്കുന്നു. ആകെ ബഹളമയം. പുകപടലങ്ങൾ. വിമല തുമ്മുന്നു. അതിനിടയ്ക്ക് വിജയൻ അടുക്കളയിലേക്ക് കടന്നുവരുന്നു. പുകയും മണവുമെല്ലാം കൂടി സഹിക്കവയ്യാതെ, പുറത്തേക്കു തന്നെ ഓടുന്നു. അവസാനം സാധനം തയ്യാറായി അതു മേശമേൽ കൊണ്ടുവന്നു വെക്കുന്നു. വിളമ്പുന്നു. എല്ലാവരും ആദ്യം ഭയത്തോടെ കുറച്ചെടുത്ത് സ്വാദ് നോക്കുന്നു. സ്വാദുണ്ട്. കൂടുതൽ എടുക്കുന്നു. അഭിനന്ദനങ്ങൾ.
നീലു ഭാവനയിലുള്ള കോളർ പൊക്കുന്നു.
സീൻ – 44:
നീലുവിന്റെ വീടിനെ ലക്ഷ്യമാക്കി നീലുവും അജിതും കൂടി സംസാരിച്ചുകൊണ്ട് നടക്കുന്നു.
നീലു: അമ്മമ്മ ഉറങ്ങ്വാവും. നീ ശബ്ദമൊന്നും ഉണ്ടാക്കരുത്.
അജിത്: അമ്മമ്മ കണ്ടാൽ മോളില് പോകാൻ സമ്മതിക്കില്ലെ?
നീലു: അറിഞ്ഞുകൂടാ. എന്തിനാ റിസ്ക് എടുക്കുന്നത്?
അജിത്: അവിടെ പോയാൽ സിംഹാസനോം വാളും ഒക്കെ കാണാൻ പറ്റുംന്ന് ഒറപ്പാണോ?
നീലു: പിന്നല്ലാതെ? ഞാനൊരിക്കൽ അച്ഛന്റെ കൂടെ പോയിട്ടുണ്ട്.
അവർ ഇപ്പോൾ മുറ്റത്തെത്തിയിരിക്കുന്നു. ചാരിയ വാതിൽ ശബ്ദമുണ്ടാക്കാതെ തുറന്ന് അകത്തു കടക്കുന്നു.
അജിത്: നീലൂം എന്റെ ഒപ്പം വരില്ലെ?
നീലു: (ചുണ്ടിൽ വിരൽ ചേർത്ത്) ശ്ശ്......പതുക്കെ. ഞാൻ മുകളില് ലാന്റിംഗ് വരെ വരാം. പിന്നെ നി ഒറ്റയ്ക്ക് പോണം.
നടന്ന് കോണി കയറുന്നു. നീലു ഒരു മുറിയിലേക്ക് എത്തിനോക്കിയിട്ട് ശബ്ദം താഴ്ത്തി പറയുന്നു.
നീലു: അമ്മമ്മ ഉറങ്ങ്വാണ്.
വീണ്ടും ഒരു കോണി കൂടി കയറുന്നു. ലാന്റിംഗ് ഉപയോഗിക്കാതെ കിടക്കുകയാണ്. കുറെ പഴയ വീട്ടുസാധനങ്ങൾ ലാന്റിംഗിൽ കൂട്ടിയിട്ടുണ്ട്. അതിന്നിടയിൽക്കൂടി അവർ കയറുകയാണ്.
നീലു: നീ മുമ്പിൽ കയറിക്കോ.
അജിത്: വേണ്ട, നീലു ആദ്യം കയറിക്കോളു.
രണ്ടു പേരുടെ മുഖത്തും ഭയമുണ്ട്.
നീലു: (പെട്ടെന്ന് നിന്നുകൊണ്ട്) ഇനി നീ കയറിക്കോ. ഞാൻ ഇവിടെ നിൽക്കാം.
അജിത് സംശയിക്കുന്നു. ഇനി അങ്ങോട്ടുള്ളത് ഒരു വീതി കുറഞ്ഞ കോണിയാണ്. വലിയ ബലമൊന്നുമില്ല.
നീലു: നീ കയറിക്കൊ. ഞാനിവിടെ നിൽക്കാം. (അജിത് സംശയിക്കുന്നു.)
നീലു: നീ എന്ത് പേടിത്തൊണ്ടനാണ്.
അജിത്: എനിക്ക് പേടിയൊന്നുംല്ല്യ.
നീലു: പിന്നെന്താ കേറാത്തത്? നിനക്ക് വേണങ്കി മതി.
അജിത് ധൈര്യപൂർവ്വം കയറുന്നു. ഏറ്റവും മുകളിലെ തട്ടിൽ നിന്നു തിരിഞ്ഞു നോക്കുന്നു. താഴെ കാത്തുനിൽക്കുന്ന നീലുവിനോട്.
അജിത്: നീലു അവിടെത്തന്നെ നിക്കണംട്ടോ.
നീലു: പിന്നെ അല്ലാതെ?
അജിത് അവസാനത്തെ പടി കൂടി കയറുന്നു. ചുറ്റും നോക്കുമ്പോൾ ഇരുട്ടാണ്. ഒരു മിനിറ്റിനകം കണ്ണുകൾ ഇരുട്ടിനോട് പഴകുമ്പോൾ വെന്റിലേറ്ററിലൂടെ വരുന്ന വെളിച്ചത്തിൽ തട്ടിൻ പുറം കാണുന്നു. പഴയ ഫർണീച്ചർ ഒരു ഒതുക്കമില്ലാതെ വെച്ചിരിക്കയാണ്. അജിത് താഴേക്കു നോക്കുന്നു. നീലു അവിടെയുണ്ടെന്ന് ഉറപ്പു വരുത്തുന്നു. അവസാനത്തെ പടിയും കഴിഞ്ഞ് തട്ടിൻപുറത്തേക്ക് കാലെടുത്തു വെക്കുന്നു. ഭയപ്പെടുത്തുന്ന നിശ്ശബ്ദതയാണ്. അവൻ നടന്നു നോക്കുകയാണ്. ഫർണീച്ചെറെല്ലാം പൊടിയും മാറാലയും പിടിച്ചു കിടക്കുന്നു. എല്ലാം പഴയ സ്റ്റൈലിലുള്ള കസേരകളും മറ്റുമാണ്. വീടിന്റെ പ്രാചീനത ഈ ഫർണീച്ചറുകളുടെയും വെന്റിലേറ്ററിന്റെയും മേൽപ്പുരയുടെയും ശിൽപചാരുതയുടെയും ഷോട്ടുകളിലൂടെ കാണുന്നു. അജിത്ത് നടന്നു നോക്കുകയാണ്. വളയത്തിൽ വലിയ കടവാതിലുകൾ

തൂങ്ങിക്കിടക്കുന്നത് നേരിയ വെളിച്ചത്തിൽ കാണാം.

പെട്ടെന്ന് വളയത്തിൽ തൂങ്ങിക്കിടന്ന ഒരു കടവാതിൽ ഉറക്കെ ശബ്ദമുണ്ടാക്കി ചിറകിട്ടടിച്ച് അജിതിന്റെ തലയ്ക്കു മുകളിലൂടെ പറക്കുന്നു. അജിത് കോണിയുടെ അടുത്തേക്ക് ഓടുന്നു. വിളിക്കുന്നു.

അജിത്: നീലു.......

കോണിക്കു താഴെ നോക്കുന്നു. അവിടെ നീലു ഇല്ല. ധൃതി പിടിച്ച് മരക്കോണി ചാടിയിറങ്ങുന്നു. താഴേക്ക് ഓടുന്നു. തിരിഞ്ഞു നോക്കുന്നില്ല. താഴെ തളത്തിലൂടെ ഓടി മുറ്റത്തുനിന്ന് പടിക്കലേക്കും, സ്വന്തം വീട്ടിലേക്കും ഓടുന്നു. ഉമ്മറത്തെത്തി നിൽക്കുന്നു. ശ്വാസം കഴിക്കാനായി ഒരു നിമിഷം നിന്ന ശേഷം അകത്തേക്കു പോകുന്നു. അവിടെ അടുക്കളയിൽ നീലു ഒന്നുമറിയാത്ത പോലെ വിമലയോട് സംസാരിച്ചു നിൽക്കുകയാണ്. അജിതിനെ ഇത്രയും ആപൽക്കരമായ ഒരു പ്രതിസന്ധിയിലാക്കി വന്നതാണെന്ന ഭാവമൊന്നുമില്ല.

അജിത് അടുക്കളയിലേക്ക് കടന്നപ്പോൾ വലിയ പന്തിയല്ലെന്നു തോന്നിയിട്ടായിരിക്കും അവൾ ഊരിച്ചാടാൻ നോക്കുകയാണ്.

നീലു: ചേച്ചി ഞാൻ പോട്ടെ, അമ്മമ്മ വേഗം ചെല്ലാൻ പറഞ്ഞിട്ടുണ്ട്.

പിന്നെ അധികം സംസാരിക്കാതെ വാതിൽക്കൽ നിൽക്കുന്ന അജിതിനെ ശ്രദ്ധിക്കാതെ എന്നാൽ ഓട്ടക്കണ്ണിട്ടു നോക്കി പുറത്തേക്കു പോകുന്നു. അജിത് അടുക്കളയിലേ് കടക്കുകയാണ്.

അജിത്: (ജോലിയെടുത്തു കൊണ്ടിരിക്കുന്ന വിമലയോട്) അമ്മേ നമുക്ക് കാറൊക്കെ വാങ്ങാൻ പറ്റ്വോ?

വിമല: (കാര്യമായി) അച്ഛന് പ്രമോഷനൊക്കെ കിട്ടിയാൽ പറ്റുമായിരിക്കും.

അജിത്: റോൾസ് റോയ്സ് കാറ് വാങ്ങാൻപറ്റ്വോ?

വിമല: അറീല്ല മോനെ. ഏതെങ്കിലും ഒരു കാറ് വാങ്ങാൻ പറ്റും. ഓഫീസിൽ നിന്ന് ലോണൊക്കെ കിട്ടും.

അജിത്: അമ്മേ.............(സംശയിക്കുന്നു)

വിമല: എന്താ മോനെ?

അജിത്: (മടിച്ചുകൊണ്ട്) ഞാൻ വലുതായാൽ എനിക്ക് ഒരു രാജകുമാരീനെ കല്ല്യാണം കഴിക്കാൻ പറ്റ്വോ?

വിമല: എന്താ പറ്റാതെ? എന്റെ മോനെ കാണാൻ ഒരു രാജകുമാരനെപ്പോലണ്ടല്ലോ.

അജിത് ഇതു കാര്യമായിത്തന്നെ എടുക്കുന്നു

അജിത്: അമ്മേ നീലു ശരിക്കും ഒരു രാജകുമാരിയാണോ?

വിമല: (കൈമലർത്തിക്കൊണ്ട്) ആയിരിക്കും. എനിക്കറിയില്ല. എന്താ നിനക്ക് നീലൂനെ കല്യാണം കഴിക്കണോ?

അജിത്: (മുഖം നാണംകൊണ്ട് ചുവക്കുന്നു.) ഈ അമ്മ, ഞാൻ അമ്മ്യോട് മിണ്ടില്ല.

ഓടിപ്പോകുന്നു.

[cut to a fantasy]

സീൻ - 45: FANTASY നേരത്തെ കാണിച്ച പോലുള്ള ഒരു കോട്ട. (യക്ഷിക്കഥയിലെ കോട്ട) പ്രധാന സ്വീകരണമുറി. വളരെ വലുതാണ്. നിറയെ ഷാന്റിലിയറുകളും ചിത്രപ്പണികളും നിറഞ്ഞതാണ് ആ ഹാൾ. അവിടെ മൂന്നു സിംഹാസനങ്ങളിലായി നടുവിൽ നീലുവും രണ്ടു ഭാഗത്തുമായി അവളുടെ അച്ഛനും അമ്മയും രാജകീയ വേഷത്തിൽ ഇരിക്കുന്നു. ഹാളിൽ കൊത്തുപണികളാൽ അലങ്കരിച്ച പീഠങ്ങളിൽ രാജകുമാരന്മാർ ഇരിക്കുന്നു. തലപ്പാവ്, കിരീടം മുതലായവയായി. രാജകുമാരൻമാർക്കെല്ലാം അജിതിന്റെ പ്രായമാണ്.

രാജകുമാരിയുടെ സ്വയംവരമാണ് വിഷയം. സംഗീതം മുഴങ്ങിക്കേൾക്കുന്നു. അജിത് ഒരു കുതിരപ്പുറത്ത് കയറി കോട്ടയുടെ നേർക്ക് ഓടിച്ചു പോകുകയാണ്. രാജകുമാരന്റെ വേഷം തന്നെ. കോട്ടയുടെ മുമ്പിലെത്തിയപ്പോഴാണ് അവസാനത്തെ അതിഥിയായ രാജകുമാരനും ഉള്ളിലേക്കു കടക്കുന്നതും കോട്ടയുടെ മുമ്പിലുള്ള കിടങ്ങിന്റെ പാലം മേലോട്ടുയരുന്നതു കാണുന്നതും. അജിത് കുതിരയെ നിർത്തി ഓടുന്നു. പക്ഷെ വൈകിപ്പോയി. കോട്ടവാതിൽ ഒരു ശബ്ദത്തോടെ അടയുന്നു. അജിത് ആകെ വിഷണ്ണനായി നിൽക്കുന്നു.

രംഗം, സ്വീകരണമുറി. നീലിമ എഴുന്നേൽക്കുന്നു. സാവധാനത്തിൽ നടന്ന് ഓരോ രാജകുമാരൻമാരുടെയും മുമ്പിൽ വന്ന് നിൽക്കുന്നു. ഓരോരുത്തരെയായി നിരാകരിക്കുന്നു. എല്ലാവരേയും കണ്ടു കഴിഞ്ഞ നീലു തൃപ്തയാവാതെ ഹാൾ വിട്ട് പുറത്തേക്കിറങ്ങുന്നു. കോട്ടമുറ്റം കടന്ന് അടഞ്ഞുകിടക്കുന്ന പ്രവേശനദ്വാര ത്തിനു മുമ്പിൽ നിന്ന് മാന്ത്രികവാക്യം ഉരുവിടുന്നു. കോട്ടവാതിൽ ഒരു ശബ്ദത്തോടെ തുറക്കപ്പെടുന്നു, കിടങ്ങിനു മുകളിലേക്ക് പാലം ഇറങ്ങിവരുന്നു. പുറത്ത് കാത്തു നിൽക്കുന്ന അജിതിനെ അവൾ രണ്ടു കയ്യും നീട്ടി വിളിക്കുന്നു. അജിത് പാലത്തിലൂടെ നടന്നു വരുന്നു. നീലു അജിതിന്റെ കൈപിടിച്ച് ഹാളിലേക്കു നടക്കുന്നു. കാത്തുനിൽക്കുന്ന രാജകുമാരൻമാരുടെ നടുവിലൂടെ നടന്ന് രാജാവിന്റെയും രാജ്ഞിയുടെയും മുമ്പിൽ വന്ന് തല കുനിക്കുന്നു. രാജാവും രാജ്ഞിയും അവരെ ആശിർവദിക്കുന്നു.

Fade out

(Note: ഈ ഫാന്റസിയുടെ മുഴുവൻ സമയവും ഒരു തീം മ്യൂസിക്ക് ഉണ്ട്.)

നീലിമയുടെ വീടിന്റെ തളത്തിൽ പുല്പായ വിരിച്ച് നീലിമ ഇരിക്കുന്നു. ഒരു ഭാഗവതർ പാട്ടു പഠിപ്പിക്കുന്ന രംഗങ്ങൾ. ഒരു പാട്ടിലൂടെ രണ്ടു മാസം കടന്നുപോകുന്നതായും നീലിമ ഒരു മാതിരി നന്നായി

പാടുന്നതായും കാണിക്കുന്നു.
തൃപ്പൂണിത്തറയിലെ ഡാൻസ് സ്‌ക്കൂൾ. മറ്റു വിദ്യാർത്ഥിനികളോടൊപ്പം നീലിമ മോഹിനിയാട്ടം പഠിക്കുന്നു. ഏകദേശം രണ്ടു മാസത്തെ കാലയളവ് കാണിക്കുന്നു.
സീൻ – 46: രാവിലെ സമയം. വിജയൻ ഓഫീസിൽ പോകാൻ ഒരുങ്ങുന്നു. നീലു വാതിൽ കടന്നുവരുന്നു. സോഫയിലിരുന്ന് ഷൂസിടുന്ന വിജയന്റെ നേരെ കൊഞ്ഞനം കാണിച്ച് അജിതിന്റെ മുറിയിലേക്ക് പോകുന്നു.
നീലു: ഹോം വർക്ക് ഒന്ന് ബാക്കിയുണ്ടായിരുന്നത് ചെയ്തുവോ?
അജിത് ശ്രദ്ധിക്കുന്നില്ല.
നീലുതന്നെ സ്വയം അവന്റെ നോട്ടുപുസ്തകമെടുത്ത് പരിശോധിക്കുന്നു. ചെയ്തത് ശരിയായിട്ടുണ്ട്. അടുക്കളയിലേക്ക് പോകുന്നു. അടുപ്പത്തുനിന്ന് എന്തോ സാധനം എടുത്ത് സ്വാദ് നോക്കുന്നു. വിജയൻ അടുക്കളയിലേക്ക് വരുന്നു.
വിജയൻ: ഈ പെണ്ണിന് വീട്ടിൽ തൊഴിലൊന്നുമില്ലെ. നേരം വെളുത്താൽ എത്തി.
വിമല: അതെയതെ. രണ്ടുമാസത്തിനുള്ളിൽ അവളുടെ ക്ലാസ്സുതുടങ്ങും. പിന്നെ അവളെ കണ്ടെങ്കിലല്ലെ. അപ്പൊ അച്ഛനും മോനും നീലുവിനെ അന്വേഷിച്ചു നടക്കുന്നതു കാണാം. അപ്പൊ കാണാം നീലുവിന്റെ വില.
നീലുവിന്റെ ഓമനമുഖത്ത് പരിഭവം
വിജയൻ: സോറി രാജകുമാരി. ഞാൻ തമാശപറഞ്ഞതല്ലെ?
നീലുവിന്റെ പരിഭവം ക്ഷണം മാറുന്നു.
നീലു: ചേട്ടാ ഞാൻ എന്റെ രണ്ടു കാസറ്റുകളെടുക്കുന്നുണ്ട്. മഡോണയും ഫിൽകോളിൻസും. വൈകുന്നേരം തിരിച്ചു തരാം.
വിജയൻ: ക്ലാസിക്കൽ മ്യൂസിക് പഠിച്ചിട്ടും ഇപ്പോഴും ഫിൽ കോളിൻസ് ഒക്കെയാണോ കേൾക്കുന്നത്.
നീലിമ: രണ്ടും ഒന്നാണ് മ്യൂസിക്.
വിജയൻ: ഇവളൊരു അദ്വൈതവാദിയാണല്ലൊ.
നീലിമ: എന്താണത്.
വിജയൻ: ഒന്നുമില്ല. രാജകുമാരി. താങ്കൾക്ക് മനസ്സിലാവില്ല.
നീലിമ കോക്കിരി കാട്ടുന്നു. വിജയൻ പോകാനായി പുറത്തെ വാതിൽ കടക്കുന്നു. നീലിമ മോഹിനി യാട്ടത്തിന്റെ സ്റ്റെപ്പുകൾ വെക്കുന്നു. പെട്ടെന്ന് എന്തോ ഓർത്തുകൊണ്ട്.
നീലു: പിന്ന്യേയ്
വിജയൻ: (തിരിഞ്ഞ് ഭവ്യതയോടെ) എന്താണാവോ?
നീലു: (ആജ്ഞാപിക്കുന്ന പോലെ) ഇന്ന് വൈകുന്നേരം നേർത്തെ വരണം. ഞാനും വിമലച്ചേച്ചിയും ബീച്ചില് പോകാൻ പ്ലാനിട്ടിട്ടുണ്ട്.
വിജയൻ: (കുമ്പിട്ടുകൊണ്ട്) ശരി രാജകുമാരി.
Fade out

സീൻ – 47:
നീലുവിന്റെ വീടിന്റെ തളം. അമ്മമ്മ കണ്ണടയും ധരിച്ച് തുന്നുകയാണ്. ഒരു മേശവിരിക്ക് പൂക്കൾ തുന്നിപ്പിടിപ്പിക്കുകയാണവർ. നീലു ഒരു സിൽക്ക് ടൈയുമായി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. ഇരിക്കപ്പൊറുതിയില്ലായ്മ പ്രകടമാകുന്നുണ്ട്. അമ്മമ്മ ഇടയ്ക്കിടയ്ക്ക് മുഖമുയർത്തി അവളെ നോക്കുന്നുണ്ട്. നീലു ഒരു ഗിഫ്റ്റ് റാപ്പർ എടുത്ത് മേശമേൽ വെച്ച് ടൈ പൊതിയാനുള്ള ശ്രമത്തിലാണ്. അവളുടെ മുഖത്ത് അതൃപ്തിയും ഒപ്പം ദ്വേഷ്യവുമുണ്ട്.
നീലു: (സ്വന്തം പറയുന്നു) പൊട്ട സ്വഭാവമാണ്. (അമ്മമ്മ പെട്ടെന്ന് മുഖമുയർത്തി നോക്കുന്നു)
അമ്മമ്മ: നീ ആരെപ്പറ്റിയാണ് പറയണത് മോളെ?
നീലു: അമ്മമ്മടെ മരുമകനെപ്പറ്റിത്തന്നെ. പൊട്ടസ്വഭാവമാണ്. ഒരു സാധനം കൊടുക്കാൻ തോന്നില്ല്യ.
അമ്മമ്മ: ഇപ്പൊ എന്താ അച്ഛൻ ചെയ്തത്?
നീലു: ഡാഡി എന്താ ചെയ്തതെന്നോ? എത്ര ദിവസായി ഒരു കത്തു കിട്ടിയിട്ട്. മോളെ ഇത്രയും ദൂരത്ത് പറഞ്ഞയച്ചിട്ട് വല്ല വിചാരവും ഉണ്ടോ?
അമ്മമ്മ: കഴിഞ്ഞ വെള്ളിയാഴ്ചയല്ലെ കത്തു കിട്ടിയത്?
നീലു: അതെ ഇന്ന് ബുധനാണ്. ഒരാഴ്ചയായി. അതാ പറേണത് ഒന്നും കൊടുക്കാൻ തോന്നില്ല്യാന്ന്. പിന്നീം ഞാനായതുകൊണ്ടാ ഇതൊക്കെ അയച്ചുകൊടുക്കുന്നത്. ഹാപ്പിബർത്ത്ഡേ എന്നു പറഞ്ഞ് ഒരു കാർഡയച്ചാൽ മതിയാവും.
അമ്മമ്മ: ഇന്നുണ്ടാവും കത്ത്. പോസ്റ്റ്മാൻ വന്നുപോയോ?
നീലു: അറിയില്ല. അയാള് ഓരോ ദിവസം ഓരോ നേരത്താണ് വരണത്.
അമ്മമ്മ തുന്നൽ തുടരുന്നു.
നീലു: പിന്നെ വിജയേട്ടനും പൊട്ട സ്വഭാവമാണ്.
അമ്മമ്മ: (പെട്ടെന്ന് തലയുയർത്തി) എന്താ മോളെ?
നീലു: ഞാനിന്ന് വിജയേട്ടനുമായി ഫൈറ്റ് ചെയ്തിട്ടാണ് വന്നത്.

അമ്മമ്മ: എന്തിനാ മോളെ അടിപിടിണ്ടാക്കീത്?
നീലു: പൊട്ട സ്വഭാവാന്ന് പറഞ്ഞില്ല്യെ ഡാഡിയായാലും വിജയേട്ടനായാലും ഒക്കെ കണക്കന്നെ. വിജയേട്ടനുണ്ട് ഡാഡിടെ മാതിരി ഭാവം, വല്യ ആളാണ്ന്ന്. എനിക്ക് ചെല സമയത്ത് എന്തുമാത്രം ദ്വേഷ്യം പിടിക്കുംന്നറിയോ അമ്മമ്മയ്ക്ക്.
അമ്മമ്മ: (കൊഞ്ചിക്കുന്നു) അയ്യോ മേളെ ദ്വേഷ്യം പിടിക്ക്വൊന്നും അരുത്.
നീലിമ: ഞാനിതു പോസ്റ്റ് ചെയ്തിട്ടു വരാം. അല്ലെങ്കിൽ ബർത്ത്ഡേ കഴിഞ്ഞേ ഇതവിടെ കിട്ടു.
സീൻ 48:
ബീച്ചിൽകൂടി നാലുപേരും നടക്കുന്ന ഷോട്ടുകൾ. പലദിവസങ്ങളിലെ ഷോട്ടുകൾ ഒരു പാട്ടിന്റെ പശ്ചാത്തലത്തിൽ ഈ ഷോട്ടുകൾ കാണിക്കുന്നു.
സീൻ 49:
നീലിമ നടന്നുപോകുന്നു. ബ്രീസ് ഹോട്ടലിന്റെ മുമ്പിൽ പെട്ടികടയുടെ മുമ്പിലൂടെ പോകുന്നു. പെട്ടിക്കടക്കാരൻ  അവളെ ശ്രദ്ധിക്കുന്നു. അവൾ നടന്നുപോയപ്പോൾ തന്റെ അസിസ്റ്റന്റ് പയ്യനോട് പറയുന്നു.
പെട്ടിക്കടക്കാരൻ: എടാ അവൾ എങ്ങോട്ടാണ് പോകുന്നതെന്ന് നോക്കി വാ.
പയ്യൻ: ആ ബോണിയുടെ അടുത്തേക്കാവും.
പയ്യൻ നീലിമയുടെ പിന്നാലെ പോകുന്നു. നിരത്തിന്റെ കവലയിൽനിന്ന് നീലിമ എങ്ങോട്ടാണ് പോകുന്നതെന്ന് നോക്കുന്നു. അവൾ ബോണിയുടെ വീട്ടിലേക്കുള്ള ഗെയ്റ്റ് കടക്കുമ്പോൾ പയ്യൻ തിരിച്ചുവന്ന് കടക്കാരനോട് പറയുന്നു.
പയ്യൻ: അതെ അവിടേക്കു തന്ന്യാണ്.
കടക്കാരൻ: നല്ലൊരു പെങ്കൊച്ച്. അവന്റെ വലയില് വീണുന്നാ തോന്നണത്.
സീൻ 50:
ഗുഹക്കുള്ളിൽ ബോണി പാന്റ്സ് മാത്രമിട്ട് നിലത്ത് കിടക്കുന്നു. സൈമൺ ഒരു കസേരയിൽ ചാരിയിരിക്കുകയാണ്. അവർ ആരെയോ കാത്തിരിക്കുകയാണ്.
ബോണി: (വാച്ചു നോക്കിക്കൊണ്ട്) പത്തരയായി. ഇനി അവർ വരുമെന്ന് തോന്നുന്നില്ല.
സൈമൺ: അര മണിക്കൂർകൂടി കാക്കാം.
ബോണി: എനിക്ക് തോന്നുന്നത് അവർക്ക് വേറെ ജോലി കിട്ടിയെന്നാണ്. ഗിതാറിസ്റ്റിനും ഓർഗൻ വായനക്കാരനും നല്ല ഡിമാന്റാണ്. ഡ്രമ്മറെ പിന്നെ ഇഷ്ടം പോലെ കിട്ടാനുണ്ട്.
സൈമണെ കൊള്ളിച്ചുകൊണ്ട് പറയുന്നതാണ്.
സൈമൺ: (ചൂടാവുന്നു) പിന്നെ നിന്നെപ്പോലെ പീറ പാട്ടുകാരനെയാണ് കിട്ടാൻ വിഷമം.
ബോണി: (നയത്തിൽ) ചൂടാവല്ലെ സ്നേഹിതാ. നമ്മൾ രണ്ടുപേരും പാർട്ട്ണേഴ്സ് അല്ലെ? ഇപ്പോൾ ഒരു ക്രൈസിസ് ഉണ്ടായിരിക്കയാണ്.
എഴുന്നേറ്റ് നടക്കുന്നു.
ഇന്നലെയും ഗോപനും രാജനും വന്നില്ല. പുറമെനിന്ന് ആളെ എടുക്കേണ്ടി വന്നു. റൊക്കം കാഷ്കൊടുക്കണം. ഹോട്ടലിൽ നിന്ന് ഇനി രണ്ടു മാസത്തേക്ക് ശമ്പളം പ്രതീക്ഷിക്കേണ്ട. പാർട്ട്ണർ, പണമുണ്ടാക്കാൻ വേറെ മാർഗ്ഗം നോക്കേണ്ടിവരും. കടുത്ത യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കാൻ തയ്യാറെടുത്തോളു.
സൈമൺ: അതിനു മുമ്പായി ചെറിയ തോതിൽ ഒരു ബ്രേക്ക് ഫാസ്റ്റിനെപ്പറ്റി എന്താണഭിപ്രായം?
ബോണി: തന്റെ കയ്യൽ കാശുണ്ടെങ്കിൽപോകാം. എന്റെ കയ്യിൽ കാശില്ല. മാത്രമല്ല ഈ പരിസരത്താരും നമുക്ക് കടം തരാൻ പോകുന്നില്ല.
സൈമൺ: എന്നാൽ കടുത്ത യാഥാർത്ഥ്യങ്ങളെ പച്ചവെള്ളം കുടിച്ച് അഭിമുഖീകരിക്കേണ്ടി വരും.
ഡോർ ബെൽ.
ബോണി: അവർ വന്നു.
സീൻ 51:
വാതിൽക്കൽ കാത്തു നിൽക്കുന്ന നീലിമ.
സീൻ 51എ:
ബോണി വാതിൽക്കലേക്ക് കുതിക്കുന്നു. വാതിൽ തുറക്കുന്നു. നീലിമയാണ് മുമ്പിൽ. ഒരു നിമിഷം എന്താണ് ചെയ്യേണ്ടതെന്നറിയാതെ നിൽക്കുന്നു. അതിനകം നീലിമ ഉള്ളിലേക്ക് കയറുകയാണ്. പെട്ടെന്ന് നീലിമയെ ഉന്തി പുറത്താക്കി ബോണി വാതിലടക്കുന്നു. പിന്നെ ചുമരിന്മേൽ തൂക്കിയിട്ട ഒരു സൈൻബോർഡെടുത്ത് വാതിൽ തുറന്ന് വാതിലിനു പുറത്ത് തൂക്കിയിട്ട് വീണ്ടും വാതിലടക്കുന്നു.
പുറത്തു നിന്നുള്ള ഷോട്ടിൽ കാണുക വാതിലിനു മേൽ തൂക്കിയിട്ട ബോർഡിൽ MEN AT WORK, PLEASE WAIT OUTSIDE എന്ന് എഴുതിയതാണ്. നീലിമ അതു വായിച്ച് ചിരിക്കുന്നു.
സീൻ 51ബി:
അകത്ത് ബോണി സൈമനു നേരെ പക്ഷി പറക്കുന്നതായി ആംഗ്യം കാണിക്കുന്നു. സൈമൺ ചാടി എഴുന്നേൽക്കുന്നു. രണ്ടുപേരും ഡ്രെസ്സ് അണിയുന്നു. സൈമൺ കൂളിംഗ് ഗ്ലാസ്സ് എടുത്ത് അണിയുന്നു. വാതിൽ തുറന്ന് നീലിമയെ അകത്തു കടത്തുന്നു.
നീലിമ: എന്താണ് ആദ്യം അകത്തുകടത്താതിരുന്നത്?

ബോണി: ഞങ്ങൾ പ്രൊഫഷണലി ഡ്രസ്സ് ആയിരുന്നില്ല. We have to keep up our image.
സൈമൺ: ആ ഇമേജിലാണ് ഇപ്പോൾ ജീവിക്കുന്നത്. അതുംകൂടി പോയാൽ പിന്നെ പറയേണ്ട.
നീലിമ: ഇന്നെന്താ മറ്റു രണ്ടുപേരും ഇല്ലേ?
ബോണി: ഞങ്ങൾ അവരേയും പ്രതീക്ഷിച്ചുകൊണ്ടിരിക്കയാണ്.
സൈമൺ: ചില സാങ്കേതിക കാരണങ്ങളാൽ അവർ വന്നില്ലെന്നും ആകാം.
ബോണിക്ക് ദ്വേഷ്യം പിടിക്കുന്നു. സൈമന്റെ തലയിൽ ഒരു തട്ടു വെച്ചുകൊടുക്കുന്നു.
ബോണി: എന്താണ് സംസാരിക്കേണ്ടതെന്നറിയില്ല. മണ്ടൻ. (നീലിമയോട്) ഇരിക്കൂ.
നീലിമ ഇരിക്കുന്നു. കയ്യിലുള്ള പേഴ്സ് അടുത്ത ടീപോയ്മേൽ വെക്കുന്നു. ബോണിയും സൈമണും പേഴ്സ് ആർത്തിയോടെ നോക്കുന്നു. ബോണി നീലിമയുടെ എതിരായുള്ള ഒരു സ്റ്റൂളിൽ വന്നിരിക്കുന്നു.
ബോണി: നീലിമയുടെ ഫാദർ എന്തു ചെയ്യുന്നു?
നീലിമ: ഹീയിസ് റണ്ണിംഗ് എ ചെയ്ൻ ഓഫ് സൂപ്പർ മാർക്കറ്റ്സ്. എട്ടു സൂപ്പർമാർക്കറ്റുകളാണുള്ളത്. മോൺട്രിയയിൽത്തന്നെയുണ്ട് മൂന്നെണ്ണം. പിന്നെ ക്യൂബെക്കിലും, വാൻകുവറിലും, ഒട്ടാവയിലും, ടൊറാന്റോവിലും ഒക്കെ വലിയ സൂപ്പർ മാർക്കറ്റുകളുണ്ട്.
ബോണിയും സൈമണും വീർപ്പടക്കിനിൽക്കുന്നു. നീലിമ പറയുന്നത് അവർ വിശ്വസിച്ചിരിക്കുന്നു.
നീലിമ: സൂപ്പർമാർക്കറ്റെന്നു പറഞ്ഞാൽ ഇവിടത്തെ പോലെയൊന്നും അല്ല. എട്ടും പത്തും നിലകളുള്ള ബിൽഡിംഗ്സ് ആണ്. ഓരോ നിലയിലും ഓരോ സാധനങ്ങളായിരിക്കും. ഒന്നിൽ ഫുട്ട്വെയർ ആണെങ്കിൽ അടുത്തതിൽ ടെക്സ്റ്റൈൽസ് ആയിരിക്കും. പിന്നത്തേതിൽ ടോയ്സ്. അടുത്തതിൽ ഇലക്ട്രോണിക്സ്, അങ്ങിനെ.
ബോണി: അപ്പോൾ നീലിമയുടെ അച്ഛൻ ഒരു മില്ല്യനെയറായിരിക്കുമല്ലോ.
നീലിമ: എന്താ സംശയം. ഹീയിസ് എ വെരി ബിസി മാൻ. ആൾവെയ്സ് ഫ്ളൈയിംഗ് ഫ്രം വൺസിറ്റി ടു നേദർ. അച്ഛന് സ്വന്തമായി ഒരു പ്ലെയിനുണ്ട്. ഒരു സെസ്ന. താമസിക്കുന്നത് എട്ട് ഏക്കർ വരുന്ന ഒരു റാഞ്ചിലാണ്. അതിൽ സ്വിമ്മിംഗ് പൂളും ഗോൾഫ് കോഴ്സും ഒക്കെയുണ്ട്.
ബോണി: റിയലി?
നീലിമ: യ്യാ.
സൈമൺ: നമുക്കൊരു ചായ കുടിച്ചാലെന്താ? ചായ കുടിച്ചുകൊണ്ടിരിക്കെ സംസാരിക്കുകയുമാവാം.
ബോണി: ഏയ് ഇപ്പോൾ വേണ്ട.
സൈമൺ നീലിമ അറിയാതെ ബോണിയോട് ആംഗ്യം കാണിക്കുന്നു.
ബോണി: അല്ലെങ്കിൽ നമുക്ക് സൈമൺ പറഞ്ഞതുപോലെ ഒരു ചായ കുടിക്കാം. ദേറീസെ കോസി റസ്റ്റോറണ്ട് ഡൌൺ ദ ലെയ്ൻ. വൈഡോണ്ട്യൂ ജോയ്ൻ അസ്.
നീലിമ: ഐ ഡോണ്ട് മൈന്റ്.
മൂന്നു പേരും പുറത്തിറങ്ങുന്നു.
സീൻ – 53:
മൂന്നു പേരും കൂടി നടക്കുകയാണ്. ഒപ്പം സംസാരിക്കുന്നുമുണ്ട്. സംസാരം അധികവും ചെയ്യുന്നത് നീലിമയാണ്. വഴിയിൽവെച്ച് ഒരു കടയിൽനിന്നിറങ്ങി വരുന്ന മണി (വെയ്റ്റർ) അവരെ കാണുന്നു. ഒരു നിമിഷം നോക്കിനിന്ന ശേഷം അവൻ നടന്നകലുന്നു.
സീൻ – 54:
ഒരു റസ്റ്റോറണ്ടിനുള്ളിൽ. മേശക്കുചുറ്റും ബോണിയും നീലിമയും സൈമണും ഇരിക്കുന്നു. വെയ്റ്റർ കാത്തു നിൽക്കുന്നു.
ബോണി: (നീലിമയോട്) വാട്ട് വിൽ യു ഹാവ്?
നീലിമ: ഫ്രൂട്ട് ജ്യൂസ്
ബോണി: (സൈമണോട്) നീയെന്താണ് കഴിക്കുന്നത്?
സൈമൺ: ഞാൻ എന്തെങ്കിലും ഹെവിയായി കഴിക്കാൻ പോവ്വാണ്. ഇനി റിഹേഴ്സൽ തുടങ്ങിയാൽ പിന്നെ ലഞ്ചിനൊന്നും സമയമുണ്ടാവില്ല.
ബോണി: ശരിയാണ്. ഞാനും എന്തെങ്കിലും തിന്നാൻ പോകുന്നു. (വെയ്റ്ററോട്) ഒരു പ്ലെയ്റ്റ് ചിക്കൻ ഫ്രൈയും പൊറോട്ടയും എനിക്ക്. (സൈമണെ ചൂണ്ടിക്കാട്ടി) അയാൾക്ക് ഒരു സാദാ ദോശ.
പെട്ടെന്ന് സൈമൺ മേശക്കു താഴെക്കൂടി ബോണിയെ ചവിട്ടുന്നു.
ബോണി: അല്ലെങ്കിൽ വേണ്ട, അയാൾക്കും ഒരു ചിക്കൻ ഫ്രൈയും പൊറോട്ടയും.
വെയ്റ്റർ: കുടിക്കാൻ എന്തെങ്കിലും?
ബോണി: പച്ചവെള്ളം.
വെയ്റ്റർ പോകുന്നു.
നീലിമ: (ദ്വയാർത്ഥത്തിൽ) എന്തു സിമ്പിൾ ബ്രേയ്ക്ക് ഫാസ്റ്റാണ് നിങ്ങളുടേത്. പാവം ഇതുകൊണ്ടൊക്കെ വിശപ്പടങ്ങുമോ?
സൈമൺ: ഞാൻ എപ്പോഴും പറയാറുണ്ട് ഇവനോട് പെൺകുട്ടികൾ മുമ്പിലുണ്ടെങ്കിൽ ഭക്ഷണം കഴിക്കുന്നതിന് ലജ്ജിക്കാനൊന്നുമില്ലെന്ന്. (കൈകൊട്ടി വെയ്റ്ററെ വിളിക്കുന്നു. വെയ്റ്റർ തിരികെ വരുമ്പോൾ) എനിക്ക് ഒരു ചിക്കൻ സാന്റ്‌വിച്ച് കൂടിയാവാം.
ബോണി: എനിയ്ക്ക് ചീസ് സാന്റ്‌വിച്ച് മതി.

വെയ്റ്റർ പോകുന്നു.  നീലിമ ചിരിക്കുന്നു
ബോണി: (അല്പം ജാള്യതയോടെ) ഞാനിപ്പോഴാണ് ഓർത്തത്. ഇനി റിഹേഴ്സൽ തുടങ്ങിയാൽ പിന്നെ എഴുന്നേൽക്കുക രാത്രി എട്ടുമണിക്കാണ്. അപ്പോൾ പിന്നെ കുറച്ച് ഹെവിയായി വല്ലതും ചെന്നില്ലെങ്കിൽ
ഭക്ഷണം കഴിക്കുന്ന രംഗം. ആൺകുട്ടികൾ രണ്ടുപേരും ആർത്തിയോടെ ഭക്ഷണം കഴിക്കുന്നത് നോക്കിക്കൊണ്ട് നീലിമ ഫ്രൂട്ട്ജ്യൂസ് കുടിക്കുന്നു. അവളുടെ മുഖത്ത് ചിരിയുണ്ട്. ഭക്ഷണം കഴിഞ്ഞപ്പോൾ ബോണി വെയ്റ്ററെ വിളിച്ച് ബില്ലിന്നാവശ്യപ്പെടുന്നു. പോക്കറ്റിൽ കയ്യിടുന്നു. പെട്ടെന്ന്....
ബോണി: അയ്യോ ഞാൻ പേഴ്സെടുക്കാൻ മറന്നു. സൈമൺ നീ പേഴ്സെടുത്തിട്ടുണ്ടോ.
സൈമൺ: ഇല്ലല്ലൊ.
ബോണി: ഇനിയെന്താണ് ചെയ്യുക?
സൈമൺ: ഞാൻ ഓടിപ്പോയി നിന്റെ പേഴ്സ് എടുത്തുകൊണ്ടുവരാം
ബോണി അവന്റെ കാൽ ചവിട്ടുന്നു.
നീലിമ: (ഇടയിൽ കയറി) എന്തിനാണ് ഇങ്ങിനെയൊക്കെ ബുദ്ധിമുട്ടുന്നത്? എന്റെ കയ്യിൽ പണമുണ്ടല്ലൊ. ഞാൻ കൊടുക്കാം.
ബോണി: അത് ശരിയല്ലല്ലെ. ഞങ്ങൾ ചായ കുടിക്കാൻ ക്ഷണിച്ചിട്ട് നീലിമയെക്കൊണ്ട് കൊടുപ്പിക്കുന്നത്?
നീലിമ: ഡോണ്ട് ബി ഫോർമൽ.
വെയ്റ്റർ ബില്ലുകൊണ്ടുവന്നു വെക്കുന്നു. നീലിമ ഫോൾഡർ എടുത്ത് തുറന്നുനോക്കുന്നു. പഴ്സ് തുറന്ന് നൂറിന്റെ രണ്ടു നോട്ടുകൾ വെച്ചു കൊടുക്കുന്നു. വെയ്റ്റർ ഹോൾഡർ എടുത്തു പോകുന്നു. നീലിമയുടെ തുറന്നു പിടിച്ച പഴ്സിൽ പിന്നെയും നൂറിന്റെ നോട്ടുകൾ. സൈമണും ബോണിയും അന്യോന്യം നോക്കുന്നു.
ബോണി: താങ്ക്സ് ഫോർ പേയിംഗ്.
സൈമൺ: താങ്ക്സ്.
നീലിമ: വെൽക്കം.
വെയ്റ്റർ ഹോൾഡർ തിരിച്ചുകൊണ്ടു വന്നു വെക്കുന്നു. നീലിമ അതു തുറന്ന് നോട്ടുകൾ എടുത്ത് പത്തുരൂപയുടെ ഒരു നോട്ട് അതിൽ ടിപ്പായി വെക്കുന്നു. എഴുന്നേൽക്കുന്നു. നീലിമ പുറംതിരിഞ്ഞ അവസരത്തിൽ സൈമൺ ഹോൾഡർ തുറന്ന് അഞ്ചുരൂപ എടുക്കാൻ നോക്കുന്നു. അതിനു സമയം കൊടുക്കാതെ ബോണി അവനെ രൂക്ഷമായി നോക്കിക്കൊണ്ട് ആ നോട്ട് പോക്കറ്റിലാക്കുന്നു.
വെയ്റ്റർ ദൂരെ നിന്നത് കാണുന്നു. അയാൾ സ്വയം പറയുന്നു.
വെയ്റ്റർ (തൊട്ടടുത്തുള്ള മറ്റാരു വെയ്റ്ററോട്) നാറികൾ.
മൂന്നു പേരും പുറത്തേക്കിറങ്ങുന്നു.
Fade out

സീൻ – 55:
വിജയന്റെ വീട്. വൈകുന്നേരം വിജയൻ ഓഫീസിൽ നിന്നു വരുന്നു. സോഫയിലിരുന്ന് ഷൂസഴിക്കുന്നു. വിമല ചായയുമായി വന്ന്, ചായ മേശപ്പുറത്തുവെക്കുന്നു. സോഫയിൽ വിജയനടുത്തിരുന്ന് ബാഗു തുറന്ന് ലഞ്ച്ബോക്സ് എടുക്കുന്നു.
വിജയൻ: (ചുറ്റും നോക്കുന്നു) ഇന്നെന്താ നീലുവിനെ കാണാനില്ലല്ലൊ.
വിമല: എന്താണാവോ? വൈകുന്നേരം കണ്ടില്ല. ഞാൻ അജിതിനോട് ഒന്ന് അന്വേഷിച്ചു വരാൻ പറഞ്ഞതാ. അവന് അപ്പോഴേയ്ക്കും പഠിക്കാനുണ്ട് പരീക്ഷയാണ് എന്നൊക്കെ.
വിജയൻ: അപ്പൊ ഇന്ന് ട്യൂഷനൊന്നും ഉണ്ടായില്ലെ?
വിമല: ഇല്ല. ഒരു പക്ഷെ വരായിരിക്കും.
വിജയൻ: (ചായകുടിച്ചുകൊണ്ട്) നമുക്കൊന്നവിടെ പോയാലോ. കുറെ ദിവസായില്ലെ അമ്മയേയും കണ്ടിട്ട്.
വിമല: പോകാം. ഞാനീ വേഷമൊന്നു മാറ്റട്ടെ.
എഴുന്നേൽക്കുന്നു.
cut to

സീൻ 56:
നീലിമയുടെ വീടിന്റെ ഉമ്മറത്ത് വിജയനും വിമലയും കയറുന്നു. വിജയൻ മുണ്ടാണുടുത്തിരിക്കുന്നത്. വിമല സെറ്റുമുണ്ടും. ഉമ്മറത്തേക്കു കടന്ന ഉടനെ അകത്തു നിന്ന് നീലിമ ഒരു ത്യാഗരാജസങ്കീർത്തനം പാടുന്നതു കേൾക്കാം. അകത്തേക്കു കടക്കുമ്പോൾ തളത്തിൽ പുല്പായ വിരിച്ച് അതിൽ നീലിമ ഇരിക്കുന്നു. മുമ്പിൽ ഒരു നിലവിളക്കു കത്തിച്ചുവെച്ചിട്ടുണ്ട്. അടുത്തുതന്നെ ഒരു വശത്തായി ഒരു മൃദംഗക്കാരനും, ഒരു വയലിൻ കാരനും ഉണ്ട്. അവർ നീലിമയ്ക്ക് അകമ്പടി സേവിക്കുകയാണ്. നീലിമ വിജയനേയും വിമലയേയും കാണുമ്പോൾ ചിരിക്കുന്നു. പക്ഷെ പാട്ടു നിർത്തുന്നില്ല.
അമ്മമ്മ അവരെ നോക്കി തലയാട്ടുന്നു. ഇരിക്കാൻ ആംഗ്യം കാണിക്കുന്നു. അവരും അമ്മമ്മയുടെ അടുത്ത് പുല്പായിൽ ഇരിക്കുന്നു.
നീലിമ നന്നായി പാടുന്നുണ്ട്. അവൾ ഉടുപ്പിനു പകരം കടും ചുവപ്പ് പട്ടുസാരിയാണുടുത്തിരിക്കുന്നത്. നിറയെ ആഭരണങ്ങൾ. മുടിയിൽ മുല്ലപ്പൂക്കൾ.

വിജയൻ അവളുടെ സൌന്ദര്യത്തിലും സംഗീതത്തിലും ആകൃഷ്ടനാവുന്നു. ക്യാമറ ഓരോരുത്തരുടെയും മുഖത്തെ വികാരങ്ങൾ ഒപ്പിയെടുക്കണം. അമ്മമ്മയുടെ കണ്ണുകൾ സാവധാനത്തിൽ നിറയുന്നു. കണ്ണീർ കവിളിൽക്കൂടി ഒലിച്ചിറങ്ങുന്നു. അതു തുടയ്ക്കാൻ മെനക്കെടാതെ അവർ പേരക്കുട്ടിയുടെ സംഗീതത്തിൽ ലയിച്ചിരിക്കുകയാണ്.

പാട്ടു കഴിഞ്ഞപ്പോൾ വിജയനും വിമലയും കയ്യടിക്കുന്നു. അവർ അമ്മമ്മയെ തിരിഞ്ഞുനോക്കുന്നു അഭിനന്ദനങ്ങളോടെ. അപ്പോഴാണ് അമ്മമ്മ കണ്ണുകൾ തുടയ്ക്കുന്നത് കാണുന്നത്.

വിമല: എന്താ അമ്മ കരയുകയാണോ?

അമ്മമ്മ: എനിക്ക് സന്തോഷമായി. എത്രയോ കാലായിട്ട്ള്ള മോഹായിരുന്നു, മോളെ സംഗീതം അഭ്യസിപ്പിക്കണംന്ന്. മോള് പാടിക്കൊണ്ടിരുന്നപ്പൊ ഞാൻ പഴയ കാര്യങ്ങളൊക്കെ ഓർത്തു.

നീലിമ എഴുന്നേറ്റ് വന്ന് അമ്മമ്മയുടെ അടുത്തിരുന്ന് തോളത്തുകൂടെ കയ്യിട്ട് അവരുടെ കവിളിൽ ഉമ്മ വെക്കുന്നു.

വിജയൻ: ഇവൾക്കു സാരി നന്നായി യോജിക്കുന്നുണ്ട് എന്തിനാണവൾ ഉടുപ്പൊക്കെ ഇട്ടു നടക്കുന്നത്? ഇനി സാരിയുടുത്താൽ മതി.

നീലിമ: സാരിയോ, ഛീ എനിക്കു വേണ്ട. നടക്കുമ്പോൾ തടഞ്ഞു വീഴും.

എല്ലാവരും ഉറക്കെ ചിരിക്കുന്നു.

Fade out

സീൻ – 57:

ബോണിയുടെ ഗുഹ. ബോണി വല്ലാത്തൊരവസ്ഥയിലാണ്. Withdrawal Symptom കാണിക്കുന്നു. ഇടയ്ക്കിടയ്ക്ക് സൈമനെ നോക്കി ഓരോന്നു പറയുന്നു.

ബോണി: നീ എങ്ങിനെയെങ്കിലും ഒരു ഇരുപതുറുപ്പിക ഉണ്ടാക്കിക്കൊണ്ടുവാ.

സൈമൺ: (അയാൾ ഒരു കസേരയിൽ അക്ഷമനായി ഇരിക്കുകയാണ്) പണമുണ്ടാക്കാൻ വഴിയൊന്നും ഞാൻ കാണുന്നില്ല. സ്വബോധമുള്ള ഒരു ജീവി നമുക്ക് കടം തരാൻ പോകുന്നില്ല. ഹോട്ടലിൽ ജോലി പോയശേഷം എത്ര നേരം നമ്മൾ മര്യാദയ്ക്ക് ഭക്ഷണം കഴിച്ചിട്ടുണ്ട്. ഇങ്ങനെ എത്ര നാൾ കഴിച്ചുകൂട്ടും. ഒരു നേരത്തെ ഭക്ഷണത്തിന് പണമില്ലാതെ വലയുമ്പോഴാണ് നിനക്ക് പൊടിക്കുള്ള പണം. ഞാൻ നിന്നോട് ആദ്യം മുതലേ പറയാറുള്ളതാണ് അത് വിഷമാണെന്ന്. അന്നു നീ പറഞ്ഞു നിന്റെ ഇൻസ്പിറേഷന്റെ രഹസ്യം അതാണെന്ന്. ഇന്നെന്തായി? നീ മയക്കുമരുന്നിന്റെ അടിമയായി. നിനക്കതില്ലാതെ ഒരു ദിവസം കഴിച്ചുകൂട്ടുവാൻ വയ്യെന്നായി.

ബോണി: മതിയെടാ നിന്റെ ഉപദേശം. ഇപ്പോൾ എന്തു ചെയ്യാൻ പറ്റുമെന്നു പറ.

സൈമൺ: ഒന്നും വിൽക്കാനും ബാക്കിയില്ല.ആകെയുള്ളത് നിന്റെ ഗിത്താറും ഈ ഡ്രമ്മും മാത്രമാണ്. എന്റെ ഡ്രം തൊടാൻ ഞാൻ സമ്മതിക്കില്ല. നീ പോയി നിന്റെ ഗിത്താർ വിറ്റോ.

ബോണി: (ക്രുദ്ധനായി സൈമനു നേരെ അടുക്കുന്നു കോളറിനു പിടിച്ച്) എന്റെ ഗിത്താർ വിൽക്കുകയോ? നീ എന്താപറഞ്ഞത്? എന്റെ ജീവനാണത് മനസ്സിലായോ?

സൈമൺ പതുക്കെ ബോണിയുടെ പിടി വിടുവിക്കുന്നു.

ബോണി വീണ്ടും അസ്വസ്ഥനാവുന്നു. കൂടുതൽ തീഷ്ണമായി Withdrawal symptom കാണിക്കുന്നു. പെട്ടെന്ന് സഹിക്കവയ്യാതെ ഓടിവന്ന് ഗിത്താറെടുക്കുന്നു. ഒരു നിമിഷം അതിനെ തുറിച്ചു നോക്കുന്നു. പിന്നെ അതും എടുത്ത് വാതിൽ തുറന്ന് പുറത്തേക്കോടുന്നു.

പിന്നിൽ സ്തംഭിച്ചു നിൽക്കുന്ന സൈമൺ. പെട്ടെന്ന് അയാൾ ഒരു തീരുമാനമെടുക്കുന്നു. സ്വയം പറയുന്നു.

സൈമൺ: ഇനി ഇവിടെ രക്ഷയില്ല. പോകണ്ട സമയമായാൽ സൈമണറിയാം.

അയാൾ തന്റെ ഡ്രം പാക്ക് ചെയ്യുന്നു. ചിതറിക്കിടന്ന തന്റെ വസ്ത്രങ്ങളും ഒരു സൂട്ട് കേസിൽ പാക്ക് ചെയ്യുന്നു. എല്ലാം ഏറ്റി വാതിൽ കടന്ന് പുറത്തേക്കു പോകുന്നു.

സീൻ – 58:

മ്യൂസിക്കൽ ഇൻസ്ട്രമെന്റ്സ് വിൽക്കുന്ന കടയിൽ ബോണി തന്റെ ഗിത്താറിന് വില പേശി നിൽക്കുന്നു.

ബോണി: ഇരുന്നൂറു രൂപയോ? ഇങ്ങനത്തെ ഒരു ഗിത്താറിന് എന്താണ് വില എന്നറിയ്യോ?

കടക്കാരൻ: ഞങ്ങൾ വാങ്ങുന്നതും വിൽക്കുന്നതും ഒരു വിലയിലല്ലല്ലൊ വാങ്ങുന്നതൊരുവില, വിൽക്കുന്നതൊരു വില. പിന്നെ സെക്കന്റ് ഹാന്റ് സാധനങ്ങൾക്ക് പുതിയതിന്റെ വില കാണുമോ? ഞങ്ങൾ സാധാരണ സെക്കന്റ് ഹാന്റ് സാധനങ്ങൾ വാങ്ങാറില്ല. ഇത് പുതിയതെന്നു പറഞ്ഞ് വിൽക്കാനൊന്നും പറ്റില്ല. ആരെങ്കിലും പഴയത് ചോദിച്ചു വന്നാൽ കൊടുക്കാമെന്നേയുള്ളു. അപ്പോൾ അത്രയൊക്കെയേ വിലയും കിട്ടു.

ബോണി: കുറച്ചെന്തെങ്കിലും കൂട്ടിത്താ, ഒരു മുന്നൂറെങ്കിലും.

കടക്കാരൻ: ഒരു പൈസ കൂടുതൽ തരാൻ പറ്റില്ല. വേണമെങ്കിൽ വെച്ചോ.

ബോണി ഗിത്താർ കൌണ്ടറിൽ വെക്കുന്നു.

ബോണി: പണമെടുക്ക്.

കടക്കാരൻ ഗിത്താർ ഒരിക്കൽ കൂടി പരിശോധിച്ചശേഷം കൌണ്ടറിൽ വെച്ച് പണമെടുക്കാൻ പോകുന്നു. ബോണി ഗിത്താർ കയ്യിലെടുക്കുന്നു. പതുക്കെ അതു മുഖത്തേക്കുയർത്തി ചുംബിക്കുന്നു. തേങ്ങലുകൾ വന്ന് അയാളെ ബുദ്ധിമുട്ടിക്കുന്നു. കണ്ണീർ ധാരയായൊഴുകുന്നു. പിന്നെ പെട്ടെന്ന് ഗിത്താർ എടുത്ത്

മാറോട് ചേർത്ത് അയാൾ പറയുന്നു.
ബോണി: ഇല്ല, ഇല്ല നിന്നെ ഞാൻ കൊടുക്കില്ല.
അയാൾ ഗിത്താറുമെടുത്ത് തിരിഞ്ഞോടുന്നു. പണവുമായി വന്ന കടക്കാരൻ അത്ഭുതത്തോടെ നോക്കി നിൽക്കുന്നു.
സീൻ – 59: ബ്രീസ് ഹോട്ടലിനു മുമ്പിലുള്ള പെട്ടിക്കട. വെയ്റ്റർ മണി രണ്ടുപാക്കറ്റ് സിഗരറ്റ് വാങ്ങുന്നു. ഹോട്ടലിൽ നിന്നുള്ള ഓർഡറാണ്. കടക്കാരൻ ചന്ദ്രൻ ചില്ലറ കൊടുക്കുമ്പോഴാണ് റോഡിലൂടെ പോകുന്ന നീലിമയെ കാണുന്നത്. ക്യാമറ ഒരു നിമിഷം നീലിമ നടന്നു പോകുന്നതു കാണിക്കണം.
ചന്ദ്രൻ: (അവളെ നോക്കി) ഏതോ നല്ല തറവാട്ടിലെ കുട്ട്യാണ് തോന്നുന്നു. ആ ബോണിയുടെ കൂടെയാ നടത്തം.
മണിയും അവളെ ശ്രദ്ധിക്കുന്നു.
മണി: ശരിയാണ്. ഞാൻ കഴിഞ്ഞ ആഴ്ച അവൾ ബോണിടേം സൈമന്റേം ഒപ്പം നടന്നുപോണതു കണ്ടു.
ചന്ദ്രൻ: അവൻ ആ കൊച്ചിനെ നശിപ്പിക്കും. ഇപ്പെന്താ നിന്റെ ഹോട്ടലില് അവൻ വരാറില്ലെ?
മണി: ഏയ്, അവനെ പിടിച്ച് പുറത്താക്കി. ഇപ്പൊ വേറൊരു ഗ്രൂപ്പാണ് അവിടെ പാടുന്നത്.
ചന്ദ്രൻ: അവനിപ്പൊ എങ്ങിനെ കഴിയുന്നു ആവോ. ഓരോരുത്തരുടെ കർമ്മഫലം.
സീൻ – 54:
ബോണി ഗുഹയിലെത്തുമ്പോൾ വാതിൽ തുറന്നിട്ടിരിക്കയാണ്. അകത്തു കടന്നപ്പോൾ സൈമൺ ഇല്ല. അയാൾ ചുറ്റും നോക്കുന്നു. ഡ്രം പോയതു മനസ്സിലാക്കുന്നു. അയാൾ ഗിത്താർ ഒരിടത്തുവെച്ച് നിലത്ത് കുമ്പിട്ടിരിക്കുന്നു. കരയുകയാണ്.
സാവധാനത്തിൽ കരച്ചിൽ നിലയ്ക്കുന്നു. Withdrawal Symptoms വന്ന് അയാളെ വിഷമിപ്പിക്കുന്നു. അയാൾ വയർ അമർത്തി നിലത്ത് കിടന്നുരുളുകയാണ്.
തുറന്ന വാതിലിലൂടെ അകത്തുകടന്ന നീലിമ കാണുന്ന സീനാണിത്. അവൾ പെട്ടെന്ന് അവന്റെ അടുത്ത് ചെന്ന് കുമ്പിട്ടു നിൽക്കുന്നു.
നീലിമ: എന്തുപറ്റി ബോണി?
ബോണി: ഒന്നുമില്ല. പ്ലീസ് ഗോ അവേ.
നീലിമക്ക് ഒന്നും മനസ്സിലാവുന്നില്ല. ചുറ്റും നോക്കുന്നു. ആരുമില്ല. സൈമണും ഡ്രമ്മും പോയതവൾ മനസ്സിലാക്കുന്നു.
നീലിമ: സൈമൺ എവിടെ?
ബോണി: അറിയില്ല. ഞാൻ പറഞ്ഞില്ലെ, പ്ലീസ് പുറത്തുപോകു.
നീലിമ: ബോണി ഇതു ഞാനാണ് നീലിമ. എന്താണസുഖം? ഡോക്ടറെ വിളിക്കട്ടെ.
ബോണി: (കഷ്ടപ്പെട്ട് ഇരിക്കുന്നു) (കിതച്ചുകൊണ്ട്) പൊടി, എനിക്കാവശ്യം പൊടിയാണ് ബ്രൌൺ ഷുഗർ.
നീലിമയ്ക്ക് പെട്ടെന്ന് സംഗതി മനസ്സിലാവുന്നു. അവൾ ദു:ഖിതയാണ്. അവനെ സഹായിക്കണമെന്നുണ്ട്. അവിടെ നിന്ന് ഓടിപ്പോകണമെന്നുമുണ്ട്. സാവധാനത്തിൽ അവൾ ഒരു തീരുമാനമെടുക്കുന്നു.
നീലിമ: ബോണി എവിടെയാണ് ബ്രൌൺഷുഗർ കിട്ടുക? ഞാൻ വാങ്ങിക്കൊണ്ടുവരാം.
ബോണി: (പെട്ടെന്ന് നീലിമയുടെ കൈകൾ ചുംബിക്കുന്നു.) നീ ഒരു മാലാഖയാണ്. അവിടെ ബ്രീസ് ഹോട്ടലിനു മുമ്പിലെ പെട്ടിക്കടയില്ലെ, അവിടെ ഇരുപതു ഉറുപ്പിക കൊടുത്താൽ അവർ പൊതി തരും. ഇരുപതുകൊടുത്ത് ഒരു പൊതി എന്നു പറഞ്ഞാ മതി.
സീൻ – 55:
നീലിമ പെട്ടികടക്കാരനു നേരെ ഇരുപതിന്റെ ഒരു നോട്ടു നീട്ടുന്നു.
നീലിമ: പൊതി...
ചന്ദ്രൻ: (അവളെ തടഞ്ഞുകൊണ്ട്) മനസ്സിലായി (നോട്ടു വാങ്ങിക്കൊണ്ട് ഒരു പൊതികൊടുക്കുന്നു.) മുമ്പൊരിക്കൽ ഞാൻ പറഞ്ഞതോർമ്മയുണ്ടോ? ബോണിയുടെ അടുത്തേക്കു പോകുമ്പോൾ വാങ്ങിക്കൊണ്ടു പോകേണ്ട സാധനത്തെപ്പറ്റി പറഞ്ഞത്. നീലുവിന്റെ മുഖം ചുവക്കുന്നു. പെട്ടെന്നു വന്ന ദ്വേഷ്യം കടിച്ചമർത്തി അവൾ ഒരു നിമിഷം അയാളെ തുറിച്ചുനോക്കുന്നു. പിന്നെ പെട്ടെന്ന് തിരിച്ചു നടക്കുന്നു.
സീൻ – 56:
നീലിമ വാതിൽ തുറന്ന് വന്നപ്പോൾ ബോണി അതേ കിടപ്പാണ്. നീലിമയുടെ കയ്യിലെ പൊതി കണ്ടപ്പോഴേക്ക് അയാൾ പേ പിടിച്ച നായയെപ്പോലെ പെരുമാറുന്നു.
ബോണി: തരൂ, തരൂ, തരാനല്ലെ പറഞ്ഞത്.
അയാളുടെ കൈകൾ വിറയ്ക്കുന്നുണ്ട്.
ബോണി: ഒരു തീപ്പെട്ടിയെടുക്കു വേഗം.
അയാൾ ചൂണ്ടിക്കാണിച്ചു. നീലിമ തീപ്പെട്ടി കൊണ്ടുവന്നു കൊടുക്കുന്നു. ബോണി പൊടി നിലത്തിട്ട് അതിന് തീ കൊടുത്ത്, പുക ഒട്ടും പുറത്തുപോകാത്ത വിധത്തിൽ കുനിഞ്ഞുകിടന്ന് അകത്തേക്കെടുക്കുന്നു. ക്രമേണ അയാളുടെ മുഖഭാവം മാറുന്നു. സാധാരണ നില പ്രാപിക്കുന്നു.
നീലിമ: സൈമനെവിടെ?
ബോണി: അവൻ എന്നെ ഉപേക്ഷിച്ചു എന്നാണ് തോന്നുന്നത്. എല്ലാവരും എന്നെ ഉപേക്ഷിച്ചു. നീലിമ മാത്രമെ എന്നെ രക്ഷിക്കാനുണ്ടായുള്ളു.
നീലിമ: ബോണിക്ക് ഇത് നിർത്തിക്കൂടെ?

ബോണി: നിർത്താനോ, ഞാൻ അതിന്റെ അടിമയായിക്കഴിഞ്ഞിരിക്കുന്നു. ഇനി എനിക്ക് രക്ഷയില്ല.
നീലിമ: അതിനുള്ള ക്ലിനിക്കുകളൊക്കെളുണ്ടല്ലൊ. അവിടെ എവിടെയെങ്കിലും പോകുകയാണ് നല്ലത്.
ബോണി: അതിനൊക്കെ പണം ആവശ്യമാണ്. എന്റെ കയ്യിൽ ഒന്നുമില്ല.
നീലിമ: എനിക്ക് തോന്നുന്നത് ഫ്രീയായി ചികിത്സിക്കുന്ന സ്ഥാപനങ്ങളുണ്ടാകുമെന്നാണ്. ബോണി അന്വേഷിച്ചു നോക്കൂ.
ബോണി: (കുറച്ചുനേരം ആലോചിച്ചുകൊണ്ട്) നീലിമ പറഞ്ഞത് നീലിമയുടെ അച്ഛന് കാനഡയിൽ ബിസിനസ്സാണെന്നല്ലെ?
നീലിമ: (മടിച്ചുകൊണ്ട്) അതെ.
ബോണി: അച്ഛനോട് പറഞ്ഞ് എനിയ്ക്കവിടെ ഒരു ജോലിയാക്കിത്തരുമോ?
നീലിമ: അത് എനിക്കറിയില്ല കേട്ടോ.
ബോണി: (അവളുടെ കാൽക്കൽ വീഴുന്നു) പ്ലീസ് നീലിമ. എന്നെ ഇവിടെനിന്നൊന്ന് രക്ഷിക്കൂ. (നീലിമ ഒന്നും പറയുന്നില്ല)
ബോണി എഴുന്നേൽക്കുന്നു. സാവധാനത്തിൽ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. പിന്നെ നീലിമക്ക് പുറം തിരിഞ്ഞുകൊണ്ട് ഡയലോഗ് തുടങ്ങുന്നു.
ബോണി: ഞാൻ ആരുമില്ലാത്തവനാണ്. ചെറുപ്പത്തിലേ അമ്മച്ചിയും അപ്പച്ചനും മരിച്ചു. പട്ടിണി കിടന്നും തണുപ്പറിഞ്ഞും സ്നേഹമെന്തെന്നറിയാതെയും തെരുവുകളിൽ വളർന്നു. സംഗീതം മാത്രമാണ് എന്നെ ആശ്വസിപ്പിച്ചിരുന്നത്. ഇന്ന് നീലിമയാണ് എന്നെ സ്നേഹം എന്തെന്ന് പഠിപ്പിച്ചത്. ഞാൻ നീലിമയെ ഒരിക്കലും മറക്കില്ല. നീലിമ എന്നെ സ്നേഹിക്കില്ലെ?
നാടകീയമായി നീലിമക്കു നേരെ തിരിയുന്നു. പക്ഷെ നീലിമ പോയിക്കഴിഞ്ഞിരിക്കുന്നു. ബോണി ഡയലോഗ് തുടങ്ങുമ്പോൾ ത്തന്നെ അവൾ ശബ്ദമുണ്ടാക്കാതെ തുറന്ന വാതിലിലൂടെ രക്ഷപ്പെട്ടിരിക്കുന്നു. സ്തംഭിച്ചു നിൽക്കുന്ന ബോണിയുടെ നേരെ ക്യാമറ.
cut to

സീൻ - 57
ഞായറാഴ്ച - വിജയന്റെ വീട്ടിലെ തളം. വിജയൻ ഒരു മുണ്ടും ബനിയനുമാണ് ഇട്ടിരിക്കുന്നത്. ഞായറാഴ്ചത്തെ ആലസ്യം. കയ്യിൽ പേപ്പറുണ്ട്.
മണി പുറത്തുനിന്നു വന്ന് വാതിൽക്കൽ മുട്ടുന്നു.
വിജയൻ: കമിൻ.
മണി: അകത്തേക്കു വരുന്നു.
വിജയൻ: ആ മണിയോ? എന്താ വിശേഷം വല്ലതുമുണ്ടോ?
മണി: ഒന്നുംല്ല്യ. വെറുതെ വന്നതാ.
വിജയൻ: ഇരിക്ക്.
മണി ഒരു കസേരയിൽ ഇരിക്കുന്നു.
വിജയൻ: എന്തൊക്കെയുണ്ട് വിശേഷങ്ങൾ?
വിമല അടുക്കളയിൽ നിന്നു വരുന്നു.
വിമല: ആ മണിയോ?
മണി ഭവ്യതയോടെ എഴുന്നേൽക്കുന്നു.
വിമല: ഇരിക്കു മണി ഞാൻ ഒരു ചായയുണ്ടാക്കട്ടെ.
മണി: (വേണ്ട ചേച്ചി) ഇരിക്കുന്നു.
വിമല: മണിക്കിപ്പോൾ നമ്മുടെ ചായയൊന്നും പിടിക്കില്ല്യാ അല്ലെ. ഗ്രേഡ് വണ്ണിലെ ചായയെ പറ്റു.
മണി ചിരിക്കുന്നു. വിമല തിരിച്ചു പോകുന്നു.
മണി: ജോസഫ് കുട്ടി സാറ് നൂറുറുപ്പിക കൂട്ടിത്തന്നു ഈ മാസം മുതൽ.
വിജയൻ: (സന്തോഷത്തോടെ) അതു നന്നായി. അയാൾക്ക് ഒരാളെ ഇഷ്ടായാൽ എന്തു ശമ്പളവും കൊടുക്കും. മറിച്ചാണെങ്കിൽ ചവിട്ടി പുറത്താക്കുംചെയ്യും. എന്തായാലും നന്നായി. ആത്മാർത്ഥതയോടെ ജോലിയെടുത്തോ. പിന്നെ അച്ഛന് പണം അയക്കിണില്ല്യെ.
മണി: ഉണ്ട് സാർ.
വിജയൻ: നീ ഒരു കാര്യം ചെയ്യ്. നൂറുറുപ്പിക കൂട്ടിക്കിട്ടിന്നല്ലെ പറഞ്ഞത്. ആ സംഖ്യ ഒരു ബാങ്കിൽ എല്ലാ മാസവും കൊണ്ടെ ഇട്. എപ്പോഴെങ്കിലും പണത്തിന് അത്യാവശ്യം വന്നാൽ ആരോടും കടം ചോദിക്കാൻ എട്യാക്കരുത്. നാളെ നീ ഓഫീസിൽ വാ. ഞാൻ അപ്പുറത്തുള്ള ബാങ്കില് ഒരു അക്കൌണ്ട് ശരിയാക്കിത്തരാം.
മണി: ശരി സർ.
വിജയൻ: ഇന്ന് ഡ്യൂട്ടിയില്ലെ?
മണി: ഉണ്ട് മൂന്നുമണിതൊട്ടാണ്.
വാതിൽ കടന്ന് നീലിമ വരുന്നു.
നീലിമ: ഹായ് എവരിബഡി.
വിജയൻ തലചൊറിഞ്ഞുകൊണ്ട് പതുക്കെ പറയുന്നു.

വിജയൻ: ശല്യമേ.
നീലിമ: (അവളെ കണ്ടതുകൊണ്ടാണ് തല ചൊറിയുന്നതെന്നു മനസ്സിലായി.) എന്താണ് തല ചൊറിയുന്നത്?
പെട്ടെന്ന് മണിയെ കാണുന്നു. പിന്നീട് ഒന്നും പറയാതെ അടുക്കളയിലേക്ക് പോകുന്നു. നീലിമയെ കണ്ടശേഷം തൊട്ട് മണി അസ്ഥസ്ഥനാണ്. പെട്ടിക്കടയിൽ നിന്ന് പൊടി വാങ്ങിക്കൊണ്ടുപോകുന്നതും, ബോണിയുടെ ഒപ്പം നടക്കുന്നതുമെല്ലാം ഓർമ്മയിൽ വരുന്നു. വിജയനോട് ആ കുട്ടിയെപ്പറ്റി ചോദിക്കണമെന്നുണ്ട്, ധൈര്യമില്ല. മണി എഴുന്നേൽക്കുന്നു. അടുക്കളയിൽ നിന്ന് നീലുവിന്റെ പൊട്ടിച്ചിരി കേൾക്കാനുണ്ട്.
മണി: ഞാൻ പോട്ടെ സാറെ.
വിജയൻ: ശരി, നീ നാളെ ഓഫീസിൽ വാ. പന്ത്രണ്ടു മണി കഴിഞ്ഞ് വന്നാൽ മതി.
മണി: ശരി, (അടുക്കളയുടെ ഭാഗത്തേക്കു നോക്കി) ചേച്ചി ഞാൻ പോകുന്നു.
വിമല: (വരുന്നു) ശരി.
മണി പോകുന്നു.
സീൻ – 58:
രാവിലെ സമയം. നീലിമ നിരത്തിലൂടെ നടന്നു നീങ്ങുന്നു. ഗുഹയാണ് ലക്ഷ്യം. പെട്ടിക്കട കടന്നു പോകുമ്പോൾ അവൾ നോക്കുന്നു. കടക്കാരൻ തന്നെ ശ്രദ്ധിക്കുന്നുണ്ടെന്നു കണ്ടപ്പോൾ അവൾ മുഖം തിരിച്ച് നടക്കുന്നു.
കടക്കാരൻ: (അസിസ്റ്റന്റിനോട്) ഇന്ന് നേരത്തെത്തന്നെ പോകുന്നുണ്ട്.
പയ്യൻ: ഇപ്പൊത്തന്നെ വരും പൊടിക്കുവേണ്ടി.
ഗുഹയിൽ ബോണി ഒരു കസേരയിൽ കൂനിക്കൂടിയിരിക്കുന്നു. വസ്ത്രധാരണത്തിൽ ശ്രദ്ധയൊന്നുമില്ല. തലമുടിയെല്ലാം പാറിപ്പറന്നിരിക്കുന്നു. Withdrawal Symptomത്തിന്റെ തുടക്കമാണ്. വല്ലാതെ ക്ഷീണി ച്ചിട്ടുമുണ്ട്. നീലിമ കടന്നുവരുന്നു.
നീലിമ: ഹായ് ബോണി, ഹൌ ആർയു? ബോണി ഒന്നും പറയുന്നില്ല.
നീലിമ: ഞാൻ കുറച്ച് ദോശ കൊണ്ടുവന്നിട്ടുണ്ട്. അത് കഴിക്കു.
പൊതി തുറന്ന് ബോണിക്ക് കൊടുക്കുന്നു. ബോണി തിന്നുന്നു, ആർത്തിയോടെത്തന്നെ.
നീലിമ: ബോണിക്ക് ഇവിടെ എവിടെയെങ്കിലും ഒരു ജോലിക്ക് ശ്രമിച്ചുകൂടെ?
ബോണി: ജോലിയോ? എനിക്കോ? എന്തുകണ്ടിട്ടാണ് ആൾക്കാർ എനിക്കു ജോലി തരുന്നത്? ഗിത്താർ മീട്ടുവാനും പാടുവാനും മാത്രമെ എനിക്കറിയു.
നീലിമ: വേറെ ഏതെങ്കിലും ഹോട്ടലിൽ ശ്രമിച്ചുകൂടെ? പാട്ടുകാരനായിത്തന്നെ.
ബോണി: ഇനി ഒന്നും പറ്റില്ല. എന്റെ സ്നേഹിതന്മാരെല്ലാം എന്നെ ഉപേക്ഷിച്ചു. അവരെല്ലാം മയക്കു മരുന്നിന്നെതിരെ എനിക്ക് താക്കീതു തന്നതായിരുന്നു. ഞാൻ ശ്രദ്ധിച്ചില്ല. ശ്രമിക്കാഞ്ഞിട്ടല്ല. ഞാനതിൽ അറിയാതെ വീണു പോവ്വാണുണ്ടായത്. നീലിമ പൊടി വാങ്ങിയ ആ പെട്ടിക്കടയില്ലെ, അയാൾക്ക് മയക്കു മരുന്നു സപ്ലൈ ചെയ്യുന്ന ഒരു വലിയ ഗാങ്ങുണ്ട്. അവർ വളരെ ആക്ടീവാണ്. അതിലൊരുത്തനാണ് എന്നെ ചതിച്ചത്. ഒരു ദിവസം രാത്രി ഹോട്ടലിലെ സെഷൻ കഴിഞ്ഞ് ഞാൻ പുറത്തു നിൽക്കുകയായിരുന്നു.
Flash Back.

സീൻ – 59:
ബോണി ബ്രീസ് ഹോട്ടലിനു പുറത്തു നിൽക്കുന്നു. സൈമൺ അകത്തു നിന്നു വരുന്നു.
സൈമൺ: പോവ്വാ.
ബോണി: താൻ പൊയ്ക്കോ. ഇവിടെ ഇങ്ങനെ നിൽക്കാൻ നല്ല സുഖംണ്ട്.
സൈമൺ: എന്നാൽ താനിവിടെ അങ്ങിനെ നിന്നു തൊലക്ക്. ഞാൻ പോട്ടെ. (പോകുന്നു.)
ഇരുട്ടിന്റെ മറവിൽ ഒരു രൂപം ബോണിയെ ശ്രദ്ധിക്കുന്നുണ്ട്. സൈമൺ പോയിക്കഴിഞ്ഞപ്പോൾ ആ രൂപം നടന്നടുക്കുന്നു. സാമാന്യം വിരൂപമായ മുഖമാണ്. ഉയരമില്ല. സാമാന്യം നല്ല നിലയിൽ വേഷം.
അയാൾ: ബോണീന്നല്ലെ പേര്?
ബോണി: (അത്ഭുതത്തോടെ) അതെ.
അയാൾ: ഇവിടെ ഹോട്ടലില് പാട്ട് പാട്ണ്ണ്ട് അല്ലെ?
ബോണി തലയാട്ടുന്നു.
അയാൾ: നിങ്ങളെപ്പോലത്തെ കലാകാരന്മാരൊക്കെ ഇങ്ങിനെ നടന്നാൽ മത്യോ?
ബോണി: എനിക്കു മനസ്സിലായില്ല്യ.
അയാൾ: പുറം രാജ്യത്തൊക്കെ ഇംഗ്ലീഷ് പാട്ടുകാര് എന്ത് പ്രൌഢിയിലാണ് നടക്കുന്നത്?
ബോണി: നമുക്കതുമാതിരിയൊക്കെ നടക്കാൻ പറ്റ്വോ?
അയാൾ ഒരു സിഗരറ്റെടുത്തു നീട്ടുന്നു. ബോണി വാങ്ങുന്നു. അയാളും ഒന്നെടുത്ത് ലൈറ്റർ കൊണ്ട് ബോണിയുടെ സിഗരറ്റ് കത്തിച്ചുകൊടുത്ത ശേഷം സ്വന്തം സിഗരറ്റ് വലിക്കുന്നു.
അയാൾ: നല്ലോം ആഞ്ഞു വലിച്ചോ. പാട്ടുകാരന് പ്രചോദനം കിട്ടാനുള്ള സാധനാണ് അതില്. നമുക്ക് നടക്കാം. (അയാൾ നടക്കുന്നു. ഒപ്പം ബോണിയും.) നല്ലോം ആഞ്ഞുവലിച്ചോ.
നടന്നുകൊണ്ടിരിക്കെ ബോണിയുടെ കാഴ്ച ശിഥിലമാകുന്നതു കാണിക്കണം. വിളക്കുകാലുകൾ വളഞ്ഞു നിൽക്കുന്നപോലെ തോന്നുന്നു. റോഡ് കുഴിഞ്ഞും താണും കാണപ്പെടുന്നു. വിളക്കുകൾ പെട്ടെന്ന് പ്രകാശമേറുന്നതായും നിറഭേദങ്ങൾ കാണിക്കുന്നതായും കാണുന്നു. ട്രിപ്പ് അതിന്റേതായ ഭീകരതയോടും

വശ്യതയോടും കാണിക്കണം)

Return from flash back

സീൻ - 60:

ബോണി സംസാരിക്കുന്നു.

ബോണി: ആദ്യത്തെ അനുഭവം ഒരേ സമയം പേടിപ്പെടുത്തുന്നതും എന്നാൽ വീണ്ടും വീണ്ടും ആവർത്തിക്കപ്പെടണമെന്ന് തോന്നുന്നതുമായിരുന്നു. രണ്ടു ദിവസം കഴിഞ്ഞപ്പോൾ അയാൾ വീണ്ടുംവന്നു. വീണ്ടും അതാവർത്തിച്ചു. വീണ്ടും വീണ്ടും നാലുപ്രാവശ്യം. പിന്നെ അയാളെ കണ്ടില്ല. പക്ഷെ നാലാമത്തെ പ്രാവശ്യം സിഗരറ്റുതന്നപ്പോൾ അതെവിടെ കിട്ടുമെന്നുകൂടി പറഞ്ഞുതന്നു. തൊട്ടുമുമ്പിലുള്ള പെട്ടിക്കട.

അയാൾ വന്നില്ലെന്നു കണ്ടപ്പോൾ എനിക്കാദ്യം ആശ്വാസമായി. ഇനി അയാൾ വന്നാലും അതു വലിക്കില്ലെന്നു തീരുമാനിച്ചു. എനിക്കെന്തോ അതു ഭയമായിരുന്നു. വീണ്ടും രണ്ടുദിവസം കഴിഞ്ഞു. അപ്പോഴാണ് അതുണ്ടായത്. ആ രാക്ഷസൻ അവന്റെ എല്ലാ ഭീകരതയോടും കൂടി എന്നെ അടിമയാക്കിയത് ഞാൻ അറിഞ്ഞു. എന്റെ കാലുകൾക്ക് ബലക്ഷയമനുഭവപ്പെട്ടു. തലയ്ക്കുള്ളിൽ ഒരു ചൂളം വിളി. കാഴ്ച മങ്ങിയ പോലെ. എല്ലാറ്റിനും ഉപരിയായി എന്റെ ഓരോ സെല്ലുകളും ആ രാക്ഷസനു വേണ്ടി തുടിക്കുകയായിരുന്നു. മണിക്കൂറുകൾ കഴിഞ്ഞപ്പോൾ അതൊരു മുറവിളിയായി. എന്റെ അകത്തെവിടെയോ നിന്ന് ആ മുറവിളി ഉയർന്നു. പിന്നെ എനിക്ക് ഇരിക്കാൻ കഴിഞ്ഞില്ല. ഞാൻ എഴുന്നേറ്റു വന്നു.

പിന്നീടാണ് ഞാൻ മനസ്സിലാക്കിയത് ഇതിന്റെ പിന്നിൽ ഒരു ഗാങ്ങുണ്ടെന്ന്. കൂടുതൽ കൂടുതൽ ആൾക്കാരെ മയക്കുമരുന്നിന്റെ അടിമയാക്കിയാൽ സ്ഥിരം ബിസിനസ്സ് കിട്ടുമല്ലോ. അപ്പോൾ അവരുടെ ആൾക്കാർ ഓരോരുത്തരെ സമീപിച്ച് ആദ്യം മരുന്ന് സൗജന്യമായി കൊടുക്കും. മൂന്നു ദിവസം അതു വലിച്ചാൽ മതി. നിങ്ങളതിന്റെ അടിമയാകും. അവർ എത്താത്ത സ്ഥലങ്ങളില്ല. സ്കൂളുകൾ, കോളേജ് കാമ്പസുകൾ, ഹോസ്റ്റലുകൾ, ലോഡ്ജുകൾ എന്തിനു പറയുന്നു വീട്ടമ്മമാരെകൂടി അവർ അടിമകളാക്കിയിട്ടുണ്ട്. ഞാൻ ആ കടക്കാരന്റെ അടുത്തു ചെന്നു.

സീൻ - 61:

Flash Back

ബോണി വേച്ചു വേച്ചു നടക്കുന്നു. കാലുകൾ നിലത്തുറക്കുന്നില്ല. ഇടയ്ക്കിടയ്ക്ക് വീഴുന്നുണ്ട്. ഒരു വിധം പെട്ടിക്കടയിലെത്തുന്നു. പെട്ടിക്കടക്കാരൻ ബോണിയെ ആകെയൊന്ന് നോക്കുന്നു. സംഗതി പിടികിട്ടുന്നു.

പെട്ടിക്കടക്കാരൻ: എന്താ വേണ്ടത്.

ബോണി: (വിക്കിക്കൊണ്ട്) ഒരു സിഗരറ്റ്. മറ്റേ സിഗരറ്റില്ലെ. അത് ഒരെണ്ണം.

പെട്ടിക്കടക്കാരൻ: (സിഗരറ്റെടുത്തു കൊടുക്കുന്നു) പത്തുറുപ്പിക.

ബോണി: )അത്ഭുതത്തോടെ) ഒരെണ്ണം മതി.

പെട്ടിക്കടക്കാരൻ: അതെ ഒരെണ്ണത്തിന്റെ വിലയാണ് പത്തുറുപ്പിക.

ബോണി: പത്തുറുപ്പികയോ.

കടക്കാരൻ: അതെ.

ബോണി കീശയിൽ നിന്ന് അഞ്ചുറുപ്പികയുടെ നേട്ടെടുത്ത് കൊടുക്കുന്നു.

ബോണി: എന്റെ കയ്യിൽ അഞ്ചുറുപ്പികയുള്ളു. ബാക്കി വൈകുന്നേരം കൊണ്ടുവരാം.

കടക്കാരൻ: (നോട്ടു വാങ്ങുന്നു) മറക്കാതെ കൊണ്ടു വരണം. കൊണ്ടുവന്നില്ലെങ്കിൽ വൈകുന്നേരം ഹോട്ടലില് പാടാൻ വരുമ്പൊ ഞാൻ എല്ലാരടിം മുമ്പിന്ന് പിടിച്ചു വാങ്ങും അതിന് നിൽക്കണ്ട.

ബോണി ധൃതിയിൽ സിഗരറ്റ് കൊളുത്തി ആഞ്ഞു വലിക്കുന്നു.

End Of Flash Back

സീൻ - 62:

ബോണി: തുടക്കത്തിൽ മരുന്നുനിറച്ച സിഗരറ്റ് മതിയായിരുന്നു. ക്രമേണ അതു തന്നെ കൂടുതൽ പ്രാവശ്യം വലിക്കണമെന്നായി. പിന്നീട് അതും ഫലം ചെയ്യാതെയായപ്പോൾ ബ്രൌൺഷുഗർ നേരിട്ടുതന്നെ ചൂടാക്കി പുകവലിച്ചെടുക്കേണ്ടി വന്നു. അതും ഇപ്പോൾ ഇടയ്ക്കിടയ്ക്ക് വേണമെന്നായിരിക്കുന്നു. എന്റെ കയ്യിലാണെങ്കിൽ ഭക്ഷണം കഴിക്കാനുള്ള പണമില്ല. ഭക്ഷണമില്ലെങ്കിലും എനിക്കു കഴിയാം. മരുന്നില്ലാതെ വയ്യ. ഞാൻ തികച്ചും മയക്കുമരുന്നിന്റെ അടിമയായിരിക്കുന്നു. എനിക്കിനി മോചനമില്ല.

അയാൾ ഒരു സ്റ്റൂളിൽ കയ്യിൽ തലയും താങ്ങി ഇരിക്കയാണ്. കൈകൾ വിറക്കുന്നത് സ്പഷ്ടമായികാണാം.

ബോണി (സാവധാനത്തിൽ തലയുയർത്തി): നീലിമ എനിക്കൊരു ഉപകാരം ചെയ്യുമോ?

നീലിമ: എന്താണ്?

ബോണി: ഒരിക്കൽക്കൂടി എനിക്കുവേണ്ടി ആ മരുന്ന് വാങ്ങിക്കൊണ്ടുവരു.

നീലിമ: എന്നെക്കൊണ്ട് വയ്യ ആ കടയിൽ പോകാൻ. അയാളുടെ ഒരു നോട്ടവും മറ്റും. എന്തുവൃത്തികേടാണ്. ഞാൻ പണം തരാം. ബോണി പോയി വാങ്ങിക്കോളു.

ബോണി: എനിക്കയാൾ തരില്ല. ഞാൻ കുറെ പണം കൊടുക്കാനുണ്ട്. എന്റെ ജോലി പോയതെല്ലാം അയാൾക്കറിയാം. ഇപ്പോൾ പണം കൊടുത്താലും അതു പഴയകണക്കിൽ വരവു വെക്കുകയേ ഉള്ളു.

നീലിമ: എന്നെ നിർബ്ബന്ധിക്കരുത് പ്ലീസ്.

ബോണി: പ്ലീസ് നീലിമ.
നീലിമ: എന്നെ നിർബ്ബന്ധിക്കുകയാണെങ്കിൽ ഞാൻ ഇവിടെ വരുന്നത് നിർത്തും.
ബോണി: അയ്യോ അരുത്. അതുമാത്രം ചെയ്യല്ലെ. (അയാളുടെ കയ്യും ദേഹമാസകലവും വിറക്കുന്നുണ്ട്) ഞാൻ ആകെ ഒരു ചെളിക്കുണ്ടിലാണ്. നീലിമ വരുമ്പോൾ മാത്രമാണ് അല്പം ആശ്വാസം തോന്നുന്നത്. നീലിമ അതു വാങ്ങാൻ പോണ്ട. ഞാൻ എങ്ങിനെയെങ്കിലും സഹിച്ചോളാം.
അയാൾ ഇരിക്കുന്നു. പക്ഷെ Withdrawal Symptoms കൂടുതൽ കൂടുതൽ ആകുന്നുണ്ട്. സാവധാനത്തിൽ അയാൾ നിലത്തിരിക്കുന്നു. പിന്നെ വയർ പൊത്തിപ്പിടിച്ച് കിടക്കുകയാണ്. ശബ്ദമുണ്ടാകുന്നില്ല. കാഴ്ച വളരെ ദയനീയമാണ്. നീലിമ വിഷമത്തോടെ നോക്കിയിരിക്കുന്നു. പിന്നെ എഴുന്നേറ്റ് പുറത്തേക്കു പോകുന്നു.
സീൻ – 63:
പെട്ടിക്കട. വെയ്റ്റർ മണി സിഗരറ്റു വാങ്ങാൻ വന്നിരിക്കയാണ്. അപ്പോഴാണ് നീലിമ വരുന്നത്. നീലിമയെ കണ്ടപ്പോൾ മണി മാറിനിൽക്കുന്നു. നീലിമ ഇരുപതിന്റെ ഒരു നോട്ട് കടക്കാരനു നേരെ നീട്ടുന്നു. അവൾ മണിയെ ശ്രദ്ധിക്കുന്നില്ല. മണി വിശ്വസിക്കാൻ പറ്റാതെ നോക്കിനിൽക്കുകയാണ്. കടക്കാരൻ ഒരു ചെറിയ പൊതി അവളുടെ കയ്യിൽ ഒരു കള്ളച്ചിരിയോടെ വെച്ചു കൊടുക്കുന്നു. അവൾ മുഖം കനപ്പിച്ച് അതു വാങ്ങി നടന്നകലുന്നു.
കടക്കാരൻ: (മണിയോട്) ആ ബോണിയുടെ ഒപ്പം കൂടി ആ പെണ്ണും നശിച്ചു.
മണി: ഏതാണാ കുട്ടി?
കടക്കാരൻ: പൊറത്തുനിന്നെവിടെനിന്നോ വന്നതാ. കാനഡയിന്നോ മറ്റോ. നല്ല ഏതോ തറവാട്ടിലെ കുട്ട്യാന്ന്യാ തോന്നണെ. അല്ല ചെറുപ്പക്കാര് കേടുവരണ വഴിയേ.
മണിക്ക് കടക്കാരൻ പറയുന്നത് ഇഷ്ടമാകുന്നില്ല. എങ്കിലും മുഖഭാവം വിദഗ്ദമായി മറച്ചു പിടിക്കുന്നു.
സീൻ – 64:
വിജയന്റെ ഓഫീസ്. റിസപ്ഷനിൽ ഒരു പെൺകുട്ടി. മണി കയറി ചെന്ന് വിജയനെ കാണണമെന്ന് ആവശ്യപ്പെടുന്നു.
മണി: വിജയൻ സാറിനെ ഒന്നു കാണണം.
റിസപ്ഷനിസ്റ്റ് ഇന്റർകോമിൽ വിജയനുമായി സംസാരിക്കുന്നു.
റിസപ്ഷനിസ്റ്റ്: സാറിനെ കാണാൻ മണി വന്നിട്ടുണ്ട്. പറഞ്ഞയക്കട്ടെ?
വിജയൻ: പറഞ്ഞയക്കു.
സീൻ – 65:
വിജയന്റെ ചേമ്പർ. വിജയൻ കസേരയിലിരുന്ന് ഒരു ഫയൽ മറിച്ചു നോക്കുകയാണ് മണി വരുന്നു.
വിജയൻ: മണി ഇരിക്ക്. ഞാൻ ഗോപാലകൃഷ്ണനെ ഒപ്പം പറഞ്ഞയക്കാം. അയാളാണ് ബാങ്കിൽ പോകുന്നത്. അക്കൗണ്ട് തൊറക്കാനല്ലേ?
മണി ആകെ പരിഭ്രമിച്ച മാതിരിയുണ്ട്.
വിജയൻ: എന്താ മണി ഒരു വല്ലായ്മ?
മണി എന്തോ പറയാൻ ഓങ്ങുന്നു. പിന്നെ വേണ്ടെന്നു വെക്കുന്നു.
വിജയൻ: എന്താ മണി, എന്താച്ചാ പറയു. പണത്തിന് ആവശ്യംണ്ടോ?
മണി: അല്ല സർ, ഒരു കാര്യം ചോദിച്ചാ വിജയൻസാറിന് ദ്വേഷ്യം പിടിക്ക്വോ?
വിജയൻ: എന്താ കാര്യം? പറ.
മണി: ഞാൻ കഴിഞ്ഞ ദിവസം സാറിന്റെ വീട്ടിൽ വന്നപ്പോ അവിടെ ഒരു പെൺകുട്ടി വന്നിരുന്നില്ലെ.
വിജയൻ: ങ്ഉം?
മണി: ആ പെൺകുട്ടി........
വിജയൻ: ആ പെൺകുട്ടി?
മണി: ആ പെൺകുട്ടി സാറിന്റെ ആരാ?
വിജയൻ: (ആശ്വാസത്തോടെ ചാഞ്ഞിരിക്കുന്നു.) ഓ അതാണോ. ആ പെൺകുട്ടി ഞങ്ങടെ ആരും അല്ല. ഒരു മകളെപ്പോലെയാണ്ന്ന് കൂട്ടിക്കോളു. അടുത്ത വീട്ടിലേതാണ്. അച്ഛനും അമ്മേം കാനഡയിലാണ്. ഇവിടെ അമ്മമ്മയുടെ കൂടെയാണ് താമസം. എന്താ?
മണി പരുങ്ങുന്നു.
വിജയൻ: എന്താ മണി
മണി ഒന്നും പറയുന്നില്ല. വിജയന് പെട്ടെന്ന് ഭയമാകുന്നു.
വിജയൻ: എന്താ മണി, അവൾക്ക് വല്ലതും പറ്റിയോ?
മണി: (അറച്ചറച്ചുകൊണ്ട് പറയുന്നു)സാറെ സാറിന് ഒന്നും തോന്നരുത്. ദ്വേഷ്യം പിടിക്കരുത്. അവള് മയക്കുമരുന്ന് കഴിക്കണ്ണ്ട്ന്നാണ് തോന്നുന്നത്. ചന്ദ്രന്റെ കടേന്ന് വാങ്ങിക്കൊണ്ടുപോണത് ഞാൻ ഒന്നുരണ്ടുപ്രാവശ്യം കണ്ടിട്ടുണ്ട്. അങ്ങിനെയാണെങ്കില് സാറൊന്ന് പറഞ്ഞ് ഇപ്പൊത്തന്നെ ശരിയാക്ക്വാണ് നല്ലത്.
വിജയൻ സ്തബ്ധനായി ഇരിക്കുന്നു.
മണി: പിന്നെ ആ കുട്ടി, ആ പാട്ടുകാരൻ ഇല്ലെ, ബോണി അവന്റെ കൂടെ നടക്കണതും ഞാൻ കണ്ടിട്ടുണ്ട്.

വിജയൻ: ഏതു പാട്ടുകാരൻ? ബ്രീസില് പാട്ടുപാടണവനോ?
മണി: അതെ, അവനും ഒരു മയക്കമരുന്നിന്റെ ആളാന്നാ കേൾക്കണത്. അവനെ ഹോട്ടലിൽ നിന്ന് പൊറത്താക്കി.
വിജയൻ: (ആലോചിച്ചുകൊണ്ട്) അവൻ എവിട്യാ താമസിക്കണത്ന്ന് മണിക്കറിയ്യോ?
മണി: അറിയാം സാറെ. ഹോട്ടലിന്റെ അടുത്തെന്ന്യാണ്.
വിജയൻ: നീയിത് ആരോടും പറയണ്ട. ഞാൻ നോക്കിക്കൊള്ളാം. മണി ഇപ്പോൾ പൊയ്ക്കോളു. ഗോപാലകൃഷ്ണൻ വന്നിട്ടുണ്ട്. (വിജയൻ പ്യൂണിനെ വിളിക്കുന്നു)
പ്യൂൺ ഗോപാലകൃഷ്ണൻ വരുന്നു.
വിജയൻ: ഗോപാലകൃഷ്ണൻ ഇയാളെ നമ്മുടെ ബാങ്കില് കൊണ്ടുപോയി ഒരു റിക്കറിംഗ് ഡിപ്പോസിറ്റ് ഓപ്പൺ ചെയ്യാൻ പറയണം. Introduction വേണമെങ്കിൽ ഞാൻ പിന്നീട് ഒപ്പിട്ടു കൊടുക്കാമെന്നു പറയു.
ഗോപാലകൃഷ്ണൻ: ശരി സർ.
വിജയൻ: (മണിയോട്) മണി പൊയ്ക്കോളു. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ഞാൻ ഫോൺ ചെയ്യാം.
മണിയും ഗോപാലകൃഷ്ണനും പോകുന്നു. വിജയൻ സാവധാനത്തിൽ കസേരയിൽ ചാരിയിരിക്കുന്നു. ആകെ തളർന്ന മട്ടാണ്.
Fade out.
സീൻ – 66: വിജയന്റെ വീട്. സമയം അഞ്ചുമണിനേരം. അടുക്കളയിൽ വിമലയും നീലിമയും സംസാരിച്ചു കൊണ്ടിരിക്കുന്നു.
നീലിമ: നിങ്ങളുടെ ലൌവ് മാര്യേജായിരുന്നുവോ?
വിമല: (ചിരിച്ചുകൊണ്ട്) ഏയ് അച്ഛനമ്മമാര് ആലോചിച്ചുണ്ടാക്കിയത്. ഞങ്ങൾ ആദ്യമായി കാണുന്നതു തന്നെ വിജയൻ പെണ്ണുകാണാൻ വന്നപ്പോഴാണ്.
നീലിമ: പക്ഷെ ഇപ്പോൾ നല്ല ലൌവ്വാണല്ലെ?
വിമല ചിരിക്കുന്നു.
നീലിമ: വിജയേട്ടൻ എത്ര നല്ല ആളാണ്. വിമലച്ചേച്ചി ഭാഗ്യം ചെയ്തിട്ടുണ്ട്, വിജയേട്ടനെ കിട്ടാൻ.
വിമല: അതൊക്കെ ശരിയാ. മറ്റുള്ള ഓരോരുത്തരെ കാണുമ്പോഴാണ് വിജയേട്ടന്റെ ഗുണം അറിയുന്നത്. എത്ര കുടുംബങ്ങളുണ്ട്, ശാന്തിയും സമാധാനവുമായി കഴിയുന്നവർ. എന്തെങ്കിലും പ്രശ്നമുണ്ടാവും ഓരോരുത്തർക്കും.
നീലിമ: വിജയേട്ടനും വിമലച്ചേച്ചിം ഒരിക്കലും കലഹിക്കാറില്ലെ? ഞാനിതുവരെ കണ്ടിട്ടില്ല.
വിമല: അതൊക്കെയുണ്ട്. പലപ്പോഴും എന്റെ മണ്ടത്തരം കൊണ്ടാവും. പക്ഷെ അതൊക്കെ അപ്പൊത്തന്നെ കഴിയും. വിജയൻ ഒന്നും പിന്നേക്ക് ബാക്കി വെക്കില്ല.
ഡോർബെൽ അടിക്കുന്നു.
വിമല: വിജയേട്ടനാവും.
നീലിമ പോയി വാതിൽ തുറന്നു. വിജയനാണെന്നു കാണുമ്പോൾ പറയുന്നു.
നീലിമ: ഹായ് ഇന്നു നേർത്തെ വന്നുവല്ലൊ. വിമലച്ചേച്ചി, നമുക്കിന്ന് ബീച്ചില് പോകാം.
വിജയന്റെ മുഖത്ത് തീരെ പ്രസാദമില്ല. കനപ്പിച്ചുകൊണ്ട് അകത്തേക്കു വരുന്നു. സോഫയിലിരിക്കുന്നു.
നീലിമ: ഇന്നെന്താ വിജയേട്ടനെ പൂച്ച മാന്തിയോ?
വിജയന്റെ ഭാഗത്തുനിന്ന് പ്രതികരണമൊന്നുമില്ല. വിമല സാധാരണമട്ടിൽ അടുത്തിരുന്ന് ബാഗ് തുറക്കുന്നു. വിജയന്റെ മുഖഭാവത്തിനു കാരണം മനസ്സിലാവാതെ പക്ഷെ സ്വസ്ഥതയില്ല.
നീലു: (അല്പം പരിഭവത്തോടെ) വിജയേട്ടന് അല്ലെങ്കിലും രണ്ടു വേഷങ്ങളാണുള്ളത്. ഓഫീസിൽ ഒരു വേഷം വീട്ടിൽ വേറൊന്ന്. ചിലപ്പോൾ വീട്ടിൽ വന്നാലും ഓഫീസിലെ റോൾതന്നെയായിരിക്കും. വീട്ടിലെത്തീന്ന് മനസ്സിലാവാത്ത പോലെ.
വിജയൻ:(ഗൌരവമായി) എനിക്ക് കുറച്ചു സംസാരിക്കാനുണ്ട്. കുട്ടി അവിടെ ഇരിക്കു.
നീലിമ അസ്വസ്ഥയാകുന്നുണ്ട്. എങ്കിലും വിജയൻ പറഞ്ഞതനുസരിക്കുന്നു.
വിജയൻ: നീലു പറഞ്ഞില്ലെ, എന്റെ രണ്ടു വേഷങ്ങളെപ്പറ്റി. ശരിയാണ്. ഓഫീസിൽ ഞാൻ ഒരു മുഖം മൂടിയണിഞ്ഞാണ് എന്റെ റോൾ കൈകാര്യം ചെയ്യുന്നത്. പക്ഷെ വീട്ടിൽ ഞാൻ ഒരു വേഷവും കെട്ടാറില്ല. ശരിക്കുള്ള വിജയൻ. ഭാര്യയോടും മകനോടും സ്നേഹവും ആത്മാർത്ഥതയുമുള്ള ഒരു സാധാരണ മനുഷ്യൻ. മറ്റുള്ള പലരും പക്ഷെ ഒന്നും രണ്ടും വേഷമല്ല അതിലധികം വേഷങ്ങൾ സദാസമയവും ധരിച്ചുകൊണ്ടാണ് നടക്കുന്നത്. നീലുവിന് തന്നെ എത്ര വേഷമുണ്ട്. അതിൽ ഏതാണ് യഥാർത്ഥ നീലിമ? ഒന്ന് കാനഡയിൽ നിന്നു വന്ന ഒരു മോഡേൺ ഗേൾ, മാലാഖ, രണ്ട്, സാരിയുടുത്ത് ചന്ദനക്കുറിയും തൊട്ട് നിലവിളക്കിനു മുമ്പിൽ കീർത്തനങ്ങൾ പാടുന്ന ശാലീനയായ നായർ പെൺകുട്ടി, പിന്നെ, പിന്നെ, ഞാൻ പറയണോ?
നീലിമ: എനിക്ക് വിജയേട്ടൻ പറയുന്നതൊന്നും മനസ്സിലാവുന്നില്ല.
വിജയൻ: വഴിയേ മനസ്സിലായിക്കൊള്ളും ഒരു കാര്യം ചോദിച്ചാൽ ശരിക്കുള്ള മറുപടി പറയുമോ.
നീലിമ: എന്താ പറയാതെ?
വിജയൻ: നീയും ആ പാട്ടുകാരൻ ബോണിയുമായി എന്തു ബന്ധം?
നീലിമ: ഓ അതാണോ? വെറും ഫ്രണ്ട്ഷിപ്പ്.
വിജയൻ: അയാളെ എങ്ങിനെ പരിചയപ്പെട്ടു?

നീലിമ: മോൺട്രിയയിൽ എന്റെ ഫ്രണ്ട് ഷർലിയുടെ കസിനാണയാൾ.
വിജയൻ: അയാളുമായി വെറും ഫ്രണ്ട്ഷിപ്പ് മാത്രമേയുള്ളു, അതോ അതിൽ കൂടുതലായി വല്ലതും?........
നീലിമ: ഒന്നുമില്ല, വെറും ഫ്രണ്ട്ഷിപ്പ് മാത്രം.
വിജയൻ: (എഴുന്നേറ്റ്) നീ അയാളുടെ ഒപ്പം കൂടി മയക്കു മരുന്നടിക്കാറില്ലെ? ബ്രൌൺഷുഗർ.
വിമല ഞെട്ടുന്നു. വളരെ അസ്വസ്ഥയാകുന്നു.
വിജയൻ: ഉണ്ട്, എനിക്കതിനുള്ള തെളിവുകൾ ഉണ്ട്. (പെട്ടെന്ന് നീലിമക്ക് ദ്വേഷ്യം പിടിക്കുന്നു. (അവൾ എഴുന്നേൽക്കുന്നു.)
നീലിമ: വിജയേട്ടൻ എന്തൊക്കെയോ പറയുന്നു.
വിജയൻ: നിന്റെ വേഷങ്ങളിൽ ഒന്നാണിത്. ഒരു പക്ഷെ അതായിരിക്കും ശരിയായ നീലിമ, ശാലീനയായ പെൺകുട്ടിയും കാനഡയിൽ നിന്നു വന്ന മാലാഖയും ഒക്കെ വേഷങ്ങളാണ്.
നീലിമ: വിജയേട്ടൻ എന്നു മുതലാണ് എന്റെ ഗാർഡിയൻ ആയത്? ആരും അപ്പോയിന്റ് ചെയ്തിട്ടൊന്നുമില്ലല്ലൊ.
വിമല നീലിമയെ തടയാൻ ശ്രമിക്കുന്നു, പക്ഷെ കഴിയുന്നില്ല.
നീലിമ: നിങ്ങളാരും എന്റെ പ്രൈവറ്റ് ലൈഫിൽ ഇടപെടേണ്ട. അതിനുള്ള അധികാരമൊന്നും ആരും തന്നിട്ടില്ല.
അജിത് വരുന്നു. കളി കഴിഞ്ഞ് വരുന്ന വേഷമാണ്. ബഹളം കേട്ട് അവൻ പേടിച്ച് ഒരരുകിൽ ഒതുങ്ങി നിൽക്കുന്നു.
വിജയൻ: ഇവിടെ അധികാരത്തിന്റെ പ്രശ്നമൊന്നുമില്ല. നീ എന്തായാലും ഇനി മുതൽ ബോണിയെ കാണാൻ പോകുന്നില്ല, മനസ്സിലായോ?
നീലിമ: ഞാൻ കാണുന്നവരെ ഒക്കെ കാണും. വിജയേട്ടനെന്താ? വിജയേട്ടന് അസൂയയാണ് ഞാൻ ബോണിയുടെ അടുത്ത് പോകുന്നതിന്.
വിജയൻ: (പെട്ടെന്ന് അവളുടെ ചെകിടത്ത് അടിക്കുന്നു.) എന്തേ പറഞ്ഞത് അസൂയയാണെന്നോ?
നീലിമ ചെകിടത്ത് കൈവെച്ചുകൊണ്ട് തരിച്ചു നിൽക്കുന്നു. കണ്ണുകൾ നിറയുന്നു. വിമലയെ ഒരു നിമിഷം നോക്കുന്നു. വിമല അവളുടെ അടുത്തുവന്ന് പുറത്ത് തലോടുന്നു. പെട്ടെന്നവൾ കുതറി ഓടുന്നു. വിജയനും തരിച്ചു നിൽക്കുകയാണ്. ഈ പരിസമാപ്തി അയാളും പ്രതീക്ഷിച്ചതല്ല. അവളെ അടിച്ച സ്വന്തം കൈ അയാൾ തുറിച്ചു നോക്കുന്നു. പിന്നെ നീലിമയെ വിളിക്കാനായി ശ്രമിക്കുന്നു. അവൾ പോയ്ക്കഴിഞ്ഞു. ഇതിനിടയ്ക്ക് അജിത് പേടിച്ച് അവന്റെ മുറിയിലേക്ക് വലിയുന്നു.
വിമല: എന്തിനേ അവളെ തല്ലിയത്?
വിജയൻ: മണ്ണാങ്കട്ട. നോക്കിനിൽക്കാതെ പോയി അവളെ വിളിച്ചുകൊണ്ടുവരു.
വിമല പോകുന്നു. മുറിയിൽ അങ്ങോട്ടും ഇങ്ങോട്ടും ഉലാത്തുന്ന വിജയൻ.
സീൻ - 67:
നീലിമയുടെ വീട്. തളത്തിലേക്ക് വിമല ധൃതിയിൽ കയറുന്നു. അമ്മമ്മ ഒരു മാതിരി പരിഭ്രമിച്ചു നിൽക്കുന്നുണ്ട്
വിമല: നീലു എവിടെ അമ്മേ?
അമ്മമ്മ: എന്തേണ്ടായത് മോളെ. അവള് കരഞ്ഞുകൊണ്ട് ഓടി വന്നു. എന്താണുണ്ടായതെന്ന് ചോദിച്ചതിന് മറുപടിയൊന്നും പറഞ്ഞില്ല. വല്യആളാന്നാണ് വിജയേട്ടന്റെ ഭാവംന്ന് മാത്രം പറഞ്ഞു. എന്തേ വിജയനുമായി അവള് വല്ല അടിപിടീംണ്ടായോ?
വിമല: ഒരു വാക്കേറ്റംണ്ടായിന്ന് മാത്രം. സാരല്യ അവള് എവിടെ
അമ്മമ്മ: അവള്ടെ മുറീല് വാതിലും അടച്ചിരിക്ക്യാണ്. കരയ്യാന്ന് തോന്നുണു. ഒരന്തോം ഇല്ലാത്തകുട്ടി. അല്ലെങ്കില് വിജയനും ആയിട്ട് അടിപിടിക്കൊക്കെ നിക്ക്വോ?
വിമല: ഞാനവളെ വിളിച്ചു കൊണ്ടുവരാം.
സീൻ - 68:
നീലിമയുടെ കിടപ്പറയുടെ വാതിൽ അടഞ്ഞുകിടക്കുന്നു. വിമല മുട്ടിവിളിക്കുന്നു.
അമ്മമ്മ പിന്നിലുണ്ട്.
വിമല: നീലു വാതിൽ തുറക്ക്.
സീൻ: 68എ:
നീലിമയുടെ മുറി. അവൾ മുഖം തലയിണയിലമർത്തി കിടക്കുകയാണ്. വിമലയുടെ വിളികേൾക്കുമ്പോൾ മുഖമുയർത്തുന്നു. പക്ഷെ ഒന്നും പറയുന്നില്ല. തേങ്ങിക്കരയുക തന്നെയാണ്.
വിമല: നീലു, മോളെ വാതിൽ തുറക്ക്.
നീലിമ: ഇല്ല, ഞാൻ വാതിൽ തൊറക്കില്ല.
അമ്മമ്മ: മോളെ വിമലച്ചേച്ചിയാണ് വന്നിരിക്കുന്നത്. വാതിൽ തുറക്കു.
നീലിമ: എനിക്ക് ആരേയും കാണണ്ട. ഞാൻ വാതിൽ തുറക്കില്ല.
അമ്മമ്മ: (പതുക്കെ) അവള് തന്നത്താൻ തണുത്തോളും. നമ്മള് ശ്രദ്ധിക്കാൻ പോണ്ട. അവർ നടന്നുനീങ്ങുന്നു.
അമ്മമ്മ: വിജയന് വല്ലതും തോന്നിയോ ആവോ.
വിമല: ഏയ് വിജയേട്ടന് നീലൂനെ നല്ലോണം അറിയാം.
സീൻ - 69:
വിമല വീട്ടിൽ അടുക്കളയിൽ ജോലിയെടുക്കുന്നു. അജിത് പതുങ്ങിവന്ന് വിമലയുടെ അടുത്ത് നിൽക്കുന്നു.
അജിത്: അമ്മേ എന്തിനാ അച്ഛൻ നീലുവിനെ അടിച്ചത്?

വിമല: (പെട്ടെന്ന് ദ്വേഷ്യത്തോടെ) എനിക്കറിയില്ല. (പിന്നെ അവന്റെ മുഖത്തെ ദു:ഖം കണ്ടപ്പോൾ അലിയുന്നു.) സാരല്യ മോനെ അച്ഛന് ദ്വേഷ്യം വന്നപ്പോൾ അടിച്ചതല്ലെ?
അജിത്: അപ്പൊ ഇനി നീലു ഇങ്ങട്ട് വരില്ലെ?
വിമല: എന്താ വരാതെ? നാളെത്തന്നെ വരും. അച്ഛൻ അടിച്ചപ്പൊ അവൾക്ക് സങ്കടായതല്ലെ. മോൻ വിഷമിക്കൊന്നും വേണ്ടട്ടൊ.
സീൻ – 70:
വിജയന്റെ കിടപ്പറ. വിമല ഉറക്കമാണ്. വിജയൻ ഉറങ്ങാതെ ആലോചിച്ചു കിടക്കുന്നു. കുറച്ചു കഴിയുമ്പോൾ എഴുന്നേറ്റ് മുറിയിൽ നിന്ന് പുറത്തു കടക്കുന്നു. വാതിലടച്ച് പുറത്തേക്കു നടക്കുന്നു. ഒരു ഗാനത്തിന്റെ പശ്ചാത്തലത്തിൽ വിജയൻ നടക്കുന്നത് കാണുന്നു. വിജനമായ വീഥികൾ. ഒപ്പം തന്നെ നീലുവിന്റെ മാളിക പുറത്തുനിന്ന് കാണിക്കുന്നു. ഉള്ളിൽ കിടപ്പറയിൽ കട്ടിലിൽ ഉറക്കമില്ലാത്ത നീലിമയെ കാണിക്കുന്നു. അവൾ എഴുന്നേറ്റ് ജനലിലൂടെ പുറത്തേക്കു നോക്കുന്നുണ്ട്. വിജനതയിലേക്ക് തുറന്നിട്ട ജാലകം.
ഗാനം അവസാനിക്കുന്നതോടെ fade out.
സീൻ – 71: വിജയന്റെ വീട് പ്രാതൽ കഴിക്കുന്ന വിജയനും വിമലയും ഒരു സംസാരത്തിന്റെ നടുവിലാണ്.
വിജയൻ: എന്തായാലും ഈ വിവരം ആരോടും പറയണ്ട. സത്യാവസ്ഥ എന്താണെന്ന് ഞാൻ ഇന്ന് അന്വേഷിക്കാം. ഒരു പെൺകുട്ടിയുടെ കാര്യമാണ്. പേര് ചീത്തയാവാൻ വളരെ എളുപ്പമാണ്. പ്രത്യേകിച്ചും മരുന്നടിച്ചു കണ്ട തെണ്ടിച്ചെക്കന്മാരുടെ ഒപ്പം നടന്നിരുന്ന പെണ്ണെന്നു പേരു വീണാൽ കഷ്ടമാണ്.
വിമല: നല്ലവണ്ണം സൂക്ഷിക്കണം ട്ടൊ. ഈ മയക്കുമരുന്നും മറ്റുമായി നടക്കുന്നവർക്ക് പിന്നിൽ ഗുണ്ടകളൊക്കെ കാണും.
വിജയൻ: ഒന്നും പേടിക്കാനില്ല. നീലിമ ഇങ്ങോട്ടു വരികയാണെങ്കിൽ അവളെ പറഞ്ഞു മനസ്സിലാക്കു.
cut to

സീൻ – 72: വിജയൻ ഓഫീസ്കാറിൽ യാത്രചെയ്യുന്നു. ബ്രീസ് ഹോട്ടലിന്റെ മുമ്പിലെത്തിയപ്പോൾ നിർത്താൻ ഡ്രൈവറോട് ആവശ്യപ്പെടുന്നു. പുറത്തിറങ്ങി ഹോട്ടലിലേക്ക് നടക്കുന്നു. കൌണ്ടറിൽ പോയി ടൈ കെട്ടി നിൽക്കുന്ന പയ്യനോട്
വിജയൻ: ജോസഫ്കുട്ടിച്ചായൻ ഇല്ലെ?
റിസപ്ഷനിസ്റ്റ്: വന്നിട്ടില്ല. പതിനൊന്ന് പതിനൊന്നരയാകും. സാറ് ഇരിക്കു.
വിജയൻ: മണിയെ ഒന്ന് വിളിക്കാമോ?
റിസപ്ഷനിസ്റ്റ് ഫോണെടുത്ത് ബട്ടണമർത്തുന്നു
റിസപ്ഷനിസ്റ്റ്: (ഫോണിൽ) മണിയുണ്ടോ അവിടെ? വൈകുന്നേരമോ? മോളിലുണ്ടാവില്ലെ? ഒന്ന് വിളിക്കാമോ? വിജയൻ സാറ് വന്നിട്ടുണ്ടെന്ന് പറഞ്ഞാൽ മതി.
വിജയൻ സോഫയിൽ പോയിരിക്കുന്നു. മണി വരുന്നു.
മണി: സാറ്?
വിജയൻ: മണി ഇപ്പൊ ഫ്രീ ആണോ?
മണി: ആ, വൈകുന്നേരമാണ് ഡ്യൂട്ടി.
വിജയൻ: നീ എന്റെ ഒപ്പമൊന്ന് വരണം.
മണി: ഞാനിപ്പോൾ വരാം.
മണി റിസപ്ഷനിൽ പോയി അയാളോട് എന്തോ സംസാരിച്ച് തിരിച്ചു വരുന്നു.
മണി: സാറെ പോവാം.
സീൻ – 73:
കാറിൽ യാത്ര.
മണി: ഇതാ ഇവിടെയാണ്.
വിജയൻ: (ഡ്രൈവറോട്) ഇവിടെ നിർത്തു. ഞങ്ങളിപ്പോൾ വരാം. (മണിയോട് ) വാ.
രണ്ടുപേരും പുറത്തിറങ്ങി ഗുഹയുടെ വാതിലിൽ ബെല്ലടിക്കുന്നു. വാതിൽ തുറക്കുന്നത് ബോണിയാണ്. ആകെ പരവശമായ രൂപം. വസ്ത്രധാരണത്തിൽ ശ്രദ്ധിക്കുന്നില്ല. തലമുടിയും ആകെ പാറിപ്പറന്നിട്ടാണ്.
വിജയൻ: (സംശയിച്ച്) ബോണിയല്ലെ?
ബോണി: അതെ,
വിജയൻ: കുറച്ചു സംസാരിക്കാനുണ്ട്.
ബോണി: (സംശയിച്ചുകൊണ്ട്) എന്തു സംസാരിക്കാൻ?
വിജയൻ: അകത്തു കടന്നിരുന്ന് പറയാം. പുറത്തുവെച്ച് പറയേണ്ട കാര്യമല്ല അത്.
ബോണി സംശയിച്ചുകൊണ്ട് അകത്തേക്ക് പിന്മാറുന്നു. വിജയനും മണിയും അകത്തു കടക്കുന്നു. അകത്തു കടന്ന ഉടനെ നാറ്റമുള്ളതായി വിജയൻ മൂക്കു ചുളിക്കുന്നു. അസഹ്യത പ്രകടിപ്പിക്കുന്നു. ഒരു കസേരയിൽ ഇരിക്കുന്നു. ബോണിയും  മണിയും ഇരിക്കുന്നു.
വിജയൻ: ഒരു കാര്യം ചോദിച്ചറിയാനാണ് ഞാൻ വന്നത്. നീലിമ എന്തിനാണ് ഇവിടെ വരുന്നത്?
ബോണി: അതവളോട് ചോദിക്കേണ്ട ചോദ്യമല്ലെ?
വിജയൻ: അവളുടെ അടുത്തുനിന്ന് മറുപടി കിട്ടാത്തതു കൊണ്ടല്ലെ ഇവിടെ വന്നത്?

ബോണി: എനിക്കറിയില്ല.
വിജയൻ: അപ്പോൾ താൻ സഹകരിക്കാൻ തയ്യാറില്ല അല്ലെ.
ബോണി: എന്നൊന്നും ഞാൻ പറഞ്ഞില്ലല്ലൊ. എനിക്കറിയില്ല എന്നു മാത്രം.
വിജയൻ: എന്തു വിധത്തിലാണ് നീലിമയ്ക്ക് ബോണിയെ പരിചയം?
ബോണി: ഞങ്ങൾ ഫ്രൻസാണ്.
വിജയൻ: നിങ്ങൾ ഇവിടെ മയക്കുമരുന്നുകൾ ഉപയോഗിക്കുന്നുണ്ടോ?
ബോണി ഒന്നും പറയുന്നില്ല.
വിജയൻ: ഞാൻ ചോദിച്ചതിന് മറുപടി പറയണം.
ബോണി: നിങ്ങളെന്താ പോലീസോ മറ്റോ ആണോ? ഞാൻ മറുപടി പറയാൻ തയ്യാറല്ലെങ്കിൽ?
വിജയൻ: തയ്യാറാക്കുന്ന വിധം എനിക്കറിയാം.
ബോണി: ഭീഷണിപ്പെടുത്തുകയാണോ മിസ്റ്റർ?
വിജയൻ: അത്യാവശ്യം.
ബോണി: എങ്കിൽ താങ്കൾ സ്ഥലം വിടണം. നിങ്ങൾ എന്റെ വീട്ടിൽ വന്നിട്ടാണ് എന്റെ സ്വൈരം കെടുത്തുന്നത്.
വിജയൻ: നീ മറുപടി പറയില്ല അല്ലെ?
ബോണി: ഇല്ല, സൌകര്യമില്ല.
വിജയൻ എഴുന്നേറ്റ് ബോണിയെ കസേരയിൽ നിന്ന് കോളർ പിടിച്ച് എഴുന്നേൽപ്പിച്ച് അടിക്കുന്നു. ബോണി തെറിച്ചു വീഴുന്നു.
ബോണി: (കിടന്നിടത്തുനിന്ന് വീണ്ടും വരാനിടയുള്ള അടികളെ തടുത്തുകൊണ്ട്) അടിക്കല്ലെ സാറെ, ഞാൻ ചത്തുപോകും. ഞാൻ എല്ലാം പറയാം. ആദ്യം എനിക്കെന്തെങ്കിലും തിന്നാൻ തരു. രണ്ടു ദിവസമായി എന്തെങ്കിലും തിന്നിട്ട്.
വിജയന് പെട്ടെന്ന് അനുകമ്പതോന്നുന്നു. അയാൾ ബോണിയെ പിടിച്ച് എഴുന്നേൽപ്പിക്കുന്നു. കസേരയിൽ ഇരുത്തുമ്പോൾ നൂററുറുപ്പികയുടെ നോട്ടെടുത്ത് മണിയുടെ നേരെ നീട്ടുന്നു.
വിജയൻ: നീ പോയി ഡ്രൈവറോട് ഒരു പ്ലേയ്റ്റ് ചിക്കൻ കറിയും ചപ്പാത്തിയും കൊണ്ടുവരാൻ പറ. വേഗം വേണം. കാറെടുത്തോട്ടെ. നീ തിരിച്ചുവാ. ഇവൻ സംസാരിക്കുമ്പോൾ എനിക്കൊരു സാക്ഷി കൂടെ ഇരുന്നോട്ടെ.
മണി പോകുന്നു.
വിജയൻ: (ബോണിയോട്) എന്തേ രണ്ടു ദിവസമായി ഒന്നും കഴിക്കാതിരുന്നത്? (ഒരു നിമിഷത്തെ ആലോചനക്കുശേഷം) അല്ലെങ്കിൽ എന്തു ചോദ്യം അല്ലെ?
മണി വരുന്നു.
വിജയൻ: ഇനി പറയൂ. നീലിമയുമായുള്ള ബന്ധമെന്താണ്? ആ കുട്ടി എന്തിനാണിവിടെ വരുന്നത്?
ബോണി: നീലിമ ഒരു പാവം പെൺകുട്ടിയാണ് സാറെ. എന്റെ ഒരു കസിൻ കാനഡയിലുണ്ട് അവളാണ് എന്റെ അഡ്രസ്സ് നീലിമക്ക് കൊടുത്തത്. ഇവിടെ ഇടയ്ക്ക് വരാറുണ്ട് എന്നേഉള്ളു. ഞാൻ മയക്കുമരുന്നിന്റെ അടിമയാണ് സാർ. അതേകാരണംകൊണ്ട് എന്റെ ജോലി നഷ്ടപ്പെട്ടു. എന്റെ സ്നേഹിതന്മാർ നഷ്ടപ്പെട്ടു. നീലിമ മാത്രം വെറും അനുകമ്പയുടെ പേരിൽ ഇവിടെ വരുന്നു. ഞാൻ പട്ടിണിയാണെന്നറിഞ്ഞപ്പോൾ ആ കുട്ടി വീട്ടിൽ നിന്ന് ഭക്ഷണം കൊണ്ടുവന്നുതന്നു. എനിയ്ക്ക് ഇടയ്ക്കിടയ്ക്ക് മരുന്ന് അടിക്കണം. അല്ലെങ്കിൽ ഭയങ്കര വിഷമമാണ്. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ നീലിമ തന്നെ പോയി മരുന്നു വാങ്ങിക്കൊണ്ടുവന്നിട്ടുണ്ട്. ഒരിക്കലല്ല പല വട്ടം.
വിജയനും മണിയും മുഖത്തോടുമുഖം നോക്കുന്നു.
ബോണി: ഞാൻ എന്റെ എല്ലാം വിറ്റു. അവസാനം എന്റെ ഏറ്റവും പ്രിയപ്പെട്ട ഗിത്താർകൂടി ആ പെട്ടിക്കടക്കാരന് വിറ്റു. അങ്ങിനെയാണ് ഞാൻ ജീവിക്കുന്നത്. നാളേക്ക് എനിക്ക് വീണ്ടും മരുന്ന് ആവശ്യമാകും. അതു കിട്ടാൻ യാതൊരു മാർഗ്ഗവുമില്ല.
വിജയൻ: അപ്പോൾ നീലിമ മയക്കുമരുന്ന് ഉപയോഗിക്കാറില്ലെ?
ബോണി: ഇല്ല സർ, അവളൊരു മാലാഖയാണ്. ഞാനവളുടെ നാലയൽ വക്കത്തു നിൽക്കാൻ യോഗ്യനല്ല. അവൾ മയക്കുമരുന്ന് ഉപയോഗിക്കാറില്ല എന്നു മാത്രമല്ല ഇനി ജീവിതത്തിൽ ഒരിക്കലും ഉപയോഗിക്കില്ല എന്ന് എനിക്കുറപ്പുണ്ട്. എന്റെ കഷ്ടപ്പാട് ആ പാവം കുട്ടി ധാരാളം കണ്ടിട്ടുള്ളതാണ്. ഓരോ പ്രാവശ്യവും മരണം നേരിട്ടു കാണുന്നതുപോലെയാണത്. അതു കണ്ട ഒരാൾ ജീവിതത്തിലൊരിക്കലും മയക്കുമരുന്ന് തൊടില്ല.
വിജയൻ: നീലിമ ബ്രൌൺഷുഗർ വാങ്ങിയിരുന്നത് ബോണിക്ക് വേണ്ടിയായിരുന്നു അല്ലെ?
ബോണി: അതെ. പിന്നെ ഞങ്ങൾ തമ്മിൽ വെറും ഫ്രെൻഷിപ്പ് മാത്രമേയുള്ളു. അതിലും മീതെ ഒന്നും ഞാൻ അർഹിക്കുന്നില്ല. അവളൊരു രാജകുമാരിയാണ്.
വിജയൻ പെട്ടെന്ന് മുഖമുയർത്തുന്നു. ഡ്രൈവർ ഒരു പൊതിയുമായി വരുന്നു. മണി ആ പൊതി വാങ്ങി മേശപ്പുറത്തു വെക്കുന്നു. ബാക്കി പണം വിജയന്റെ കയ്യിലേൽപ്പിക്കുന്നു. ഡ്രൈവർ പോകുന്നു. ബോണി പൊതിയെടുത്ത് മേശമേൽ വെച്ച് ആർത്തിയോടെ തിന്നുന്നു.
വിജയൻ: മാർക്കറ്റ് റോഡിൽ ഒരു സ്ഥാപനമുണ്ട്. മുക്തി എന്നാണ് പേര്. കോർപറേഷൻ നടത്തുന്നതാണ്. മയക്കുമരുന്നിനടിമപ്പെട്ടവരെ അതിൽ നിന്ന് മോചിപ്പിക്കാനുള്ള ഒരു സംരംഭമാണ്. നല്ല പരിപാടിയാണ്. എനിക്കവരെ അറിയാം. നല്ല ആത്മാർത്ഥതയുള്ളവർ. ഞാൻ ബോണിയെ അവിടെ കൊണ്ടു ചെന്നാക്കാം.

രണ്ടോ മൂന്നോ മാസം വേണ്ടിവരും. അതു കഴിഞ്ഞാൽ ബോണിക്ക് സാധാരണ ജീവിതം തുടരാൻ പറ്റും. ജോസഫ്കുട്ടിച്ചായൻ എന്റെ സ്നേഹിതനാണ്. അയാളോട് പറഞ്ഞ് ഞാൻ ബോണിക്ക് ഹോട്ടലിൽ പഴയ ജോലി തരുവിക്കാം.

കീശയിൽ നിന്ന് അയ്മ്പതുറുപ്പികയുടെ ഒരു നോട്ടെടുത്ത് ബോണിയുടെ കയ്യിൽ വെക്കുന്നു.

വിജയൻ: ഞാൻ നാളെ വരാം. അതുവരെ ഭക്ഷണത്തിന്നാണ്. മയക്കുമരുന്ന് ഇനി തൊടാതെ നോക്കു. നാളെ നമുക്ക്  മുക്തിയിലേക്ക് പോകാം. ഇപ്പോൾ എനിക്ക് ഒരു മാലാഖയെ കാണാൻ പോകണം. ഞാനവളെ വല്ലാതെ ഉപദ്രവിച്ചു.

വിജയൻ എഴുന്നേൽക്കുന്നു. മണിയോടൊപ്പം പുറത്തേക്കു പോകുന്നു.

സീൻ – 74:

കാറിൽ ബ്രീസ്ഹോട്ടലിനു മുമ്പിൽ എത്തിയപ്പോൾ

വിജയൻ: മണി ഇവിടെ ഇറങ്ങിക്കോ. എനിയ്ക്ക് ഒന്ന് ഓഫീസിൽ പോകണം. അതു കഴിഞ്ഞ് വീട്ടിലും പോകണം. ഞാൻ ആ കുട്ടിയെ വല്ലാതെ ഉപദ്രവിച്ചു.

മണി ഇറങ്ങുന്നു, കാർ നീങ്ങുന്നു.

cut to

സീൻ – 75:

നീലിമയുടെ വീടിന്റെ തളം. സോഫയിൽ നീലിമ ഇരിക്കുന്നു. തലമുടി അലങ്കോലപ്പെട്ടു കിടക്കുന്നു. വസ്ത്രധാരണം അശ്രദ്ധമാണ്. അമ്മമ്മ അടുത്തുതന്നെ ഇരിക്കുന്നു.

അമ്മമ്മ: മോളെ ഞാൻ രണ്ട് ഇഡ്ഡലി കൊണ്ടുവരട്ടെ.

നീലിമ: ഉം ഉം (വേണ്ടെന്ന് തലയാട്ടുന്നു.)

അമ്മമ്മ: വിമലച്ചേച്ചി വന്നിരുന്നു. നീ ഉണർന്നിട്ടില്ല്യാന്നു കണ്ടപ്പോ തിരിച്ചു പോവേ. (ഒരു നിമിഷത്തിനു ശേഷം). ഇനി അമ്മമ്മ്യോട് പറഞ്ഞൂടെ എന്താണ്ടായത്ന്ന്.

നീലിമ: ഒന്നുല്ല്യ, മ്മമ്മേ

അമ്മമ്മ: അമ്മമ്മ്യോട് ഒന്നും പറയില്ലല്ലെ?

നീലിമ: ഒന്നുല്ല്യമ്മമ്മേ, ഞാൻ വിജയേട്ടനുമായി ശണ്ഠ കൂടിയതാണ്.

അമ്മമ്മ: എന്തിനാ അതിനൊക്കെ പോയത്? അവര് രണ്ടുപേരും എത്ര നല്ല കൂട്ടരാ.

നീലിമ ഒന്നും പറയാതെ ഇരിക്കുന്നു. ക്രമേണ അവളുടെ കണ്ണുകളിൽ ജലകണങ്ങൾ ഊറി വരുന്നു. അവൾ കരച്ചിലടക്കാൻ പാടുപെടുന്നു.

അമ്മമ്മ: മോള് ഒന്ന് വിമലച്ചേച്ചീടെ അടുത്ത് പോ, വിമലച്ചേച്ചിക്ക് നല്ല സങ്കടംണ്ട്. പാവം കരഞ്ഞില്ല്യാന്നെള്ളു.

നീലിമ: എന്നെ ആർക്കും ഇഷ്ടല്ല്യ. എന്നെ ആർക്കും വേണ്ട.

അമ്മമ്മ: എന്താ മോളെ അങ്ങിനെ പറയണത്? ആർക്കും വേണ്ടാഞ്ഞിട്ടാ വിമലച്ചേച്ചി ഇടയ്ക്കിടയ്ക്ക് വന്നു നോക്കണത്?

നീലിമ: വിമലച്ചേച്ചീടെ കാര്യല്ലാ പറഞ്ഞത്.

അമ്മമ്മ: ഒക്കെ നിന്റെ തോന്നലുകളാണ്. (പെട്ടെന്ന് എന്തോ ഓർത്തുകൊണ്ട്) നീ ഇന്ന് പുറത്തുപോകരുത് കേട്ടോ. ഇന്നലെ പോസ്റ്റ്മാൻ ഒരു റജിസ്റ്റേർഡ് കത്ത് കൊണ്ടുവന്നിരുന്നു. നിന്റെ കയ്യിലെ തരു എന്നു പറഞ്ഞിരിക്ക്യാണ്. അയാൾ ഇന്നു വരും.

നീലിമ: എനിക്കെവിടുന്നാണ് റജിസ്റ്റേർഡ് കത്തൊക്കെ.

അമ്മമ്മ: അച്ഛന്റെ കത്താണ്ന്ന് തോന്നുന്നു. കാനഡയിൽ നിന്നാണ്.

cut to

സീൻ – 76:

ഓഫീസിൽ വിജയന്റെ മുറി. വിജയൻ അകത്തു കടക്കുന്നു. കസേരയിലിരുന്ന് മുമ്പിലുള്ള കത്തുകൾ ഓരോന്നോരോന്നായി മറിച്ചു നോക്കുന്നു.

മോളി (സ്റ്റെനോ) വരുന്നു.

മോളി: വിജയൻസാറ് വന്ന ഉടനെ ഒന്ന് വിളിക്കാൻ ഡെന്നിസാറ് പറഞ്ഞു. ആ ഓർഡർ ഇല്ലെ, അതിന് എന്തോ കുഴപ്പം പറ്റിയിട്ടുണ്ടെന്ന് തോന്നുന്നു. ഡെന്നിസാറ് ആകെ അപ്സെറ്റ് ആയിരിക്ക്യാണ്.

വിജയൻ ഇന്റർകോമെടുത്ത് സംസാരിക്കുന്നു.

ഡെന്നി: (ഫോണിൽ) വിജയൻ ഒന്ന് ഇതുവരെ വരാമോ? ഒരു ചെറിയ പ്രോബ്ലം.

വിജയൻ: വരാം സർ. (ഫോൺ വെക്കുന്നു.)

സീൻ – 78:

ഡെന്നിയുടെ ആഡംഭരമുള്ള ചേമ്പർ. വിജയൻ പ്രവേശിച്ച് ഡെന്നിക്കു മുമ്പിലുള്ള മൂന്നു കസേരകളിലൊന്നിൽ ഇരിക്കുന്നു.

ഡെന്നി: വിജയൻ, ആകെ പ്രശ്നായീന്നാ തോന്നണത്.

വിജയൻ: എന്തുപറ്റി?

ഡെന്നി: നമുക്കൊരു സീരിയസ് കോംപിറ്റിഷൻ വന്നിരിക്കുന്നു. തോമസ്സാറിന്റെ ഓർഡർ കയ്യിലായീന്ന് വിചാരിച്ചതായിരുന്നു. അപ്പോഴേക്ക് മന്ത്രീടെ ഒരു അടുത്ത ബന്ധു ഒരു ഏജൻസി സമ്പാദിച്ചിട്ടുണ്ട്.

അയാളും രംഗത്തെത്തിയിട്ടുണ്ട്. വില ഏകദേശം ഒന്നു തന്നെ. നമ്മുടെ ഇരുപത്തെട്ടു ലക്ഷം. അവരുടെ 28 1/2 ലക്ഷം. അരലക്ഷമൊന്നും ഒരു വലിയ വ്യത്യാസമല്ല. മന്ത്രിയുടെ ബന്ധുവിനെ സഹായിക്കാൻ വളരെ ഉന്നതതലത്തിൽ നിന്ന് സമ്മർദ്ദം വന്നുകൊണ്ടിരിക്ക്യാണ്. നമുക്ക് ഈ ഓർഡർ കിട്ടിയെ പറ്റു. കൊല്ലത്തിൽ ഒരു പ്ലാന്റെങ്കിലും വിറ്റില്ലെങ്കിൽ ആ ഏജൻസി പോകും. അല്ലെങ്കിലേ അവർക്ക് പരാതിയേ ഉള്ളു. നമ്മള് ഫോളോ അപ്പ് ചെയ്യുന്നില്ല എന്നൊക്കെ. ഈ ഓർഡർ പോകുക കൂടി ചെയ്താൽ അവർ ഏജൻസി മാറ്റും.

വിജയൻ: മന്ത്രിബന്ധു ഏതു പ്ലാന്റാണ് ക്വോട്ടു ചെയ്തത്?

ഡെന്നി: റാങ്കിന്റെ

വിജയൻ: നല്ല പ്ലാന്റാണ്.

ഡെന്നി: എനിക്കറിയാം. ഞാൻ ലൂധിയാനയിലായിരുന്നപ്പോൾ സർദാറിന്റെ കമ്പനിക്കുവേണ്ടി വാങ്ങിയതാണ്. അന്ന് നാലരലക്ഷം ആയിരുന്നുവില. ഇന്ന് ഇരുപത്തെട്ടു ലക്ഷം.

വിജയൻ: അറുപതുകളിലല്ലെ?

ഡെന്നി: അറുപത്തഞ്ചിൽ. വിജയൻ ഒരു കാര്യം ചെയ്യു. ഉടനെ പോയി തോമസ്സാറിനെ കാണു. നമ്മുടെ വാഗ്ദാനങ്ങളെല്ലാം ഒന്നു പുതുക്കു. പിന്നെ വല്ല ബാറിലും കൊണ്ടുപോകു. കണ്ടാൽ ഉടൻ പണം ചോദിക്കും. ഓർഡർ കയ്യിൽ കിട്ടിയ നിമിഷം പറഞ്ഞത് കൊടുക്കുമെന്ന് പറയു. അതുവരെ വെള്ളം തന്നെ മതി. ഇപ്പൊ ചില്ലറ എന്തെങ്കിലും കൊടുത്തേക്ക്.

വിജയൻ: ശരി

ഡെന്നി: എന്നാൽ വിജയൻ വൈകിക്കണ്ട.

വിജയൻ എഴുന്നേൽക്കുന്നു.

cut

സീൻ – 79:

വിജയന്റെ മുറി. വിജയൻ കസേരയിൽ വന്നിരിക്കുന്നു. (മോളി പ്രവേശിക്കുന്നു.)

വിജയൻ: ഇന്ന് നേർത്തെ വീട്ടിൽ പോകേണ്ട ആവശ്യമുണ്ടായിരുന്നു. അപ്പോൾ ഇങ്ങിനെ ഒരു പ്രശ്നം. മോളി കാഷ്യറോട് ഒരു എണ്ണൂറു രൂപ കൊടുത്തയക്കാൻ പറയു. കത്തുകൾ വല്ലതും ഒപ്പിടാനുണ്ടെങ്കിൽ കൊണ്ടുവരു.

മോളി പോകുന്നു. വിജയൻ കത്തുകൾ മറിച്ചു നോക്കുകയാണ്. ഇടയ്ക്ക് വാച്ചിൽ സമയം നോക്കുന്നു. അക്ഷമനാവുന്നു.

ഓർമ്മകൾ – തലേന്ന് നീലമയുമായുണ്ടായ സംഘട്ടനം ഓർമ്മിക്കുന്നു. അവളുടെ ചെകിടത്ത് അടിച്ചതും. അടിച്ച കൈ നോക്കുന്നു. പിന്നെ ആ കൈ മേശമേൽ വേദനിക്കുമാറ് ഇടിക്കുന്നു.

മോളി കത്തുകൾ കൊണ്ടുവരുന്നു. അത് ഒപ്പിടുമ്പോൾ പ്യൂൺ 800കയുമായി വരുന്നു. പണം വാങ്ങി കീശയിലിടുന്നു. ഫോണെടുത്ത് കറക്കുന്നു.

വിജയൻ: തോമസ്സാറിന് കൊടുക്കു...

വിജയൻ......ഹല്ലോ.........തോമസ്സാറല്ലെ.

തോമസ്: അതേടോ.

വിജയൻ: സാറ് ഇന്ന് ഫ്രീയാണോ?

തോമസ്: അതു താൻ എന്തിന് വിളിക്കുന്നു, എങ്ങോട്ട് വിളിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും.

വിജയൻ: നമുക്കൊന്ന് കൂടാനാണ്.

തോമസ്: എവിടെ?

വിജയൻ: സീറോക്കിലായാലോ?

തോമസ്: ഫ്രീ തന്നെ. എത്ര മണിക്കാണ്?

വിജയൻ: ഇപ്പോൾത്തന്നെയായാലോ?

തോമസ്: അയ്യോ ഇപ്പൊ പറ്റില്ല. മറ്റവൻമാര് വരും. വകുപ്പുമന്ത്രീടെ ഒരു ബന്ധു ഇതിനിടയില് കടന്നു കൂടിട്ട്ണ്ട്. ഞാൻ ഡെന്നിസാറിനോട് പറഞ്ഞിട്ടുണ്ട്. നമുക്കൊരു നാലുമണിക്കു കൂടാം.

വിജയൻ: ശരി, ഞാൻ വന്ന് സാറിനെ പിക്കപ്പ് ചെയ്യാം.

ഫോൺ വെക്കുന്നു.

വിജയൻ മോളിയെ വിളിക്കുന്നു. മോളി വരുന്നു)

വിജയൻ: ഞാൻ പുറത്തിറങ്ങുന്നു. ആദ്യം പോലീസ് സ്റ്റേഷനിൽ പോകണം. എന്റെ ഒരു സ്നേഹിതനെ കാണാനാണ്. അതു കഴിഞ്ഞ് നേരെ തോമസ് സാറിനെ കാണാൻ പോകും. എത്ര മണിക്ക് ഒഴിവാവാൻ പറ്റുമെന്ന് ദൈവത്തിനറിയാം. എനിക്കാണെങ്കിൽ ഇന്ന് വേഗം വീട്ടിലെത്തേണ്ട കാര്യവുമുണ്ടായിരുന്നു.

മോളി: നേരം വൈകുമെന്ന് വീട്ടിലറിയിക്കണോ.

വിജയൻ: (ബ്രീഫ്കേസുമെടുത്ത് എഴുന്നേൽക്കുന്നു.) ഏയ് അതൊന്നും വേണ്ട.

ചേമ്പറിൽ നിന്ന് പുറത്തു കടക്കുന്നു.

cut

സീൻ – 80: നീലിമയുടെ മാളിക. കഴിഞ്ഞ സീനിൽ കണ്ട അതേ വേഷംതന്നെ. സോഫയിൽ ഒരു പേപ്പർ ബാക്ക് വായിച്ചിരിക്കുന്നു. പുറത്തേക്കുള്ള വാതിൽ തുറന്നിട്ടിരിക്കയാണ്. ഇടയ്ക്കിടയ്ക്ക് പുറത്തേക്കു നോക്കുന്നുണ്ട്. വായിക്കുന്നതിൽ വലിയ ശ്രദ്ധയൊന്നുമില്ല.
പോസ്റ്റ്മാൻ വരുന്നു. വാതിൽക്കൽ തട്ടി ശബ്ദമുണ്ടാക്കുന്നു.
പോസ്റ്റ്മാൻ: മോളെ അച്ഛന്റെ കത്തുണ്ട്. (നീലിമ എഴുന്നേറ്റ് ചെല്ലുന്നു.)
പോസ്റ്റ്മാൻ: നല്ല കനപ്പിടിയിൽ എന്തോ അയച്ചിട്ടുണ്ട്.
നീലിമ ഒപ്പിട്ട് വാങ്ങുന്നു. മുഖത്ത് ചിരിയില്ല.
പോസ്റ്റ്മാൻ: എന്താ മോൾക്ക് സുഖമില്ലെ?
നീലിമ: ഏയ് കാര്യമായിട്ടൊന്നുമില്ല.
കവർ തുറന്നുകൊണ്ട് ഉള്ളിലേക്ക് വരുന്നു. അമ്മമ്മ അകത്തുനിന്നു വരുന്നു.
അമ്മമ്മ: ആരാ മോളെ വന്നത്?
നീലിമ കവർ ഉയർത്തികാണിക്കുന്നു. സോഫയിൽ പോയിരുന്ന് കവർ തുറക്കുന്നു. കവറിൽ ഒന്നു രണ്ട് Air India എയർലൈൻ ടിക്കറ്റുകൾ. കത്ത്. അവൾ കത്ത് ധൃതിയിൽ വായിക്കുന്നു. വായിക്കുംതോറും മുഖം മങ്ങുന്നു. കത്തും കയ്യിൽവെച്ച് അനങ്ങാതിരിക്കുന്നു. കണ്ണിൽ ജലം ഉരുണ്ടുകൂടുന്നു.
അമ്മമ്മ: എന്താ മോളെ?
നീലിമ: ഞാൻ പോവ്വാണ് അമ്മമ്മേ. എന്തോ ഇമിഗ്രേഷൻ പ്രോബ്ലാണെന്ന്. എനിയ്ക്ക് ഇവിടെ ചേർന്ന് പഠിക്കാൻ പറ്റില്ലെന്ന്.
അമ്മമ്മ: അയ്യോ എന്റെ മോള് പോവ്വേ?
നീലിമ: (കണ്ണീരോടെ) അതാ നല്ലത് അമ്മമ്മേ എന്നെ ഇവിടെ ആർക്കും വേണ്ട. (തേങ്ങുന്നു)
അമ്മമ്മ: (നീലുവിന്റെ അടുത്തിരുന്ന് അവളെ കെട്ടിപ്പിടിക്കുന്നു, കവിളിൽ ഉമ്മ വെക്കുന്നു.) ആർക്കും വേണ്ടായ ഒന്നുല്ല്യ മോളെ. പിന്നെ അമ്മമ്മയ്ക്ക് നിന്നെ വേണ്ടെ. (അവരുടെയും കണ്ണിൽ കണ്ണീർ.) ആട്ടെ എന്നാണ് പോകേണ്ടത്?
നീലിമ: ഇന്ന്. മറ്റന്നാള് ബോംബെന്ന്ള്ള ഫ്ളൈറ്റിനാണ് ടിക്കറ്റ്. ഇന്ന് ചെറിയച്ഛൻ ഇവിടെ വരുമത്രെ. മൂപ്പര് വൈകുന്നേരത്തെ ബസ്സിന് ബാഗ്ലൂർക്ക് പോവ്വാണ്. നാളെ ബോംബെക്ക് പ്ലെയ്നിൽ പോകും. എന്നെ പ്ലെയ്ൻ കയറ്റിവിടും. അതാണ് ഐഡിയ.
അമ്മമ്മ: (ആലോചിച്ചുകൊണ്ട്) വീണ്ടും അമ്മമ്മ ഒറ്റയ്ക്കാവില്ലെ ഇവിടെ? കുറച്ചുകാലം സുഖായിരുന്നു. ഇനി മോളില്ലാത്ത ഒരു ജീവിതം........ഉം അതും തഴക്കാവും.
നീലു എഴുന്നേൽക്കുന്നു.
നീലു: എനിക്ക് വിമലച്ചേച്ചിടെ അവിടെ പോണം.
അമ്മമ്മ: പോയി വരു മോളെ. വേഗം വരണം കേട്ടോ. നിന്റെ സാധങ്ങളൊക്കെ എടുത്തു വെക്കണ്ടെ.

cut to

സീൻ – 81:
പോലീസ് സ്റ്റേഷൻ. എസ്.ഐ.യുടെ മുറിയിൽ എസ്.ഐ. ഇരിക്കുന്നു. തിരക്കിലാണ്. ഫോണിൽ സംസാരമാണ്. അതു കഴിഞ്ഞ് ഫോൺ വെക്കുന്നു. രണ്ടു കോൺസ്റ്റബിൾമാർക്ക് എന്തോ നിർദ്ദേശം നൽകുന്നു.
എസ്.ഐ.: ഇന്നലെ അകത്താക്കിയില്ലെ ആ കത്തിക്കുത്തു പ്രതി. അവനെ വിട്ടയച്ചേക്ക്.
കോൺസ്റ്റബ്ൾ: ശരിസർ. സല്യൂട്ട് ചെയ്ത് പോകുന്നു. (വിജയൻ പ്രവേശിക്കുന്നു.)
എസ്.ഐ.: അല്ല ഇതാര്? വഴിതെറ്റി വന്നതാണോ?
വിജയൻ: എന്താ എനിക്കിങ്ങോട്ടൊന്നും വരാൻ പാടില്ലെ?
എസ്.ഐ.: അല്ല, ഇവിടെ കള്ളന്മാരും കൊലപാതകികളും പിന്നെ രാഷ്ട്രീയക്കാരും മാത്രെ വരാറുള്ളു. മാന്യന്മാർക്കു പറ്റിയ സ്ഥലമല്ലിത്.
വിജയൻ: അപ്പോൾ ഞാൻ മാന്യനാണെന്ന സർട്ടിഫിക്കറ്റ് കിട്ടി. അതൊന്ന് എഴുതി ഒപ്പിട്ടുതാ.
എസ്.ഐ.: എന്താ കാര്യം? വിശേഷിച്ചൊന്നും ഇല്ലല്ലൊ.
വിജയൻ: ബേബി, ഒരു കാര്യം അറിയാനാണ് ഞാൻ വന്നത്. മയക്കുമരുന്നിന്റെ ലോകത്തുനിന്ന് പോലീസ് എത്ര അകലെയാണ്.
എസ്.ഐ.: (ചിരിച്ചുകൊണ്ട്) അയ്യോ, ഒത്തിരി ദൂരത്താണ്. അടുക്കാൻ മേല. എന്നാ അല്പം വേണമോ?
വിജയൻ: പോലീസിന് വല്ലതും ചെയ്യാൻ പറ്റുമോ?
എസ്.ഐ.: എന്താ കാര്യം? പറ. വല്ലവരേയും സംശയമുണ്ടോ?
വിജയൻ: സംശയമല്ല. ഉറപ്പുതന്നെയുണ്ട്. നമ്മുടെ ജോസഫ്കുട്ടിയുടെ ഹോട്ടലില്ലെ ബ്രീസ്, അതിന്റെ മുമ്പിലുള്ള പെട്ടിക്കട ശ്രദ്ധിച്ചിട്ടുണ്ടോ?
എസ്.ഐ.: ഉണ്ട്, ചന്ദ്രന്റെ
വിജയൻ: അയാൾ വളരെ ഓപ്പൺ ആയിട്ടു തന്നെയാണല്ലോ സാധനം വിൽക്കുന്നത്.
എസ്.ഐ.: (മയത്തിൽ) വിജയൻ തനിക്കു മാത്രം കേൾക്കാനായി ഞാൻ ഒരു കാര്യം പറയാം......പിന്നെ തനിക്ക് ചായയോ കാപ്പിയോ എന്താ വേണ്ടത്?

വിജയൻ: ഒന്നും വേണ്ട.

എസ്.ഐ.: (ചാരിയിരിക്കുന്നു) ഇവിടെ ആരൊക്കെയാണ് മയക്കുമരുന്ന് വിൽക്കുന്നത്, കള്ളക്കടത്ത് ചെയ്യുന്നത്, ആരൊക്കെയാണ് കക്കുന്നത്, പോക്കറ്റടിക്കുന്നത് ഇതെല്ലാം ഞങ്ങൾക്കറിയാം. പക്ഷെ ഞങ്ങൾക്കെന്തു ചെയ്യാൻ പറ്റും? രാഷ്ട്രീയ ചരടുവലി കാരണം ഞങ്ങൾ കെട്ടിയിട്ട മാതിരിയാണ്. ഒരുത്തനെ പിടിച്ചാൽ അവനെ പോലീസ് സ്റ്റേഷനിൽ കൊണ്ടുവരുന്നതിനുമുമ്പ് ഫോൺകോളുണ്ടാകും, അവനെ വിട്ടയക്കാൻ. ഇതാ താൻ വരുന്നതിനു മുമ്പ് ഒരു കാളുണ്ടായിട്ടേയുള്ളു. ഇന്നലെ കത്തിക്കുത്ത് പ്രതിയെ പിടിച്ചതാണ്. രാത്രി രണ്ടുമണിക്കാണ് ഒരു ഫോൺകോൾ, പിന്നെ അഞ്ചുമണിക്ക്, പിന്ന ഇതാ ഇപ്പോൾകൂടി....വിട്ടയച്ചു. അതു തന്നെ. ഇല്ലെങ്കിൽ പിന്നെ ട്രാൻസ്ഫർ വരുക ഫോണിൽത്തന്നെയാ യിരിക്കും. നമ്മുടെ ഗവർമ്മേണ്ടുകളെല്ലാം എഫിഷ്യന്റ് അല്ലാന്ന് ആരേ പറഞ്ഞത്? സുപ്പർ എഫിഷ്യന്റ് ആണ്.

വിജയൻ: കഷ്ടം തന്നെ. എത്ര ചെറുപ്പക്കാരാണ് മയക്കു മരുന്നിന് അടിമയാകുന്നത്? ഇന്നലെ ഞാൻ ഒരു പയ്യനെ കണ്ടതാണ്. കഷ്ടം തോന്നും. എന്തെങ്കിലും ചെയ്തേപറ്റു.

എസ്.ഐ.: ഞാൻ വേണമെങ്കിൽ അയാളെ അറസ്റ്റ് ചെയ്യാം. അയാൾക്ക് രാഷ്ട്രീയബന്ധങ്ങളൊന്നും ഇല്ലെങ്കിൽക്കൂടി കാര്യമില്ല. അയാൾ ഒരു sales outlet മാത്രമാണ്. അയാൾക്ക് ഈ സ്റ്റഫ് സപ്ലൈ ചെയ്യുന്നവർക്ക് കേരളത്തിൽ മാത്രമല്ല ദില്ലിയിൽക്കൂടി സ്വാധീനം കാണും. ഇവൻ പുറത്തു വരും എന്നു മാത്രമല്ല, എന്റെ ജോലി തന്നെ തെറിച്ചു എന്നുവരും.

വിജയൻ: അതിനർത്ഥം ഇനിയും വരാൻപോകുന്ന തലമുറ മയക്കുമരുന്നിന്നടിമകളായി നശിച്ചു പോകുന്നത് നമ്മൾ നോക്കി നിൽക്കേണ്ടി വരുമെന്നാണോ?

എസ്.ഐ.: രാഷ്ട്രീയം അത്ര നാറിയിരിക്കുന്നു. പോലീസ് കാര്യത്തിൽ രാഷ്ട്രീയക്കാരുടെ ഇടപെടൽ എന്നു നിൽക്കുന്നുവോ, അന്നു നന്നാവും നമ്മുടെ നാട്. അതുവരെ ഇങ്ങിനെയൊക്കെയേ നടക്കു.

(വിജയന്റെ മുഖത്തെ വിഷമം കണ്ടിട്ട്) ഏതായാലും ചന്ദ്രനെ ഞാൻ അറസ്റ്റ് ചെയ്യാം. ഏതായാലും താൻ ഇതിൽ ഇടപെടരുത്. സംഭവം കുറച്ച് റിസ്കിയാണ്.

വിജയൻ: (വാച്ചു നോക്കുന്നു.) ഓ സമയം മൂന്നേമുക്കാലായി. നാലുമണിക്ക് എനിക്കൊരാളെ കാണണം. ഞാൻ ഇറങ്ങട്ടെ.

എസ്.ഐ. എഴുന്നേറ്റ് വിജയനെ വാതിൽവരെ അനുഗമിക്കുന്നു.

cut to

സീൻ – 82:

വിജയന്റെ വീട്. വിമല സോഫയിൽ ഇരിക്കുന്നു. ഒരു മാസിക വായിക്കുകയാണ്. പക്ഷെ അതിലൊന്നുമല്ല ശ്രദ്ധ എന്നു സ്പഷ്ടം. തുറന്നിട്ട വാതിലിലൂടെ നീലിമ വരുന്നു. വിമല കാണുന്നില്ല. വാതിൽ തുറന്ന് ഒരു നിമിഷം അവൾ വിമലയെ നോക്കി നിൽക്കുന്നു. പിന്നെ.

നീലിമ: ചേച്ചീ......

വിമല ചാടിയെഴുന്നേൽക്കുന്നു.

വിമല: എന്റെ നീലു?

നീലിമ ഓടിപ്പോയി വിമലയെ കെട്ടിപ്പിടിക്കുന്നു. വിമലയും സ്നേഹപൂർവ്വം അവളെ കെട്ടിപ്പിടിച്ച് കവിളിൽ ഉമ്മ വെക്കുന്നു.

നീലിമ: (കരഞ്ഞുകൊണ്ട്) ചേച്ചീ.....

വിമല: (അവളെ സോഫയിൽ ഇരുത്തുന്നു, അടുത്തു തന്നെ ഇരിക്കുന്നു.) സാരമില്ല മോളെ സാരമില്ല. (നീലിമയുടെ തേങ്ങലുകൾ അല്പം ശമിച്ചപ്പോൾ) മോളെ, ഇനി ചേച്ചിയോട് പറയില്ലെ, എന്താണ്ടായതെന്ന്.

നീലിമ: ഒന്നുംണ്ടായിട്ടില്ല്യ ചേച്ചി. ഞാൻ പറയാം. വിജയേട്ടനെന്താണ് ഇത്ര പെട്ടെന്ന് ദ്വേഷ്യം പിടിച്ചത്?

വിമല: ചേട്ടന്റെ കാര്യം ഒക്കെ അങ്ങിനെയാണ്. പെട്ടെന്ന് ദ്വേഷ്യം പിടിക്കും. അതുപോലെ പോവും ചെയ്യും. നീലുവിനെ അടിച്ചിട്ട് നീലു ഓടിപ്പോയില്ലെ? അപ്പൊത്തന്നെ എന്നോട് നീലുവിനെ വിളിച്ചുകൊണ്ടുവരാൻ പറഞ്ഞു. ഇന്നലെ രാത്രി വിജയേട്ടൻ ഉറങ്ങിയിട്ടില്ല.

നീലിമ: ഞാനും ഉറങ്ങിയില്ല.

വിമല: പറയൂ എന്താണുണ്ടായത്? നീലിമ മയക്കുമരുന്ന് ഉപയോഗിക്കാറുണ്ടോ?

നീലിമ: ഇല്ല ചേച്ചി ഞാൻ ഉപയോഗിച്ചിട്ടില്ല. ഇനി ജീവിതത്തിൽ ഒരിക്കലും ഉപയോഗിക്കാനും പോണില്ല. എന്താണുണ്ടായത്ന്ന് ഞാൻ പറയാം. മോൺട്രിയയിൽ എന്റെ ഒരു ഫ്രണ്ടുണ്ട്. ഷർലി. അവളുടെ കസിനാണ് ഈ ബോണിന്ന് പറയണ പാട്ടുക്കാരൻ.

കുറെ നേരം വിമലയും നീലിമയുമായി സംസാരിക്കുന്നതു കാണിക്കണം.

fade out

സീൻ – 83:

വിജയൻ കാറിൽ യാത്ര. ബ്രീസ് ഹോട്ടലിനു മുമ്പിൽ എത്തിയപ്പോൾ അവിടെ ആകെ ഒരു ബഹളം. ഒരു പോലീസ് വാൻ പെട്ടിക്കട പരിശോധിക്കുന്നു. ഒരാൾ ഒരു പ്ലാസ്റ്റിക് സഞ്ചി പുറത്തെടുക്കുന്നു. അതിൽ നിറയെ ചെറിയ പൊതികൾ. ചന്ദ്രനെ അറസ്റ്റ് ചെയ്ത്കൊണ്ടുപോകുന്നു. എസ്.ഐ.യാണ് നേതൃത്വം.

വിജയൻ ഡ്രൈവറോട് ഒരു നിമിഷം കാറ് നിർത്താൻ ആവശ്യപ്പെടുന്നു. സംഭവം സംതൃപ്തിയോടെ വീക്ഷിക്കുന്നു, കാറിനുള്ളിൽ വെച്ചുതന്നെ. ചന്ദ്രനെ അറസ്റ്റ് ചെയ്ത് വാനിലേക്ക് കൊണ്ടുപോകുമ്പോൾ ഡ്രൈവറോട് പോകാൻ പറയുന്നു. ഒരു കെട്ടിടത്തിനുമുമ്പിൽ കാർ നിർത്തുന്നു. വിജയൻ ഇറങ്ങുന്നു.

സീൻ – 84:

ഒരു സർക്കാർ ഓഫീസിനുള്ളിലെ ദൃശ്യം. പഴയ ഫയലുകൾ ഇരുമ്പിന്റെ റാക്കുകളിലും മരമേശക്കു മുകളിലും പൊടിപിടിച്ചു കിടക്കുന്നു. വിജയൻ തോമസിന്റെ ചേമ്പറിനു മുന്നിലേക്കു നടക്കുമ്പോൾ രണ്ടുമൂന്നു പേർ പാന്റും ടൈയും മറ്റും ധരിച്ച് ബ്രീഫ് കേസുമായി ചേമ്പറിൽ നിന്ന് പുറത്തിറങ്ങുന്നു. അവർ തമ്മിൽ താണ സ്വരത്തിൽ സംസാരിക്കുന്നുണ്ട്. വിജയൻ അവരെ നല്ലവണ്ണം ശ്രദ്ധിച്ചശേഷം. അകത്തു കടന്നു.

സീൻ – 85:

തോമസിന്റെ ചേമ്പറിന്റെ അകംവശം. ഫയലുകളെല്ലാം മേശമേൽ അങ്ങിങ്ങായി ചിതറിയിട്ടിരിക്കയാണ്. വിജയൻ അകത്തു കടക്കുന്നു. തോമസ് വാച്ചു നോക്കുന്നു.

തോമസ്: കൃത്യം നാലുമണി. ഗവർമ്മെണ്ട് ഓഫീസ് ഉദ്യോഗസ്ഥന്മാർ ഈ പ്രൈവറ്റ് കമ്പനി എക്സിക്യൂട്ടീവുകളെ കണ്ടു പഠിക്കണം. (വിജയൻ ഇരിക്കുന്നു.)

തോമസ്: ഇപ്പൊ പൊറത്തുപോയ ആൾക്കാരെ ശ്രദ്ധിച്ചുവോ?

വിജയൻ തലയാട്ടുന്നു.

തോമസ്: നിങ്ങടെ എതിരാളികളാണ്. വകുപ്പുമന്ത്രിയുടെ അടുത്ത ബന്ധു തുടങ്ങിയ കമ്പനിയാണ്. റാങ്കിന്റെ ഏജൻസിയും എടുത്തിട്ടുണ്ട്. മന്ത്രാലയത്തിൽ നിന്ന് ഒരു പ്യൂൺ വിളിച്ചു പറഞ്ഞാൽ മതി ലക്ഷങ്ങളുടെ ഓർഡർ അവരുടെ വഴിക്ക് വരുമെന്നാണ് വിശ്വാസം. വാ, നമുക്ക് പുറത്തുപോയി സംസാരിക്കാം.

എഴുന്നേൽക്കുന്നു.

cut to.

സീൻ – 86:

വിജയന്റെ വീട്ടിൽ വിമലയും നീലിമയും സംസാരിച്ചുകൊണ്ടിരുന്ന അതേ സീനിന്റെ തുടർച്ച.

വിമല: അപ്പൊ അത്രേണ്ടായിട്ടുള്ളു. അപ്പൊ നിനക്ക് വിജയേട്ടനോട് പറയായിരുന്നില്ലെ?

നീലിമ: ഞാൻ പറയാൻ ഒരവസരവും കാത്തിരിക്ക്യായിരുന്നു. അതു പോലെ ബോണിയെ വല്ല ആശുപത്രിയിലാക്കി ചികിത്സിക്കാനും വിജയേട്ടനോട് പറയണമെന്ന് വിചാരിച്ചതായിരുന്നു. അപ്പോഴേക്ക് മൂപ്പർക്ക് ദ്വേഷ്യം പിടിച്ചു. ഞാനെന്താ ചെയ്യ്വാ?

വിമല: സാരല്യ മോളെ. വിജയേട്ടൻ ഇന്ന് നേർത്തെ വരുമായിരിക്കും. നമുക്ക് കാര്യങ്ങളൊക്കെ ശരിയാക്കാം.

നീലിമ: (പെട്ടെന്ന് എന്തോ ഓർത്തുകൊണ്ട്) ചേച്ചീ........ഞാനതു പറയാൻ വിട്ടുപോയി. ഞാൻ ഇന്ന് തിരിച്ചു പോവ്വാണ്.

വിമല: (ഞെട്ടിക്കൊണ്ട്) തിരിച്ചുപോവേ? കാനഡയിലേക്കോ? എന്തൊക്കെയാണ് നീ പറേണത്?

നീലിമ: അതെ അച്ഛൻ ടിക്കറ്റെല്ലാം അയച്ചു തന്നിട്ടുണ്ട്. ഇന്നു രാവിലെയാണ് കിട്ടിയത്.

വിമല: എന്തേ ഇത്ര പെട്ടെന്ന്?

നീലിമ: എന്തോ ഇമിഗ്രേഷൻ പ്രോബ്ലാത്രെ. എനിയ്ക്ക് ഇത്ര ദിവസത്തിലധികം ഇവിടെ നിൽക്കാൻ പാടില്ല്യാന്ന്ണ്ടത്രെ. ഇന്ന് ചെറിയച്ഛൻ വരുന്നുണ്ട്. ചെറിയച്ഛൻ ബാംഗ്ലൂർ വഴി ബോംബെക്ക് പോകുമ്പോൾ എന്നെയും കൊണ്ടുപോകും. വൈകുന്നേരം ആറുമണിക്കാണ് ബാംഗ്ലൂർ ബസ്.

വിമല വിശ്വാസമാവാത്ത പോലെ ഇരിക്കുന്നു.

വിമല: നീ എന്തൊക്കെയാണ് പറയുന്നത്?

നീലിമ: അതേ ചേച്ചി, എനിയ്ക്ക് പോണതിനു മുമ്പ് വിജയേട്ടനെ കാണണം.

വിമല: വിജയേട്ടൻ നേർത്തെ വരാതിരിക്കില്ല. എന്തായാലും ഒന്നു ഫോൺ ചെയ്തു നോക്കാം വാ.

അവർ പുറത്തിറങ്ങുന്നു.

സീൻ – 87:

ഫോൺബൂത്ത്. വിമല ഡയൽ ചെയ്യുന്നു. വിജയന്റെ ഓഫീസിൽ റിസപ്ഷനിസ്റ്റ് ഫോണെടുക്കുന്നു.

റിസപ്ഷനിസ്റ്റ്: എ. ബി. ട്രേഡിംഗ്.

വിമല: ജാൻസിയല്ലെ? ഇത് വിമലയാണ് വിജയൻ ഇല്ലെ?

ജാൻസി: വിമലച്ചേച്ചി, വിജയൻസാറ് പുറത്തുപോയിരിക്ക്യാണ്. എപ്പോഴാണ് വര്വാന്നറിയില്ല്യ. ഞാൻ മോളിക്ക് കൊടുക്കാം. ഒരു മിനിറ്റ് ഹോൾഡ് ചെയ്യു.

സീൻ – 87എ:

മോളിയോട് വിജയന്റെ മുറിയിലെ ഫോണെടുക്കാൻ പറയുന്നു. മോളി പോയി ഫോണെടുക്കുന്നു.

മോളി: ങ്ങാ വിമലച്ചേച്ചിയാണോ? സാറ് പുറത്തു പോയിരിക്ക്യാണ്. എപ്പോഴാണ് വര്വാന്ന് അറിയില്ല.

വിമല: എങ്ങോട്ടാണ് പോയത്?

മോളി: ഒരു കസ്റ്റമറെ കാണാനാണ്.

വിമല: വൈകുമോ?

മോളി: അറിയില്ല. ഇന്ന് നേർത്തെ വീട്ടില് പോണംന്ന് പറഞ്ഞിരിക്ക്യായിരുന്നു. പെട്ടെന്ന് പോകേണ്ടി വന്നു.

വിമല: വിജയേട്ടനെ കോൺടാക്റ്റ് ചെയ്യാൻ വല്ല വഴിംണ്ടൊ?

മോളി: ഞാൻ ആ കസ്റ്റമറുടെ ഓഫീസിൽ ഫോൺചെയ്തു നോക്കാം. അല്ലെങ്കിൽ ചേച്ചി തന്നെ ഫോൺ ചെയ്തോളു. ഞാൻ നമ്പർ തരാം. 366543. ആള്ടെ പേര് തോമസ് എന്നാണ്. തോമസ് കുര്യൻ. എന്താ വിശേഷം ഒന്നും ഇല്ല്യല്ലൊ.
വിമല: ഏയ് ഒന്നംല്ല്യ. എന്താണ് നമ്പർ? ഒന്നുകൂടി പറയു.
മോളി: 366543. പേര് തേമസ് കുര്യൻ.
വിമല: താങ്ക്സ് (ഫോൺ വെക്കുന്നു, വീണ്ടും ഡയൽ ചെയ്യുന്നു.)
വിമല: (നീലിമയോട്) ചേട്ടൻ ഓഫീസിൽ നിന്ന് പോയിരിക്ക്യാണ്. ഒരു കസ്റ്റമറെ കാണാൻ.
തോമസിന്റെ ഓഫീസ്. ഫോൺ ശബ്ദിക്കുന്നു. ഒരു മദ്ധ്യവയസ്ക എടുക്കുന്നു.
മദ്ധ്യവയസ്ക: ഹല്ലോ–
വിമല: മി. തോമസ് കുര്യനെ വേണം.
മദ്ധ്യവയസ്ക: പോയല്ലൊ.
വിമല: ഹല്ലോ, എബി. ട്രേഡിംഗ് കമ്പനിന്ന് ഒരു വിജയൻന്ന് പറയണ ആള് തോമസ്സാറിനെ അന്വേഷിച്ച് അവിടെ വന്നിട്ടുണ്ടോ?
മദ്ധ്യവയസ്ക: തോമസ്സാറ് നാലുമണിക്ക് ആരുടേയോ ഒപ്പം പോണ കണ്ടു.
വിമല: ഇനി എപ്പോഴാണ് തിരിച്ചുവരുക?
മദ്ധ്യവയസ്ക: അറിയില്ല.
ഫോൺ വെക്കുന്നു.  വിമല  ഫോൺ ദ്വേഷ്യത്തോടെ നോക്കുന്നു.

cut to.

സീൻ – 88:

ബാറിൽ വിജയനും തോമസും മേശയ്ക്കിരു വശത്തും ഇരിക്കുന്നു. തോമസ്സിനു മുമ്പിൽ ഒരു ഫുൾ ഗ്ലാസ്സിൽ വിസ്കി. വിജയൻ കുടിക്കുന്നില്ല.
തോമസ്: അപ്പോൾ അതാണ് സംഭവം. ഞാൻ ടെക്നിക്കൽ സ്പെസിഫിക്കേഷൻ ഇട്ടിരിക്കുന്നത് നിങ്ങളുടെ പ്ലാന്റിന്റെതാണ്. അതിലെ പല ഫീച്ചറും അവരുടെ പ്ലാന്റിനില്ല. മറിച്ചും അതെ. പക്ഷെ ഒരു എന്റ് യൂസർ എന്ന നിലയ്ക്ക് എന്റെ റെക്കമെന്റേഷനെ അവർ സ്വീകരിക്കും. ഫൈനൽ ഇംപ്ലിമെന്റേഷനിൽ എന്തെങ്കിലും കുഴപ്പം വന്നാൽ അവരുടെ കൈപൊള്ളും. ഗവർമ്മേണ്ടല്ലെ? ആരെങ്കിലും റിസ്ക് എടുക്കുമോ? താൻ പോയി ഡെന്നിസാറിനോട് പറെ ഓർഡർ എങ്ങും പോവത്തില്ലെന്ന്.
വിജയൻ അസ്വസ്ഥനാവുന്നുണ്ട്, ഇടയ്ക്കിടയ്ക്ക് വാച്ചു നോക്കുന്നു. ചുമരിൽ തൂക്കിയിട്ട ക്ലോക്കിൽ സമയം അഞ്ചേകാല്. തോമസ് നിർത്താനുള്ള ഭാവമൊന്നുമില്ല. ഗ്ലാസ് കാലിയാക്കി വെയ്റ്ററെ വിളിക്കുന്നു. വെയ്റ്റർ വരുന്നു.
തോമസ്: എടൊ, ഒരു ലാർജ്ജും കൂടി എടുക്ക്. പിന്നെ വറുത്ത കശുവണ്ടിയില്ലെ? ഒരു പ്ലേയ്റ്റിൽ കൊണ്ടുവാ. മെനുവും എടുത്തുകൊണ്ടുവാ.
വെയ്റ്റർ: ശരി സർ.
തോമസ്: വിജയനും എന്തെങ്കിലും കഴിക്ക്. ഒരു ലൈംജ്യൂസ് കോർഡ്യലായാലോ?
വിജയൻ: ഏയ് വേണ്ട.
വെയ്റ്റർ മെനുപുസ്തകം കൊണ്ടുവന്നു വെക്കുന്നു.
വിജയൻ: ഞാൻ ഒരു ചീസ് സാന്റ് വിച്ചും ഫ്രെഷ് ലൈമും കഴിക്കാം.
വെയ്റ്റർ പോയി ട്രേയിൽ നിറച്ച ഗ്ലാസ് കൊണ്ടുവരുന്നു. ഒരു പ്ലെയ്റ്റിൽ അണ്ടിപ്പരിപ്പും.
തോമസ്: (മെനു എടുത്തു നിവർത്തുന്നു.) എടോ എനിക്ക് ചിക്കൻ ടിക്ക. അത് ഗ്രേവിയോടു കൂടി ഉണ്ടാക്കുന്നില്ലെ?
വെയ്റ്റർ: ഉണ്ട് സർ.
തോമസ്: അതും നാണും. ഈ സാറിന് ചീസ്സാന്റ്‌വിച്ചും ഫ്രെഷ് ലൈമും.
വെയ്റ്റർ: ശരി സർ (മെനു മടക്കി എടുത്തു കൊണ്ടുപോകുന്നു.)
വിജയൻ: അക്ഷമനായി ക്ലോക്ക് നോക്കുന്നു. സമയം 5 1/2

cut to.

സീൻ – 89:

നീലിമയുടെ മാളിക. നീലുവിന്റെ കിടപ്പറ. അമ്മമ്മ നീലുവിന്റെ ഉടുപ്പുകൾ ഓരോന്നോരോന്നായി മടക്കുന്നു. മുഖത്ത് വ്യസനം. ഏതാനും ഉടുപ്പുകൾ മടക്കിവെച്ച് പെട്ടെന്ന് കട്ടിലിന്മേൽ ഇരിക്കുന്നു. കയ്യിലുള്ള ഉടുപ്പ് മാറോട് ചേർത്തുപിടിക്കുന്നു. കണ്ണിൽ ജലം ഊറി കവിളിലൂടെ ഒഴുകുന്നു. നീലിമ കടന്നു വരുന്നു.
നീലിമ: (അമ്മമ്മയെ ഒരു നിമിഷം നോക്കി നിൽക്കുന്നു.) എന്താ ഇത് അമ്മമ്മേ? മോശം. അമ്മമ്മ കരയ്യാണോ?
അമ്മമ്മ: (കണ്ണീരു തുടക്കുന്നു.) മോളെ വിജയേട്ടനെ കണ്ടോ?
നീലിമ: ഇല്ല്യമ്മേ വിജയേട്ടൻ ഓഫീസിലില്ല. ഞാനും വിമലച്ചേച്ചീം കൂടി ഫോൺ ചെയ്തു. എവിട്യാണ്ന്ന് ആർക്കും അറിയില്ല. സാരല്യ അമ്മമ്മേ. അല്ലെങ്കിലും വിജയേട്ടന് എന്നെ ഒരു ഇഷ്ടോംല്യ.
അമ്മമ്മ: അങ്ങിനെ പറയരുത് മോളെ. മോളെ ഇഷ്ടംള്ളതുകൊണ്ടല്ലെ ശാസിച്ചത്. മോള് കേടുവന്നു പോകരുതെന്നുള്ളതുകൊണ്ടല്ലെ? നെന്നെ ശാസിക്കാനും ശിക്ഷിക്കാനും ഒക്കെള്ള അവകാശം വിജ

യേട്ടൻ സ്നേഹം വഴി നേടിയെടുത്തതല്ലെ?
നീലിമയുടെ മുഖം മങ്ങുന്നു. വീണ്ടും കരയാനുള്ള ഭാവത്തിലാണ്. അവൾ കട്ടിലിൽ ഇരിക്കുന്നു.
അമ്മമ്മ: മോളെ പുറപ്പെടാൻ നോക്ക്. സമയം അഞ്ചുമണിയായി. ആറിനല്ലെ ബസ്സ്. ചെറിയച്ഛൻ 5, 5 1/2 ക്കു വന്നാൽ ഉടനെ പോവും എന്നാണ് എഴുതിയിരിക്കുന്നത്.
നീലിമ അർദ്ധമനസ്സോടെ എഴുന്നേൽക്കുന്നു.

cut to.
സീൻ – 90:
ബാറിൽ തോമസും വിജയനും. തോമസിന്റെ ഭക്ഷണം തകൃതിയായി നടക്കുന്നു. അല്പസ്വല്പം തലക്കു പിടിച്ചിട്ടുണ്ട്. വിജയൻ ക്ലോക്കിൽ നോക്കുന്നു. പിന്നെ വാച്ചിലേക്കും. സമയം 5–45.
തോമസ്: എന്താ വിജയൻ വാച്ചു നോക്കുന്നത്? (നാവ് അല്പം കുഴഞ്ഞിരിക്കുന്നു.) എന്താ, പോവാൻ ധൃതിയുണ്ടോ!
വിജയൻ: ഏയ് എന്തു ധൃതി?
തോമസ്: അതാ പറഞ്ഞത്. ധൃതിപ്പെട്ടിട്ടൊന്നും കാര്യമില്ല. ഈ ലോകംല്ലെ അത് അതിന്റെ വഴിക്കങ്ങുപോകും താൻ ഡെന്നിസാറിനോട് പറ ഓർഡർ എവിടെയും പോവത്തില്ലെന്ന് (ഉറക്കെ) വെയ്റ്റർ.
വെയ്റ്റർ വരുന്നു.
തോമസ്: ഒരു ലാർജ്കൂടെ എടുക്ക്.
വെയ്റ്റർ: ശരി സർ (പോകുന്നു.)
വിജയൻ: തോമസ്സർ, ഓവറാകുകയൊന്നും ഇല്ലല്ലൊ.
തോമസ്: ഓവറോ (വയർ തട്ടിക്കൊണ്ട്) ഇതൊരു വീപ്പയാണ് വീപ്പ.
വിജയൻ ക്ലോക്കിൽ നോക്കുന്നു. സമയം ആറിന് അഞ്ചുമിനിറ്റ്.

cut to.
സീൻ – 91:
നീലിമയുടെ വീടിന്റെ തളം. ഒരു സൂട്ട് കേസ് സോഫയുടെ അടുത്ത് വെച്ചിട്ടുണ്ട്. സോഫയിൽ നീലിമയുടെ ചെറിയച്ഛൻ ഇരിക്കുന്നു. അല്പം കഷണ്ടി കയറിയ മെലിഞ്ഞ പ്രകൃതം. അമ്മമ്മ എതിർവശത്തിരിക്കുന്നു.
നീലിമ കുറച്ചു കാസറ്റുകളുമായി അകത്തു നിന്നു വരുന്നു.
നീലിമ: അമ്മമ്മേ ഞാൻ വിജയേട്ടൻ വന്നിട്ടുണ്ടോ എന്നു നോക്കി ഇപ്പൊ വരാം.
അമ്മമ്മ: സമയം അഞ്ചേമുക്കാലായിട്ടോ മോളെ.
ചെറിയച്ഛൻ: നീലു, ആറേകാലിന് അവിടെ എത്തണം. ആറരക്കാണ് ബസ്സ് പുറപ്പെടുക. ഇനി അവസാന നിമിഷത്തിൽ നിന്നെ അന്വേഷിച്ച് നടക്കാനൊന്നും പറ്റില്ല. വേഗം വരണം.
നീലിമ: ഞാനിപ്പോൾ വരാം ചെറിയച്ഛാ.

cut to.
സീൻ – 92:
വിമലയുടെ വീട്ടിൽ. വിമല വാതിൽക്കൽ കാത്തുനിൽക്കുന്നു. നീലിമ നടന്നടുക്കുകയാണ്.
വിമല: നല്ല ഉടുപ്പ് . നീലു ശരിക്കും ഒരു മാലാഖയായിരിക്കുന്നു.
നീലിമ: വിജയേട്ടൻ വന്നില്ലെ?
വിമല: ഇല്ല.
രണ്ടുപേരും അകത്തു പോകുന്നു.
നീലിമ: ഈ കാസറ്റുകളെല്ലാം ഞാൻ വിജയേട്ടന് കൊടുക്കാൻ കൊണ്ടുവന്നതാണ്.
മേശപ്പുറത്തു വെക്കുന്നു.
വിമല: എത്ര മണിക്കാണ് ബസ്സ്?
നീലിമ: ആറേകാലിന് അവിടെ എത്തണം ആറരയ്ക്കാണ് പുറപ്പെടുന്നത്.
വിമല: ഇപ്പോൾ സമയം ആറായല്ലൊ. അപ്പൊ അധികം സമയംല്ല്യ.
നീലിമ മേശക്കരികെ ഇട്ട കസേരയിൽ കവിളിൽ കയ്യും കൊടുത്തിരിക്കുന്നു.
നീലിമ: വിജയേട്ടനെ കാണാതെ ഞാൻ പോണില്ല്യ.
വിമല: അയ്യോ, ടിക്കറ്റൊക്കെ ബുക്ക് ചെയ്തിട്ട് (നീലിമ ഇടയ്ക്കിടയ്ക്ക് വാതിൽക്കലേക്ക് നോക്കുന്നുണ്ട്) അജിത് വരുന്നുണ്ട്.
അജിത്: നീലു പോവ്വാണോ?
നീലിമ അവനെ കെട്ടിപ്പിടിക്കുന്നു.
നീലിമ: അതേ മോനെ. മേന്റെ ടീച്ചറ് പോവ്വാണ്.
അജിത് നാണംകൊണ്ട് കുതറി മാറുന്നു.
വിമല: ഇനിയും ഇരിക്കുന്നതിന് അർത്ഥല്ല്യ. മോള് പൊയ്ക്കോ. വിജയേട്ടൻ വന്നാൽ ഞാൻ അങ്ങോട്ട് വരാം.
നീലിമ: എനിക്കൊരു പേപ്പറും പെന്നും തരു. ഞാനൊരു കത്തെഴുതി വെക്കട്ടെ.

അജിത് കടലാസും പെന്നും കൊടുക്കുന്നു. നീലിമ എഴുതുന്നു. കത്തും കാസറ്റുകളും മേശപ്പുറത്തു വെക്കുന്നു

നീലിമ: മോളെ ഇനി പോവാൻ നോക്കു.

നീലിമ: വിജയേട്ടൻ ആറരമണിക്കുള്ളിൽ വരുവാണെങ്കിൽ ബസ്സ്റ്റാന്റിൽ വരാൻ പറയുമോ? ഞാൻ നോക്കിയിരിക്കും.

വിമല: ശരി.

നീലിമ എഴുന്നേൽക്കുന്നു. വിമല അവളെ കെട്ടിപ്പിടിച്ച് ഉമ്മ വെക്കുന്നു.

വിമല: പോയി വരു.

നീലിമ: അജിത്, ഗുഡ് ബൈ

വിമലയെ കെട്ടിപ്പിടിച്ച് കവിളിൽ ഉമ്മവച്ചശേഷം പോകുന്നു. പടിക്കൽ എത്തി തിരിഞ്ഞുനോക്കുന്നു. കൈവീശി തിരിഞ്ഞു നടക്കുന്നു.

cut to.

സീൻ – 93:

ബാറിൽ തോമസ് കുടിയും തീറ്റയും തന്നെ ക്ലോക്കിൽ സമയം ആറര.

സീൻ – 94:

ഒരു ലക്ഷ്വറി കോച്ച്. നീലിമ ഒരു സൈഡ്സീറ്റിൽ പുറത്തേക്ക് നോക്കിയിരിക്കുന്നു. ഇടയ്ക്കിടയ്ക്ക് സമയം നോക്കുന്നുണ്ട്. സമയം പോകും തോറും അവളുടെ മുഖം ഇരുണ്ടുവരുന്നു. ബസ്സിൽ എല്ലാവരും കയറിക്കഴിഞ്ഞു. കണ്ടക്ടർ എല്ലാവരും കയറിയില്ലെ എന്നു നോക്കുന്നു. നീലിമയുടെ അടുത്ത സീറ്റിൽ ചെറിയച്ഛൻ. നീലിമ പുറത്തേക്ക് തലയിട്ട് ചുറ്റും നോക്കുന്നു. ഇല്ല ആരുമില്ല.

ബസ്സ് ബെല്ലടിക്കുന്നു. ഡ്രൈവർ കയറി സ്റ്റാർട്ടാക്കുന്നു. നീലിമ ഒരിക്കൽ കൂടി പുറത്തേക്ക് തലയിട്ട് നോക്കുന്നു. പിന്നെ പെട്ടെന്ന് മുഖം പൊത്തി കരയുന്നു. ചെറിയച്ഛൻ അവളുടെ പുറത്ത് വാത്സല്യപൂർവ്വം കൈ വെക്കുന്നു.

Fade out

സീൻ – 95:

വിജയനും തോമസും ബാറിൽ നിന്ന് പുറത്തിറങ്ങുന്നു. നേരം ഇരുട്ടിയിരിക്കുന്നു. തെരുവു വിളക്കുകൾ, കടകളിൽ വിളക്കുകൾ. തോമസ് അല്പം ആടുന്നുണ്ട്.

വിജയൻ: സാറിനെ എവിടെയാണ് വിടേണ്ടത്?

തോമസ്: താൻ പൊയ്ക്കോ. എനിക്ക് ഇവിടെ ഇത്തിരി കാര്യം കൂടിയുണ്ട്. (കണ്ണിറുക്കുന്നു.)

വിജയൻ കീശയിൽനിന്ന് നൂറിന്റെ രണ്ടു നോട്ടെടുത്ത് തോമസിന്റെ കീശയിലിടുന്നു.

വിജയൻ: ഇതിരിക്കട്ടെ ടാക്സിക്.

തോമസിനതു കണ്ട ഭാവമില്ല.

വിജയൻ: എന്നാൽ ഞാൻ പോട്ടെ തോമസ് സർ.

തോമസ് കൈകൊണ്ട് പൊയ്ക്കൊള്ളാൻ ആംഗ്യം കാണിക്കുന്നു. വിജയൻ കാറിൽ കയറുന്നു

Fade out

സീൻ – 96:

വിജയന്റെ പടിക്കൽ കാറുനിർത്തി വിജയൻ ഇറങ്ങുന്നു. കാറ് വിടുന്നു. പടികടന്ന് വിജയൻ നടക്കുന്നു. വീട് ഒരു മാതിരി ഇരുട്ടിലാണ്. വിജയൻ തെല്ലൊരത്ഭുതത്തോടെ നടന്നടുക്കുന്നു. വീടിന്റെ വാതിൽ തുറന്നിട്ടിരിക്കയാണ്. തുറന്ന വാതിലിലൂടെ അകത്തു കയറുന്നു. അകത്ത് നേരിയ വെളിച്ചമേയുള്ളു. വിമല സോഫയിൽ ഇരിക്കുകയാണ്.

വിജയൻ: എന്താണ് ലൈറ്റിടാതെ ഇരിക്കുന്നത് ?

വിമല: എന്താ ഇത്ര നേരം വൈകിയത്?

വിജയൻ: ഒരു കസ്റ്റമർ പിന്നാലെ കൂടി ഒഴിവാക്കാൻ പണിപ്പെട്ടു.

വിജയൻ സ്വിച്ചിടാൻ കൈയ്യോങ്ങുന്നു.

വിമല: നമ്മുടെ നീലു പോയി.

വിജയൻ സ്വിച്ചിടാതെ പെട്ടെന്ന് നിൽക്കുന്നു.

വിജയൻ: എന്താ പറഞ്ഞത്?

വിമല: നീലു തിരിച്ചു പോയി, കാനഡയിലേക്ക്.

വിജയൻ: (സോഫയിൽ ഇരിക്കുന്നു.) എന്താ ഇത്ര പെട്ടെന്ന്?

വിമല: എന്തോ ഇമിഗ്രേഷൻ പ്രോബ്ലമാത്രെ. അവൾക്ക് ഇവിടെ പഠിക്കാൻ പറ്റില്ലാന്ന്. വിസടെ കാലാവധി നാളെ തീരും. ഇന്ന് അവളുടെ ചെറിയച്ഛൻ ബാംഗ്ലൂർ വഴി ബോംബെക്ക് പോകുന്നുണ്ട്. അയാളുടെ ഒപ്പം അവളും പോയി. ആറരക്കായിരുന്നു ബസ്സ്. ഇപ്പോൾ സമയം എത്രയായി?

വിജയൻ: (വാച്ചു നോക്കുന്നു) ഏഴ്.

വിമല: നിങ്ങളെ കൊറെ കാത്തു. ഇന്നു മുഴുവൻ ഇവിടെത്തന്ന്യായിരുന്നു. ഓഫീസിലേക്ക് ഫോൺ ചെയ്തു നോക്കി കിട്ടിയില്ല.

വിജയൻ: ഞാൻ ഇന്ന് ഓഫീസിൽ ഉണ്ടായിരുന്നില്ലാന്നു തന്നെ പറയാം.

വിമല: പാവം കൊറെ കരഞ്ഞു. വിജയേട്ടനോട് ഗുഡ്ബൈ പറയാതെ പോവില്ലെന്നൊക്കെ പറഞ്ഞു. ഒരു കത്തെഴുതി വെച്ചിട്ടുണ്ട്. കൊറെ കാസറ്റും വെച്ചു പോയിട്ടുണ്ട്.

വിജയൻ  കത്തെടുത്ത് വായിക്കുന്നു. നീലിമയുടെ ശബ്ദത്തിൽ കത്ത്.

ഡിയർ ചേട്ടൻ,

ഞാൻ കുറെ കാത്തു. ചേട്ടൻ വന്നില്ല. ഞാൻ പോകുന്നു. ചേട്ടൻ എന്നോട് പിണങ്ങരുത്. ഞാൻ ചീത്തയല്ല. കുറച്ച് കാസറ്റുകൾ വെക്കുന്നു, എന്നെ ഓർമ്മിക്കാൻ. ഗുഡ് ബൈ.

ചേട്ടന്റെ രാജകുമാരി

വിജയൻ കത്തും കയ്യിൽ വെച്ച് ഇരിക്കുന്നു. ജനലിലൂടെ വരുന്ന നേരിയ വെളിച്ചത്തിൽ വിജയന്റെ മുഖം കാണാം. കണ്ണുകൾ ഉരുണ്ടുകൂടുന്നു. ജലകണങ്ങൾ തുടച്ചുകളയാൻ മിനക്കെടുന്നില്ല. കുറച്ചു സമയത്തിനുശേഷം അയാൾ എഴുന്നേൽക്കുന്നു.

പശ്ചാത്തലം ഇപ്പോൾ നിശ്ശബ്ദമാണ്. ക്രമേണ ഒരു കീ കീ ശബ്ദം കേൾക്കുന്നു. സാവധാനത്തിൽ ആ ശബ്ദം കൂടുതൽ സ്പഷ്ടമായി കേൾക്കുന്നു. വിജയൻ അതു ശ്രദ്ധിക്കുന്നു. അതിന്റെ ഉത്ഭവം അന്വേഷിച്ച് അജിതിന്റെ വാതിൽക്കൽ പോയി നോക്കുന്നു. അവിടെ അജിത് ജനലിലൂടെ വരുന്ന അരുണ്ട വെളിച്ചത്തിൽ വീഡിയോ ഗെയിം കളിക്കുകയാണ്. കാമറ അവന്റെ മ്ലാനമായ മുഖത്ത് ഒരു നിമിഷം ഫോക്കസ് ചെയ്യണം.

അജിത് വിജയനെ ശ്രദ്ധിക്കുന്നില്ല.

അയാൾ തിരിച്ചു വന്ന് ടേപ്പ് റിക്കാർഡർ ഓണാക്കുന്നു. അതൊരു ബോധപൂർവ്വമായ പ്രവർത്തിയല്ലെന്നു സ്പഷ്ടം. പെട്ടെന്ന് പക്ഷെ ഒരു ബ്രേയ്ക്ക് ഡാൻസിന്റെ ബീറ്റ് വരുന്നു. അയാൾ ടേപ്പ് റിക്കാർഡർ ഓഫാക്കുന്നു. ടേപ്പ് റിക്കാർഡർ ഒരു ടവ്വലെടുത്ത് തുടക്കുന്നു. എന്താണ് ചെയ്യേണ്ടതെന്നറിയാതിരിക്കുമ്പോൾ ചെയ്യുന്ന പ്രവർത്തിയാണെന്ന് വ്യക്തം. മേശവലിപ്പ് തുറന്ന് ഒരു പഴയ റഫി കാസറ്റെടുത്ത് റെക്കോർഡറിൽ ഇടുന്നു. ഓണാക്കാൻ നോക്കുന്നു. പിന്നെ ആ ശ്രമം ഉപേക്ഷിച്ച് തിരിച്ച് സോഫയിൽ വന്നിരിക്കുന്നു. പതുക്കെ കൈ രണ്ടും തലയിൽ വെച്ച് മുഖം കാണിക്കാതെ കുമ്പിട്ടിരിക്കുന്നു.

കാമറ സാവധാനത്തിൽ സൂം ചെയ്ത് വിജയനെ ഫോക്കസ് ചെയ്യുന്നു. പിന്നെ സാവധാനത്തിൽ fade out.